2014 ആഗസ്റ്റ് 10
വാല്യം 07
ലക്കം 15

ബിലീവേഴ്സ് ജേണൽ
BELIEVERS JOURNAL

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA 225/2012 - 14 Annual Subscription Rs.150/- Pages:12

# ഐ. പി. സി. ഫാമിലി കോൺഫറൻസ് സമാപിച്ചു

**ഹൂസ്റ്റൺ:** 12-ാമത് ഐ. പി. സി ഫാമിലി കോൺഫറൻസിന് അനുഗ്രഹ സമാപ്തി. ജൂലൈ 24 – 27 വരെ ഹൂസ്റ്റൺ ക്രൗൺ പ്ലാസാ ഹോട്ടലിലായിരുന്നു സമ്മേളനം നടന്നത്. ജനപങ്കാളിത്വം കൊണ്ടും പ്രോഗ്രാമുകൾ കൊണ്ടും മികച്ച കോൺഫറൻസായിരുന്നു ഇത്തവണ നടന്നത്. മെച്ചപ്പെട്ട ക്രമീകരണങ്ങളായിരുന്നു കോൺഫറൻസിനായി തയ്യാറാക്കിയത്. പാസ്റ്റർ ഏബ്രഹാം കൈതോലിൽ (കൺവീനർ), ബ്രദർ രാജു പൊന്നോലിൽ (സെക്രട്ടറി), ബ്രദർ ചാക്കോ സ്റ്റീഫൻ (ട്രഷറർ), ഏബ്രഹാം മോനീസ് ജോർജ് (യൂത്ത് കോർഡിനേറ്റർ), സിസ്റ്റർ ബീനാ നൈനാൻ (ലേഡീസ് കോർഡിനേറ്റർ) എന്നിവരുടെ നേതൃത്വത്തിലുള്ള കമ്മറ്റിയാണ് കോൺഫറൻസിന് നേതൃത്വം നൽകിയത്. പാസ്റ്റേഴ്സ് റ്റി. ഡി. ബാബു, ജേക്കബ് ജോൺ, ബേബി വർഗ്ഗീസ്, സാം ജോർജ്, വൽസൻ ഏബ്രഹാം, രാജു മേത്ര, മോറീസ് സാംസൺ, മോനീസ് ജോർജ്, കുഞ്ഞപ്പൻ സി.വർഗ്ഗീസ്, ബാബു തോമസ്, എബി പീറ്റർ, ജേക്കബ് മാത്യു, ജോൺ കെ.മാത്യു, കെ.ജെ. കുര്യാക്കോസ്, റ്റോം ഏബ്രഹാം, ജോൺ ചാക്കോ, തുടങ്ങിയവർ പ്രസംഗിച്ചു.

ഞായറാഴ്ച നടന്ന ആരാധനയിൽ പാസ്റ്റർ ശാമുവേൽ ജോൺ അദ്ധ്യക്ഷനായിരുന്നു. പാസ്റ്റർ ജെയിംസ് ജോർജ് പ്രസംഗിച്ചു. പാസ്റ്റർ തോമസ് വി.കോശി കർത്തൃമേശ ശുശ്രൂഷക്ക് നേതൃത്വം നൽകി. പാസ്റ്റേഴ്സ് കെ.സി. ജോൺ, ജോർജ്ജ് സി. വർഗ്ഗീസ് എന്നിവർ സഹശുശ്രൂഷകരായിരുന്നു. സമാപന സമ്മേളനത്തിൽ പാസ്റ്റർ ഷാജി ദാനിയേൽ അദ്ധ്യക്ഷനായിരുന്നു. പാസ്റ്റർ വൽസൻ ഏബ്രഹാം, പാസ്റ്റർ ജേക്കബ് ജോൺ എന്നിവർ പ്രസംഗിച്ചു. 4000-ാം ത്തോളം ആളുകൾ പങ്കെടുത്തു.

# ഇനി ബില്ലിഗ്രഹാമിന്റെ നാട്ടിൽ

## പി. സി. എൻ. എ. കെ. 2015 ഒരുക്കങ്ങൾ ആരംഭിച്ചു



പാസ്റ്റർ ബിനു ജോൺ (കൺവീനർ), ബ്രദർ നിബു സ്റ്റീഫൻ (ജനറൽ കോർഡിനേറ്റർ), ബ്രദർ ടോം വർഗ്ഗീസ് (സെക്രട്ടറി), ബ്രദർ റെജി ഏബ്രഹാം (ട്രഷറർ), ബ്രദർ ബിജോ തോമസ് (യൂത്ത് കോർഡിനേറ്റർ)

**33-ാമത്** പി. സി. എൻ. എ. കെ. ബില്ലിഗ്രഹാമിന്റെ നാട്ടിൽ നടക്കും. മലയാളി പെന്തെക്കോസ്തുകാരുടെ സംയുക്ത കൂട്ടായ്മയായ പി. സി. എൻ. എ. കെ.യുടെ 33-ാമത് സമ്മേളനം കരോലിന പട്ടണത്തിൽ 2015 ജൂലൈ 2-5 വരെ നടക്കും. അമേരിക്കയിലും കാനഡയിലുമുള്ള പെന്തെക്കോസ്തുകാരായ മലയാളികളുടെ കൂട്ടായ്മ 32 വർഷങ്ങൾ മുമ്പാണ് ആരംഭിച്ചത്. പാസ്റ്റർ ബിനു ജോൺ (കൺവീനർ), ബ്രദർ നിബു സ്റ്റീഫൻ (ജനറൽ കോർഡിനേറ്റർ), ബ്രദർ ടോം വർഗ്ഗീസ് (സെക്രട്ടറി), ബ്രദർ റെജി ഏബ്രഹാം (ട്രഷറർ), ബ്രദർ ബിജോ തോമസ് (യൂത്ത് കോർഡിനേറ്റർ), ബ്ര. ജോൺ ഐസക് (മീഡിയ കോർഡിനേറ്റർ), പാ. ടോമി ജോസഫ്, ഫിൽസൻ തോമസ് (പ്രെയർ കോർഡിനേറ്റേഴ്സ്) എന്നിവരാണ്

05

# ഐ.പി.സി സ്റ്റേറ്റ് കൺവൻഷൻ ഡിസംബർ 3 – 7 വരെ നിലമ്പൂരിൽ

## പാസ്റ്റർ പ്രതാപ് സിംഗ് ചെന്നൈ മുഖ്യപ്രഭാഷകൻ

ജോജി ഐപ്പ് മാത്യുസ്

**കുമ്പനാട്:** ഇന്ത്യ പെന്തക്കോസ്ത് ദൈവസഭ മൂന്നാം സ്റ്റേറ്റ് കൺവൻഷൻ 2014 ഡിസംബർ 3 മുതൽ 7 വരെ നിലമ്പൂരിൽ നടക്കും. പാലുണ്ട ന്യൂഹോപ്പ് ബൈബിൾ കോളേജ് ഗ്രൗണ്ടിൽ നടക്കുന്ന കൺവൻഷനിൽ പാസ്റ്റർ പ്രതാപ് സിംഗ് ചെന്നൈ ആണ് മുഖ്യപ്രഭാഷകൻ.

മൂന്നിന് വൈകിട്ട് ആറിന് സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ.സി തോമസ് ഉദ്ഘാടനം ചെയ്യും. അന്ന് പകൽ പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് റവന്യു ജില്ലകൾ ഉൾപ്പെടുന്ന മലബാർ മേഖലയിലെ ശുശ്രൂഷക സമ്മേളനം നടക്കും. ഏഴിന് രാവിലെ സംയുക്ത സഭായോഗവും സമാപന സമ്മേളനവും നടക്കും.



പാസ്റ്റർ പ്രതാപ് സിംഗ്

ജൂലൈ 15,22 തീയതികളിലായി നിലമ്പൂരും കുമ്പനാട്ടും നടന്ന കൗൺസിലുകളിലും പ്രവർത്തക സമ്മേളനങ്ങളിലുമായി വിപുലമായ പ്രവർത്തനങ്ങൾക്ക് കമ്മിറ്റി രൂപീകരിച്ചു. കൺവൻഷന് മുമ്പായി മലബാറിന്റെ വിവിധ ഭാഗങ്ങളിൽ പ്രമോഷണൽ മീറ്റിംഗുകൾ നടക്കും. വിവിധ സെക്ഷനുകൾക്ക് പാസ്റ്റർമാരായ രാജു പൂവക്കാല, ഫിലിപ്പ് പി. തോമസ്, ഷിബു നെടുവേലിൽ, ട്രഷറർ സണ്ണി മുളമൂട്ടിൽ, എൽ.കെ. റോയി, കൗൺസിൽ അംഗങ്ങൾ, മലബാറിലെ സെന്റർ പാസ്റ്റർമാർ എന്നിവർ നേതൃത്വം നൽകുമെന്ന് മീഡിയ കൺവീനർമാരായ ഫിന്നി പി. മാത്യു, ജോജി ഐപ്പ് മാത്യൂസ് എന്നിവർ അറിയിച്ചു.

കൺവൻഷൻ കമ്മിറ്റി ഭാരവാഹികൾ: പാസ്റ്റർ വി.ജെ. ജോർജ് (രക്ഷാധികാരി), പാസ്റ്റർ കെ.സി.തോമസ് (ജനറൽ കൺവീനർ), പാസ്റ്റർ രാജു പൂവക്കാല, പാസ്റ്റർ ജോൺ

04

# ഒരു നൂറ്റാണ്ടിന്റെ കഥ പറയുന്ന

## പി. ആർ. ഡി. എസ്.സഭ

ജെയ്സ് പാണ്ടനാട്




മാധ്യമപ്രവർത്തകരായ ജെയ്സ് പാണ്ടനാട്, ജെ. സി. ദേവ്, റെണാൾഡ് എന്നിവർ PRDS ചർച്ചിന്റെ പാസ്റ്റർ, വിശ്വാസികൾ എന്നിവരോടൊപ്പം ഹാളിനു മുന്നിൽ

**കോട്ടയം:** PRDS സ്ഥാപകനായ പൊയ്കയിൽ യോഹന്നാന്റെ നിര്യാണത്തിനുശേഷം ഇന്നും പെന്തെക്കോസ്തുകാരായി തുടരുന്ന സഭകൾ കേരളത്തിലുണ്ട്. കോട്ടയം ജില്ലയിലെ തോട്ടയ്ക്കാട്ടും (കൊടുവേലിൽ) പാത്താമുട്ടത്തുമാണ് PRDS ചർച്ച് എന്ന പേരിൽ പെന്തെക്കോസ്ത് സഭകളുള്ളത്. ബൈബിളിൽ അധിഷ്ഠിതമായ അപ്പൊസ്തലിക ഉപദേശങ്ങളിൽ വിശ്വസിക്കുന്ന PRDS പെന്തെക്കോസ്ത് വിഭാഗം ബൈബിളിന്റെ ആധികാരി

09

## സാക്ഷി



കേരളത്തിലെ സഭകളിൽ കോടതി വ്യവഹാരം വർദ്ധിക്കുന്നു.

*ദർശനം നഷ്ടപ്പെടുമ്പോൾ സഭയിൽ സംഭവിക്കുന്ന കാര്യം മാത്രം.*

# അശ്ലീലസാഹിത്യം ഇന്ത്യൻ യുവത്വത്തെ കീഴടക്കുന്നു: പഠനങ്ങൾ

പ്രകാശ് പി. കോശി

ഇന്ത്യയിലെ യുവജനങ്ങളെ ഗ്രസിച്ചുകൊണ്ടിരിക്കുന്ന ഏറ്റവും വലിയ പ്രശ്നം തൊഴിലില്ലായ്മയോ, സാമ്പത്തിക പരാധീനതകളോ അല്ല പകരം അശ്ലീല സാഹിത്യത്തോട് (pornography) ഉള്ള ആസക്തിയാണെന്ന് ചില പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. മൈസൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന റെസ്ക്യു എന്ന സംഘടനയാണ് ഗോവയിലെ പ്രമുഖ കോളേജുകളിലെ വിദ്യാർത്ഥികളുടെ ഇടയിൽ പഠനം നടത്തിയത്. ഇത് പ്രകാരം വിദ്യാർത്ഥികൾ 76% പേരും ബലാൽസംഗത്തിന്റെ




വീഡിയോകൾ കാണുന്നവരാണ്. ഇത് മൂലം ഈ ഹീനമായ കുറ്റകൃത്യം ചെയ്യാൻ അവർക്ക് പ്രേരണയുണ്ടാകുന്നു എന്ന് പഠനത്തിൽ പങ്കെടുത്ത മിക്കവരും പറയുന്നു. സ്മാർട്ട്ഫോണും, 3Gയും ബ്രോഡ്ബാന്റും ഇന്ത്യയിലെ നല്ലൊരു പക്ഷം യുവജനങ്ങളെ ഈ പുതിയ ആസക്തിയിലേക്ക് തള്ളിവിടുന്നു.

കഴിഞ്ഞ ചില വർഷങ്ങളായി ഇന്ത്യയിൽ ബലാൽസംഗകേസുകൾ ഭീകരമായ രീതിയിൽ വർദ്ധിക്കുന്നു. ഇതിലെ മിക്ക കുറ്റവാളികളും pornographyക്ക് അടിമകളാണ്. പ്രമാദമായ മുംബൈ ശക്തിമിൽ മാനഭംഗകേസിലെ മുഖ്യ പ്രതികൾ ഇത്തരം വീഡിയോകൾ കണ്ടുകൊണ്ട് ആണ് സ്ത്രീകളെ ആക്രമിച്ചത്. അടുത്തയിടെ നടന്ന ബാംഗ്ലൂർ മാനഭംഗകേസിലെ, ആറു വയസുകാരിയെ പീഡിപ്പിച്ച മുഖ്യ പ്രതി മുസ്തഫ porn-ന് അടിമയായിരു

04

ബിലീവേഴ്സ് ജേണൽ
പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ
വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്
ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി
കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം

ബിലീവേഴ്സ് ജേണൽ
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in

# മിഷൻ തന്നെ പ്രധാനം




നമ്മുടെ പ്രസ്ഥാനങ്ങളുടെ പോക്കുകാണുമ്പോൾ വളരെ ദുഃഖം തോന്നുകയാണ്. അതുകൊണ്ടു തന്നെ എഡിറ്റോറിയലിൽ സഭകളുടെ മടങ്ങി വരവിനായുള്ള ആഹ്വാനം തുടർമാനമായി എഴുതാറുണ്ട്. പ്രസ്ഥാനങ്ങളുടെ ഇന്നത്തെ പോക്കും ദൈവവചനവുമായി ഒരു ബന്ധവും കാണുവാൻ കഴിയുന്നില്ല. ആദിമ സഭയുടെ ലക്ഷ്യം സഭയുടെ നാഥനായ ക്രിസ്തുവിനെ പ്രസാദിപ്പിക്കുക എന്നതായിരുന്നു. ആ ലക്ഷ്യവുമായി ജീവിച്ചു അവർ ത്യാഗപൂർണമായ ജീവിതം നയിച്ചു. പ്രവർത്തിയും ഉപദേശവും അവർക്ക് ഒന്നു തന്നെയായിരുന്നു. ജീവിതത്തിൽ ജാതികൾ ആദ്യമായി സുവിശേഷം സ്വീകരിച്ചു അന്ത്യോക്യാ സഭയിൽ എത്തിയ ബർന്നബാസ് ജനത്തെ ഉപദേശിച്ചത് കർത്താവിനോട് ചേർന്ന് നിൽക്കുവാനാണ് കൊരിന്ത്യ സഭയിൽ ചില അപ്പോസ്തലന്മാരുടെ പക്ഷം പിടിച്ചവരെ പൗലോസ് നിരുത്സാഹപ്പെടുത്തുകയും ശാസിക്കുകയും ചെയ്യുന്നു. ക്രിസ്തു എന്ന ഏകപുരുഷനോട് മാത്രം ചേർന്നിരിക്കുവാനാണ് സഭ എന്ന മണവാട്ടിയോട് പൗലോസ് പ്രബോധിപ്പിക്കുന്നത്. എന്നാൽ ദുഃഖകരമായ സംഗതി ഇന്ന് പെന്തെക്കോസ്ത് പ്രസ്ഥാനങ്ങളിൽ എല്ലാം ഭിന്നതയും നേതാക്കന്മാരുടെ പേരിലുള്ള ഗ്രൂപ്പുകളുടെ ആധിക്യമാണ്. തങ്ങളുടെ സ്വാർത്ഥ താൽപ്പര്യങ്ങൾക്കും മറ്റുള്ളവരോട് പോരടിക്കുവാനുമായും അനുയായി വൃന്ദത്തെ വളർത്തിയെടുത്തിരിക്കുകയാണ് നമ്മുടെ നേതാക്കന്മാർ.

പ്രധാന പെന്തെക്കോസ്ത് പ്രസ്ഥാനങ്ങളിലെല്ലാം ഇതാണ് സ്ഥിതി. പ്രസ്ഥാനത്തിന്റെ പേരിൽ അഭിമാനം കൊള്ളുകയും ചോരത്തിളപ്പോടെ നേതാക്കന്മാർക്കായി പോരടിക്കുകയും ചെയ്യുന്നവർ ഭിന്നിപ്പിക്കപ്പെട്ട ക്രിസ്തുവിനെയാണ് വരച്ചു കാണിക്കുന്നത്. അധികാര കസേര മാത്രം ലക്ഷ്യമിടുന്ന നേതാക്കന്മാർ ബുദ്ധിപൂർവ്വം വളർത്തിയെടുക്കുന്ന ചാവേറുകളായ അനുയായികൾ ഇവിടെ മിടുക്കന്മാരാകും. പക്ഷേ ദൈവസന്നിധിയിൽ അവർക്കു ലഭിക്കുവാൻ പോകുന്നത് വലിയ ശിക്ഷാവിധിയാകും. ഇങ്ങനെ നേതാക്കന്മാരുടെ വലയിൽ അകപ്പെട്ട് സഭാ രാഷ്ട്രീയം കളിച്ച് ജീവിതം തുലച്ച എത്രയോ ചെറുപ്പക്കാരായ ശുശ്രൂഷകർ. ഇങ്ങനെ ആയുധം ആക്കപ്പെടുന്ന പലരും കറിവേപ്പില പോലെ പുറത്താക്കപ്പെടുന്നു. നേതാക്കന്മാരാകട്ടെ ഞാനൊന്നുമറിഞ്ഞില്ലെന്ന മട്ടിൽ സ്റ്റേജുകളിൽ കപട ആത്മീയതയുമായി വിലസുകയും ചെയ്യുന്നു. ഇത്തരം നേതാക്കന്മാരുടെ കപടമുഖം തിരിച്ചറിഞ്ഞിട്ടില്ലാത്ത വിദേശ വിശ്വാസികൾ തങ്ങൾ വിയർപ്പൊഴുക്കി നേടുന്നത് ഇത്തരക്കാർക്ക് നൽകുകയും ചെയ്യുന്നു. ദുഃഖകരമെന്നു പറയട്ടെ പലപ്പോഴും ഈ പണം സഭാ രാഷ്ട്രീയത്തിലാണ് ചെലവഴിക്കപ്പെടുന്നത്. ഇത്തരക്കാർ സഭയിൽ മറ്റൊരു സംസ്കാരവും കീഴ്വഴക്കവും സൃഷ്ടിച്ചിരിക്കുന്നു. പണം സഭാ പ്രസ്ഥാനങ്ങളെ നിയന്ത്രിക്കുന്നു. ഗുണ്ടകളും അനാത്മീയരും വഴക്കന്മാരും ഭരണകേന്ദ്രത്തിൽ സ്ഥാനമുറപ്പിച്ചിരിക്കുന്നു.

ആത്മീയരെ സഭാ ഭരണത്തിൽ അടുപ്പിക്കാതെ ഇത്തരക്കാർ പിടിമുറുക്കുന്നു. എങ്ങാനും ഒരു ആത്മീയൻ ഭരണത്തിലെത്തിയാൽ അവനെ പുകച്ചു ചാടിക്കുന്നു. ആത്മീയരും പ്രാർത്ഥനാ മനുഷ്യരും നേതൃത്വത്തിലെത്തിയാൽ അവരെ പ്രവർത്തിക്കുവാൻ അനുവദിക്കാത്തവണ്ണം ഇത്തരക്കാർ മേൽക്കൈ നേടിയിരിക്കുന്നു. പ്രസ്ഥാനങ്ങളുടെ ഭൗമിക വളർച്ചയെക്കുറിച്ച് ഘോരഘോരം പ്രസംഗിക്കുകയും അഭിമാനിക്കുകയും ചെയ്യുന്നവർ സഭയുടെ മൂല്യശോഷണത്തെക്കുറിച്ചോ ആത്മീയ അധഃപതനത്തെക്കുറിച്ചോ ദുഃഖിക്കാറില്ല. കോടതി വ്യവഹാരം, വ്യാജക്കത്തുകൾ, കാലുവാരൽ, അഴിമതി ഇവയെല്ലാം ഇന്ന് സർവ്വസാധാരണമായിരിക്കുന്നു. സുപ്രീം കോടതിയിലേക്ക് പോലും നമ്മുടെ കേസുകൾ എത്തുന്നു. സമുദായ സഭകളുടെ കേസുകളുടെ സ്ഥിതി നമ്മുടെ പ്രസ്ഥാനത്തിലുമായിരിക്കുന്നു- ഒരു മേശയ്ക്കു ചുറ്റുമിരുന്ന് പറഞ്ഞു തീർക്കാവുന്ന വിഷയങ്ങളാണ് ചിലരുടെ പിടിവാശിയും സ്വാർത്ഥ താൽപ്പര്യങ്ങളും നിമിത്തം കോടതികളിലേക്ക് വലിച്ചിഴക്കപ്പെടുന്നത്. സുവിശേഷീകരണത്തിനും സഭയുടെ പുരോഗമന പ്രവർത്തനങ്ങൾക്കുമായി ജനം നൽകുന്ന പണം വക്കീലന്മാരുടെ പോക്കറ്റിലെത്തുന്നു.

ഇന്ന് സഭകളുടെ ഇവാഞ്ചലിസം ഡിപ്പാർട്ട്മെന്റ് ശോച്യാവസ്ഥയിലാണ്. അതിനായി ഫണ്ടില്ല എന്നതാണ് വസ്തുത. സ്ഥലം വാങ്ങൽ, കെട്ടിടം പണി ഇതിനെല്ലാം പിരിച്ചെടുക്കുന്നത് കോടികളാണ് നല്ല കാര്യം തന്നെ. എന്നാൽ സഭയുടെ പ്രഥമ പരിഗണന ലഭിക്കേണ്ട സുവിശേഷീകരണത്തിന് എന്തു പ്രാധാന്യതയാണ് ലഭിക്കുന്നത്. സഭ മുൻഗണന നൽകേണ്ട കാര്യങ്ങളുടെ ക്രമം തെറ്റിപ്പോയിരിക്കുന്നു. നമ്മുടെ കർത്താവ് വരുവാൻ സമയം അടുത്തിരിക്കുന്നു. സമാധാനം സമാധാനം എന്നാശ്വസിച്ച് ഉദാസീനതയോടെ ദൈവ സഭയെ നടത്തുന്നവർക്ക് തെറ്റു പറ്റിയിരിക്കുന്നു നമ്മൾ വിളിക്കപ്പെട്ടതെന്തിനെന്നു ഒരു നിമിഷം ഓർത്തിരുന്നെങ്കിൽ?. അത്തി തളിർത്തെങ്കിലും മുന്തിരി കെട്ടിരിക്കുന്നു. നമ്മുടെ ലക്ഷ്യത്തിലേക്ക് മടങ്ങാം.

അമേരിക്കൻ യാത്രാവിവരണം – 2

# ഒബാമയുടെ നാട്ടിലൂടെ

പാസ്റ്റർ സാംകുട്ടി മാത്യു

ഇവിടെ എനിക്ക് രസകരമായി തോന്നിയത് നമ്മുടെ നാട്ടിലേതിൽ നിന്നും തലതിരിഞ്ഞ പരിപാടിയാണിവിടെ പലതുമെന്നാണ്. സ്വിച്ചുകൾ ഓണാക്കുന്നത് മേലേക്കാണ്. കരണ്ടാകട്ടെ 220 നു പകരം 110. അളവും തൂക്കവും എല്ലാം വ്യത്യാസം. മൈലും, ഗാലനും, പൗണ്ടും, ഫാരൻ ഹീറ്റും എല്ലാമായി ആകെ കൺഫ്യൂഷൻ. വണ്ടികളെല്ലാം പായുന്നത് 70-80 മൈൽ സ്പീഡിൽ. കിലോമീറ്ററിലാകുമ്പോൾ 120ലും മുകളിൽ. മീൻകടയിൽ നല്ല ആവോലിയും നെയ്മീനുമൊക്കെ 5 ഡോളർ എന്ന വില കണ്ടപ്പോൾ ഇൻഡ്യൻ കറൻസിയിൽ കൂട്ടിയപ്പോൾ സംഗതി നാട്ടിലേതിനേക്കാൾ ലാഭമാണല്ലോ എന്നുതോന്നി. പക്ഷേ തൂക്കിത്തരുന്നത് പൗണ്ടിലായിരിക്കും (1/2 കി.ലോ.) എന്നുമാത്രം. നാട്ടിലെ ചില പച്ചക്കറിക്കടകളിൽ ചെന്ന് സാധനങ്ങളുടെ വില ചോദിച്ചാൽ അവർ കാൽക്കിലോയുടെ വിലയാണ് പറയുന്നത് കാരണം 1 കിലോ സാധനത്തിന്റെ വിലകേട്ടാൽ ചോദിച്ചവനു ബോധക്ഷയം ഉണ്ടാകുമെന്നു ബുദ്ധിമാനായ കടക്കാരനറിയാം. അത്തരം വിപണന തന്ത്രമായിട്ടാണ് എനിക്ക് ഇവിടെയും തോന്നിയത്. അമേരിക്കയിൽ ഭൂരിപക്ഷവും "ഒരു ഷോ" ആണ്. നമ്മുടെ ആളുകളും അതിന്റെ ഭാഗമായിരിക്കുന്നു.



അറ്റ്ലാന്റായിൽ എല്ലാം ഹരിതാഭമാണ്. എവിടെയും പച്ചപ്പാണ് ധാരാളം വൃക്ഷങ്ങൾ. മനസിനു കുളിർമ തോന്നുന്ന ഇടമാണ് അറ്റ്ലാന്റ. ചരിത്രപ്രാധാന്യമുള്ള ഇടം കൂടെയാണ് ജോർജ്ജിയ സംസ്ഥാനത്തിലെ അറ്റ്ലാന്റാ. ധാരാളം മലയാളികൾ കുടിയേറി പാർത്തിരിക്കുന്ന ഇവിടെ അധികം മലയാളി പെന്തെക്കോസ്ത് സഭകളില്ല.

കൊക്കോ കോളയുടെ ഫാക്ടറിയിൽ സന്ദർശനം നടത്താൻ ലഭിച്ച അവസരം വേറിട്ട അനുഭവമായി. വ്യത്യസ്ത രുചിയിലും വിവിധ രാജ്യങ്ങളിലുമുള്ള കൊക്കോകോളാ പാനീയങ്ങൾ രുചിച്ചു നോക്കാൻ ഇവിടെ അവസരം ഉണ്ട്. കൊക്കോകോളയുടെ ഉത്പാദനവും ബോട്ടിലിംഗും എല്ലാം കാഴ്ചക്കാർക്കായി പ്രദർശിപ്പിക്കുന്നിണ്ടിവിടെ.

സ്റ്റോൺ മൗണ്ടൻ പാർക്ക് നമ്മെ വിസ്മയം കൊള്ളിപ്പിക്കും. ഉയർന്നു നിൽക്കുന്ന പാറകൾ മാത്രമുള്ള മല. എന്നാൽ വിസ്മയക്കാഴ്ച അതല്ല. ആ മലയുടെ ഒരു ഭാഗത്ത് കൊത്തിയുണ്ടാക്കിയിരിക്കുന്ന ഭീമാകാരമായ ചിത്രമാണ്. കുതിരപ്പുറത്തിരിക്കുന്ന ജഫേഴ്സൺ ഡേവിസ്, റോബർട്ട് ഇ. ലീ, തോമസ് ജെ, സ്റ്റോൺ വാൾ ജാക്സൺ എന്നിവരുടെ ചിത്രമാണ് അതിൽ. അമേരിക്കൻ സിവിൽ വാർ കാലത്ത് പ്രസിഡന്റും ജനറൽമാരും ആയിരുന്നു അവർ. അമേരിക്കൻ സിവിൽ വാറിന്റെ സ്മാരകം കൂടിയാണ് ഇത്. 1916ൽ തുടങ്ങി 1972 മാർച്ചിലാണ് ഇതിന്റെ നിർമ്മാണം പൂർത്തിയാക്കിയത് (ഇടയ്ക്ക് 30 വർഷങ്ങൾ പണികൾ മുടങ്ങിയിരുന്നു). 1689 അടി ഉയരമുള്ളതാണ് ഈ മല. അടിവാരത്തിൽ തടാകവും പാർക്കുകളും വിനോദ കേന്ദ്രങ്ങളും മനോഹരമായി നിർമ്മിച്ച് പരിപാലിച്ചിരിക്കുന്നു. സഞ്ചാരികൾക്കായുള്ള ട്രെയിനുകൾ, കുതിര സവാരിയും ആകാശക്കാഴ്ചക്കായി സ്കൈറൈഡും ക്രമീകരിച്ചിട്ടുണ്ട്. നൂറുകണക്കിന് സഞ്ചാരികളാണ് ദിവസവും ഇവിടെ എത്തുന്നത്. ശുചിത്വമാണ് അമേരിക്കയിൽ എടുത്തു പറയേണ്ട വസ്തുത. നിയമം അനുസരിക്കാൻ ജനം തയ്യാറാകുന്നതിനാൽ കാര്യങ്ങൾ എല്ലാം സുഗമമാണ്. നിയമലംഘനത്തിന് കനത്ത പിഴയാണ് ഈ രാജ്യത്ത്. നിയമലംഘനം നടത്തുന്നവർ പിടിക്കപ്പെട്ടാൽ നമ്മുടെ നാട്ടിലേതു പോലെ സ്വാധീനവും ശുപാർശയും വിലപ്പോവില്ല. നിയമത്തിനു മുമ്പിൽ എല്ലാവരും തുല്യർ. നമ്മുടെ നാട്ടിൽ കൈയ്യൂക്കുള്ളവനാണല്ലോ കാര്യക്കാരൻ.

മാർട്ടിൻ ലൂഥർ കിംഗ് ജൂനിയറിന്റെ ജന്മ സ്ഥലം എന്ന നിലയിലാണ് അറ്റ്ലാന്റാ കൂടുതൽ അറിയപ്പെടുന്നത്. അദ്ദേഹത്തിന്റെ സ്മരണ നിലനിർത്തുന്ന മാർട്ടിൻ ലൂഥർ സെന്റർ, സി. എൻ. എൻ. ടവർ, ജോർജ്ജിയ അക്വോറിയം ഇതെല്ലാം കാണുവാൻ ഉള്ള ഒരുക്കത്തിലാണ് ഞാൻ. അതിനായി എന്റെ ഭാര്യാസഹോദരന്റെ മകൻ റ്റോജിയെ ചട്ടംകെട്ടിയിരിക്കുകയാണ്.

അറ്റ്ലാന്റായിലെ സഭകളിലെല്ലാം പ്രസംഗിക്കുവാൻ അവസരം ലഭിച്ചു. ബിലീവേഴ്സ് ജേണലിന് ധാരാളം വായനക്കാർ ഉള്ള സ്ഥലമാണ് അറ്റ്ലാന്റാ. ചെയർമാൻ രാജൻ ആര്യപ്പള്ളി അറ്റ്ലാന്റായിൽ ഉള്ളതും അതിന് കാരണമാണ്. കുമ്പനാട് ഹെബ്രോൺ ബൈബിൾ കോളജിൽ എ

05

അറിയിപ്പ്
ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.
പത്രാധിപർ

**വേദ പഠനം**

# ഇടയ ലേഖനങ്ങൾ

## (The Pastoral Epistles)



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

**പ്രസംഗകുറിപ്പ്**

**വിശ്വസ്തത, 1 തിമോ: 1–12**

**മുഖവുര–** ആത്മീയ ജീവിതത്തിന്റെ അടിസ്ഥാനവും നാരായവേരും, ആത്മാവിന്റെ ഫലവുമാണ് വിശ്വസ്തത, ഗലാ : 5: 22, സമുർന്നയിലെ സഭയ്ക്കുള്ള ദൂതിൽ; മരണപര്യന്തം വിശ്വസ്തനായിരിക്ക എന്നു കർത്താവ് ആഹ്വാനം ചെയ്യുന്നു. വെളിപ്പാട്:2:10

**എന്തുകൊണ്ട് വിശ്വസ്തരായിരിക്കണം.**

**A. നമ്മെ വിളിച്ചിരിക്കുന്ന ദൈവം വിശ്വസ്തൻ**

1 കൊരി:1:9, നമ്മെ ദുഷ്ടന്റെ കൈയിൽ നിന്നു വിടുവിച്ചു തന്റെ സന്നിധിയിൽ നിർത്തുവാൻ പോകുകയാണ്, അവൻ വിശ്വസ്തനാകയാൽ അവൻ അതു നിവർത്തിക്കും. 1 തെസ്സ: 5:24, 2 തെസ്സ: 3:3, വെളി:19:11 നമ്മുടെ കർത്താവ് വിശ്വസ്തനാകയാൽ ദൈവത്തിനായി വിളിക്കപ്പെട്ട നാമും വിശ്വസ്തരാകണം.

2. വിശ്വസ്തന്മാർ മനുഷ്യപുത്രന്മാരിൽ കുറഞ്ഞിരിക്കുന്നു.

സങ്കീ: 12:1 ഭക്തിമാൻ ഭൂമിയിൽ നശിച്ചു പോയി, മനുഷ്യരുടെ ഇടയിൽ നേരുള്ളവൻ ആരുമില്ല– മീഖ:7:2, ന്യായം പ്രവർത്തിക്കയും വിശ്വസ്തത കാണിക്കുകയും ചെയ്യുന്നവൻ ഉണ്ടോ....... യിരെ: 5:1–3; ആത്മീയ മണ്ഡലത്തിൽ വിശ്വസ്തരും കുറഞ്ഞിരിക്കുന്നു യിരെ: 5:31.

3. വിശ്വാസികൾ ദൈവമർമ്മങ്ങളുടെ ഗൃഹവിചാരകൻ

1കൊരി: 4:1–2, ഗൃഹവിചാരകന്മാരിൽ അന്വേഷിക്കുന്നതോ വിശ്വസ്തതയാണ്, മോശെ ദൈവഭവനത്തിൽ ഒക്കെയും വിശ്വസ്തനായിരുന്നതുപോലെ, എബ്രാ:3:5.

**B.എന്തിലെല്ലാം വിശ്വസ്തരായിരിക്കണം.**

1. താലന്തിൽ വിശ്വസ്തരായിരികണം, മത്താ :25:23.

ദൈവസഭയുടെ ആത്മീകവർദ്ധനയായിട്ടാണ് കൃപാവരം നൽകിയിരിക്കുന്നത്. 1കൊരി:12:7, 14:12 ലഭിച്ചിരിക്കുന്ന കൃപാവരം സഭയുടെ ആത്മീക വർദ്ധനയ്ക്കായി ഉപയോഗിക്കണം. അതിൽ വിശ്വസ്തരായിരിക്കണം.

2. ധനത്തിൽ വിശ്വസ്തരായിരിക്കണം, ലൂക്കോ: 16:11.

നമുക്കുള്ള ധനം കൊണ്ട് ഇഷ്ടം പോലെ ജീവിക്കുവാനും ആഡംബരങ്ങൾക്കുവേണ്ടി ധൂർത്തടിക്കുവാനും അവകാശമില്ല.

3. വചനത്തിൽ വിശ്വസ്തരായിരിക്കണം, യിരെ:23:28.

ദൈവവചനത്തിന്റെ മർമ്മം ഗ്രഹിപ്പാൻ കഴിയുന്നവരാണ് ഉപദേഷ്ടാക്കന്മാർ. അവർ ദൈവമർമ്മങ്ങളുടെ ഗൃഹവിചാരകന്മാരാണ്. 1കൊരി:4:1 –2, ദൈവവചനത്തോടു കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യരുത് 2കൊരി:2:17, വെളി:3:8.

4. അതിഥി സൽക്കാരത്തിൽ വിശ്വസ്തരായിരിക്കണം 3 യോഹ: 5.

അതിഥി സൽക്കാരം മറക്കരുത് അതിനാൽ നന്മ വരും, എബ്രാ: 13:1, മൂപ്പന്മാർ അതിഥി പ്രിയരായിരിക്കണം, 1 തിമൊ: 3:2.

5. ദശാംശത്തിൽ വിശ്വസ്തരായിരിക്കണം, 2 ദിന:31:12.

പൗലോസ് പറയുന്നു ലോഭമായി വിതയ്ക്കുന്നവൻ ലോഭമായി കൊയ്യും, ധാരാളം വിതയ്ക്കുന്നവൻ ധാരാളമായി കൊയ്യും എന്നു ഓർത്തു കൊൾവിൻ, 2 കൊരി:9:6.

**C. വിശ്വസ്തയുടെ ഫലം.**

1. ഉറപ്പോടെ നിൽക്കുവാൻ കഴിയും, ദാനിയേൽ:6:4
2. ഉയർത്തപ്പെടും, നെഹ: 7:2, 1 തിമോ: 1:12, 2തിമോ:2:2.
3. സൂക്ഷിക്കുന്നു, സങ്കീ:31:23, സങ്കീ: 91:4
4. പ്രതിസന്ധികളെ അതിജീവിക്കും, ഉല്പ: 41: 38, വെളി: 2: 10

**ഉപസംഹാരം–** ദൈവം ആഗ്രഹിക്കുന്നത് വിശ്വാസികളെയല്ല മറിച്ച് വിശുദ്ധന്മാരെയാണ്, ആകയാൽ വിശ്വസ്തന്മാർ ദൈവ സഭയിൽ എഴുന്നേല്ക്കട്ടെ.

**ദൈവം വിശ്വസ്തൻ**

1കൊരി:1:8 – 9

1. ക്ഷമിക്കുന്നതിൽ വിശ്വസ്തൻ, 1 യോഹ: 1:9
2. സൂക്ഷിക്കുന്നതിൽ വിശ്വസ്തൻ, 2തെസ്സ: 3:3
3. വാഗ്ദത്തങ്ങളിൽ വിശ്വസ്തൻ, എബ്രാ: 10:23.
4. നിർവ്വഹിക്കുന്നതിൽ വിശ്വസ്തൻ, 2 കൊരി: 1:18
5. ശുദ്ധീകരിക്കുന്നതിൽ വിശ്വസ്തൻ, 1 തെസ്സ:5:23–24
6. അനുവദിക്കുന്നതിൽ വിശ്വസ്തൻ, 1 കൊരി: 10:13
7. സംരക്ഷിക്കുന്നതിൽ വിശ്വസ്തൻ, 1 കൊരി: 1: 8–9.

13–ാം വാക്യം മുതൽ ക്രിസ്തു വരുത്തിയ മാറ്റം പ്രതിപാദിക്കുന്നു, ആ മാറ്റം കൃപയാൽ അത്രെ. ഇവിടെ പൗലോസ് ദൈവത്തെ സ്

– തുടർച്ച–

തുതിക്കുകയാണ്. കാരണം ക്രിസ്തുവിനെ കൂടാതെയുള്ള തന്റെ ജീവിതം അർത്ഥശൂന്യമായിരുന്നുയെന്ന് മനസ്സിലാക്കിയതിനുശേഷം പൗലോസ് പറയുന്നത് കർത്താവിന്റെ സമൃദ്ധിയായ കൃപയെ ഇവിടെ പ്രശംസിക്കുന്നു. പാപത്തിന്റെ കാഠിന്യത്തിൽ ജീവിക്കുന്നവർക്കു രക്ഷ ലഭിക്കുന്നത് കൃപയുടെ സമൃദ്ധികൊണ്ടാണ്. റോമാ ലേഖനത്തിൽ പൗലോസ് ചൂണ്ടിക്കാണിക്കുന്നു: പാപം പെരുകിയിടത്ത് കൃപ അത്യന്തം വർദ്ധിച്ചുവരുന്നു. റോമർ 5:20 ദൈവകൃപയുടെ സുവിശേഷം ഒരു വ്യക്തിയിൽ എന്തുമാത്രം പരിവർത്തനം സൃഷ്ടിക്കുന്നു എന്നതിന്റെ വ്യക്തമായ തെളിവാണ് മാറ്റം. പൗലോസ് തന്റെ മാനസാന്തരത്തിന്റെ അനുഭവം പ്രവർത്തിയുടെ പുസ്തകത്തിൽ മൂന്നു പ്രാവശ്യം രേഖപ്പെടുത്തിയിട്ടുണ്ട്. അപ്പൊ. പ്രവ. 9:1–22; 22:1–21; 26:9–18. ഇവിടെ പൗലോസ് ഉപയോഗിക്കുന്ന ചില പ്രയോഗങ്ങൾ ശ്രദ്ധിക്കുക.

1. ദൂഷകൻ – ഇവിടെ അർത്ഥമാക്കുന്നത് ദുഷിക്കുന്നത്. അല്പം വ്യക്തമായി പറഞ്ഞാൽ യേശുക്രിസ്തുവിന്റെ ദൈവത്വത്തെ നിഷേധിക്കുകയും യേശുക്രിസ്തു ദൈവപുത്രനെന്ന് അവകാശപ്പെടുന്ന പ്രഖ്യാപനങ്ങളെ വെറുപ്പോടും നിന്ദയോടുമാണ് പൗലോസ് വീക്ഷിച്ചിരുന്നത്, മറ്റുള്ളവരുടെ അതിനായി പ്രോത്സാഹിക്കുകയും ചെയ്തു.

(തുടരും)

**നോവൽ 12**

# കാൽവറിയുടെ ഉയരങ്ങൾ



സുനിൽ വർഗീസ്,
ബാംഗ്ലൂർ

ബോധം തെളിഞ്ഞപ്പോൾ, നീലമുടിയുടെ വടക്കുള്ള കൊക്കകളും പാറക്കെട്ടുകളും നിറഞ്ഞ ചരിവിലാണ് താൻ കിടക്കുന്നത് എന്ന് ആൽബർട്ട് അറിഞ്ഞു. കഞ്ചാവിന്റെ ഗന്ധത്തിൽ മയങ്ങിയ ഒരു കാറ്റ് അലഞ്ഞ് അവിടെയും വീശി. ഞരക്കത്തോടെ ആൽബർട്ട് എഴുന്നേൽക്കാൻ ശ്രമിച്ചു. പുറത്ത് നിന്നും കവിളിൽ നിന്നും... ഒരോ സന്ധികളിൽ നിന്നും വേദന ഇരമ്പി വരുന്നു. ബോധത്തിന്റെ നേർത്ത വിടവിലൂടെ ഇഴഞ്ഞുപോകുന്ന നോവുകൾ. എഴുന്നേറ്റിരുന്ന് അയാൾ ചുറ്റും നോക്കി.

സന്ധ്യയാവുകയാണ് നീലമുടിയിൽ. അകലെ ഏതോ മലനിരകൾക്കപ്പുറം മറയുവാൻ വെമ്പുന്ന അരുണബിംബം.

രാത്രി നിലാവ് കാണും; ചന്ദ്രമുഖം കാണാൻ കഴിയുന്നുണ്ട്. വലിച്ചിഴച്ചാവാം ഇവിടെ കൊണ്ടുവന്നിട്ടത്. പാൻസ് കീറിയിരിയ്ക്കുന്നു. മാത്രമല്ല രണ്ട് കാൽപ്പത്തിയ്ക്കും വേദനയുടെ വിഷമുള്ള്! കരിയിലകൾക്കിടയിലൂടെ എന്തോ പുളയുന്നു. നടുക്കത്തോടെ, വേദന മറന്ന് ആൽബർട്ട് കുതിച്ചെഴുന്നേറ്റു. വഴിയറിയാതെ,ലക്ഷ്യമില്ലാതെ അയാൾ ഏന്തിവലിഞ്ഞു. കുറേ നടന്നപ്പോൾ നിലവിന്റെ അരണ്ട പ്രകാശത്തിൽ അകലെയായി കുറേ കുടിലുകൾ കണ്ടു.

മൺവിളക്കിൽ നിന്നു വരുന്ന വെളിച്ചങ്ങൾ, മണിയ, നേർത്ത ശബ്ദങ്ങൾ. ബോധം മറഞ്ഞ് കിടന്നപ്പോളോ, ബോധം തെളിഞ്ഞു വരുമ്പോഴോ മറ്റോ, ആൽബർട്ട് ഒരു സ്വപ്നം കണ്ടിരുന്നു. ആളിപ്പടരുന്ന വേദന അമർത്തി ചരിവിറങ്ങുമ്പോൾ, അയാൾ ആ സ്വപ്നത്തെ കുറിച്ച് വ്യാകുലപ്പെടുകയും ചെയ്തു.

നഗ്നനായ ഒരുവനെയാണ് ആൽബർട്ട് കണ്ടത്. കാടിന്റെ നിഗൂഢതയിൽ നിന്ന് പച്ചിലത്തലപ്പുകൾ വകഞ്ഞ് അയാൾ വരുന്നു. കറുത്ത് ഭീമാകാരനായ അയാൾ ആൽബർട്ടിനോടായി വിളിച്ചു പറയുന്നു; പ്രകൃതിയുടെ മടിയിൽ പിറന്ന എനിക്ക് ഈ കാട് ഹൃദ്യമാണ്. ഞാൻ ഇവിടെ എന്റെ സ്വാതന്ത്ര്യത്തിൽ മതിമറന്ന്, എന്റെ ആനന്ദത്തിൽ കാടിന്റെ അധികാരിയായി കാട്ടുചോലയുടെ സംഗീതത്തിൽ മുഴുകി... ജീവിതം ആസ്വദിക്കുന്നു...

പക്ഷേ നീയെന്റെ സ്വാതന്ത്ര്യത്തിലേക്ക് കടന്നുവന്നു.

നീ പറഞ്ഞു ഞാൻ നഗ്നനാണെന്ന്.. നീ പറഞ്ഞു ഞാൻ വനവാസിയും അപരിഷ്കൃതനുമാണെന്ന്.

നീ പറഞ്ഞു ഞാൻ ക്രൂരനാണെന്ന്

നീ എവിടെയൊക്കെ എന്നിലെ കാട്ടാളത്തനിമ പ്രസംഗിച്ചു നടന്നു. നിന്റെ കണ്ണുകളിൽ ഞാൻ, ഞങ്ങൾ സ്നേഹമെന്തെന്നറിയാത്ത വർഗ്ഗമാണ്. എന്റെ ജനതയിലേക്ക്, സംസ്കൃതിയിലേക്ക് നീ എന്താണ് അടിച്ചേൽപ്പിച്ചത്? നിന്റെ ശരികളോ?

നിന്റെ പരിഷ്ക്കാരത്തിലേക്ക് എന്നെ വലിച്ചെറിഞ്ഞ നീ, പുതുമയുടെ ചങ്ങലയാൽ എന്നെ ബന്ധിച്ചു.

നിന്റെ കറുത്ത തരിശ്ശുഭൂമിയിലൂടെ കൂത്തുകാഴ്ചയാക്കി എന്നെ നീ കൊണ്ടു നടന്നു.

നീ ഞങ്ങളിൽ ചിലരെ, നിന്നിൽ നിന്ന് രക്ഷപ്പെട്ടവരെ പിന്നെയും, പിന്നേയും കാടിന്റെ ആഴങ്ങളിലേക്ക് ഓടിച്ചില്ലേ. ഉൾവനങ്ങളിലേക്ക് തുരത്തിയില്ലേ. നീ ഓർക്കുക, എനിക്ക് നഷ്ടമായത് എന്റെ സ്വാതന്ത്ര്യമാണ്. ഞാൻ ഗ്രഹിച്ച, എന്റെ വനാന്തരങ്ങളിലെ മർമ്മരമാണ് നീ ഉടച്ചുകളഞ്ഞത്.

ഞാൻ മറക്കേണ്ടിയിരുന്നതെന്റെ കാട്ടുചോലയുടെ ആത്മഗീതികളാണ്.

ആൽബർട്ട് ആ സ്വപ്നത്തിൽ പീഡിപ്പിക്കപ്പെട്ട് പുലരിയുടെ നേർമ്മയിലേക്ക് നടന്നുകൊണ്ടിരുന്നു.

ഒടുവിലെപ്പോഴോ തോന്നി, തിരികെ ഡേവിഡിനെ പോയി കാണാമെന്ന് അവന്റെ ചുമലിൽചാരി വിങ്ങിപ്പൊട്ടാമെന്ന് .... ഒരു വിങ്ങൽ ആയാളിൽ ത്രസിച്ചു നിന്നു. മുണ്ടോട്ടിത്തറയിൽ എത്തിയപ്പോൾ ഡേവിഡ് അവിടെ ഇല്ലായിരു ന്നു.

ജോസഫിനോട് അന്വേഷിച്ചപ്പോൾ; നഗരത്തിൽ ഏതോ കൺവൻഷനായി പോയിരിക്കുകയാണെന്ന് അറിഞ്ഞു. മുണ്ടോട്ടിത്തറയിൽവെച്ച് വേഷം മാറി, മുറിവുകളിൽ മരുന്നിട്ട് ആൽബർട്ട് നഗരത്തിലെത്തി. ഡേവിഡിലായിരുന്നു, അപ്പോൾ അയാളുടെ ഏക പ്രതീക്ഷ.

കൺവൻഷൻ സ്ഥലത്ത് എത്തിയപ്പോൾ സുരേഷ് ബാബുവിനെ ഹൃദ്യമായി കേൾക്കുകയാണ് ഡേവിഡ്. അരികിൽ ചെന്ന് വിളിച്ചു.

ആൽബർട്ടിനെ കണ്ട് ഡേവിഡ് പുറത്തേക്കിറങ്ങി വന്നു. തന്നെ കാണുമ്പോൾ പരിഭ്രമിക്കുമെന്നും കാര്യം തിരക്കും എന്നും പ്രത്യാശിച്ച ആൽബർട്ടിന് തെറ്റി.

ഡേവിഡ് എനിക്കിനി മുന്നോട്ടുപോവാനാവില്ല.

കണ്ണുകൾ നിറച്ചുകൊണ്ട് ആൽബർട്ട് വെമ്പിയപ്പോൾ ഡേവിഡ് മറ്റൊന്നാണ് പറഞ്ഞത്. നഗരത്തിൽ അവൻ താമസിക്കുന്ന ലോഡ്ജും മറ്റും പറഞ്ഞിട്ട്, താക്കോലും കൊടുത്ത് അവിടെ കാത്തിരിക്കാൻ ഒരു ചെറിയ കല്പന. അരിശം തോന്നിയെങ്കിലും, ആൽബർട്ട് ലോഡ്ജിലേക്ക് ചെന്നു. ഡേവിഡിന്റെ കിടക്കയിൽ കിടക്കുമ്പോൾ, അകലെ ഭിത്തിയിൽ തറച്ചിരിക്കുന്ന വാക്യബോർഡിലേക്ക് ആൽബർട്ടിന്റെ ശ്രദ്ധ ചെന്നു. Don't die in the Winter' ക്ഷീണവും മുറിവുകളിലെ ക്ലേശവും കാരണമാവാം ആൾബർട്ട് ഉറങ്ങിപ്പോയി. ഡേവിഡിന്റെ പ്രാർത്ഥനാ മന്ത്രണങ്ങൾ, തന്റെ നിദ്രയിലെ ഏതോ സ്വപ്നസ്ഥലിയിൽ മുഴങ്ങുതാണെന്ന് ആദ്യം ആൽബർട്ടിന് തോന്നിയത്. മെല്ലെ കണ്ണുകൾ തുറന്നപ്പോൾ ഡേവിഡിന്റെ പ്രാർത്ഥനാ സ്വരങ്ങൾ കേൾക്കുന്നു. വീണ്ടും ചുവരിൽ പതിച്ച ബോർഡിലേക്ക്. ശീതകാലം കഴിഞ്ഞു പോകുമെന്നൊരു താലോലം! കട്ടിലേൽ എഴുന്നേറ്റിരുന്നു തിരിഞ്ഞു നോക്കിയപ്പോൾ തറയിൽ പായവിരിച്ച് പ്രാർത്ഥനയിലാണ് ഡേവിഡ് ഇരിക്കുന്നത് ആൽബർട്ട് കണ്ടു. കൈലിയും ബനിയനുമാണ് അവന്റെ വേഷം. ആൽബർട്ട് എഴുന്നേറ്റ് കട്ടിലിന്റെ ഞരക്കം ഉയർന്നപ്പോൾ ഡേവിഡിനു മനസ്സിലായിക്കാണണം.

ഡേവിഡ് മിഴി തുറന്ന്; പ്രാർത്ഥനയിലേക്ക് ആൽബർട്ടിനെ ക്ഷണിച്ചുകൊണ്ട് ഊർജ്ജം നുരയുന്ന ഒരു നോട്ടം നോക്കി. ഗദ്ഗദവും ശാന്തതയും ധ്യാനവും അന്യഭാഷകളും മറ്റും നിറഞ്ഞ പ്രാർത്ഥന നീണ്ടപ്പോൾ തന്നെ ഡേവിഡിന് മനസ്സിലാക്കാൻ കഴിയുന്നില്ലേ എന്ന് ആൽബർട്ട് ചിന്തിച്ചു പോയി.

മാത്രമല്ല,അയാളുടെ ക്ഷമ നശിച്ചിരുന്നു. പിന്നെ, ഡേവിഡും വേണ്ട, ഒരു മിഷനും വേണ്ട, ആരെയും നേടേണ്ട എന്ന് ഉറപ്പിച്ച മനസ്സുമായി പോകാൻ എഴുന്നേറ്റെങ്കിലും ആൽബർട്ട് ജനാലയ്ക്കൽ പോയി നിൽക്കുകയാണ് ചെയ്തത്.

നഗരത്തിൽ ഇരുൾ പടരുമ്പോഴുള്ള സംത്രാസങ്ങൾ ജനാലയ്ക്കപ്പുറത്ത് ഉണ്ടായിരുന്നു.

ആൽബർട്ട്. അലിവുകലർന്ന വിളി.

ആൽബർട്ട് നോക്കുമ്പോൾ പായ ചുരുട്ടിവച്ച് ഡേവിഡ് ജനാലയ്ക്കരികിലേക്ക് വരുന്ന കാഴ്ചയാണ്. ആൽബർട്ട് അയാളിലെ ദൈവീകശാന്തി കണ്ടു. തേജസ്സ് നിറഞ്ഞ മുഖം, പുഞ്ചിരി.

ഡേവിഡ് ഒരു മുന്നറിയിപ്പുമില്ലാതെ ആൽബർട്ടിനെ ആലിംഗനം ചെയ്തു. ക്ഷമീരടാ നിന്നിൽ അരിശമാണ് എനിക്കറിയാം, സോറി; ദേ വിശക്കുന്നുണ്ടാവില്ലേ കഴിക്കാം നമുക്ക്...?

കഴിച്ചുകൊണ്ടിരുന്നപ്പോൾ ആൽബർട്ട് ഡേവിഡിനെ നോക്കി

പറയൂ ആൽബർട്ട് എല്ലാം പറയണം നിനക്ക് നാലു ദിക്കും കേൾക്കെ കൊട്ടിഘോഷിക്കാനുള്ളത് പറഞ്ഞോളു പക്ഷേ, നീ നിന്റെ ദർശനം മറക്കരുത്.. കഴിക്കുന്നതിനിടയിൽ ഡേവിഡ് പറഞ്ഞു:

ഡേവിഡ് ഞാൻ......

എനിക്കറിയാം ഇപ്പോൾ നീ ആഗ്രഹിക്കുന്നത് ഒരു താങ്ങാണ്. നിന്റെ വേദനയും വിലാപവും മനസ്സിരുത്തി കേൾക്കാൻ കഴിയുന്ന ഒരുവൻ അല്ലേ..

എനിക്കൊരു ആൽബർട്ടിനെ ഓർമ്മയുണ്ട്, മിഷ

04

ചോദ്യോത്തര വേദി

# യെരുശലേം ദൈവാലയത്തിലെ ഭൂതബാധ



ജോർജ്ജ് ഫിലിപ്പ്
തെക്കേക്കര

**ചോദ്യം:** ദൈവം നീതികരിച്ച (രക്ഷിക്കപ്പെട്ട) ഒരുവനിൽ പിശാചുബാധ ഉണ്ടാകാമെന്ന് കഴിഞ്ഞ ലക്കത്തിലെ ചോദ്യോത്തരവേദിയിൽ താങ്കൾ സമർത്ഥിച്ചിരുന്നു. മോശെ പണിത സമാഗമനകൂടാരമിരുന്ന യെരുശലേം ദൈവാലയത്തിലും ഭൂതബാധയുണ്ടായിരുന്നതായി താങ്കൾ വേറൊരു പ്രസിദ്ധീകരണത്തിൽ എഴുതിയിരുന്നു. അതെന്തുകൊണ്ടാണ് ബിലീവേഴ്സ് ജേണലിൽ എഴുതാതിരുന്നത്?

**ഉത്തരം:** പത്രത്തിന്റെ സ്ഥലപരിമിതികൊണ്ടാണ് പ്രസിദ്ധീകരിക്കാഞ്ഞത്. ഈ ലക്കത്തിൽ അത് പ്രസിദ്ധീകരിക്കുകയാണ്.

**യെരുശലേം ദൈവാലയത്തിലെ ഭൂതബാധ**

സത്യദൈവത്തിന്റെ സാന്നിദ്ധ്യം ഏറ്റവും അധികം വെളിപ്പെട്ട യഹോവയുടെ നിയമപെട്ടകമിരുന്ന യെരുശലേം ദൈവാലയത്തിൽ **ഭൂതാരാധനയും നടന്നിരുന്നു** എന്നു മനസ്സിലാക്കുകയാണ് ഈ ചോദ്യോത്തരത്തിന്റെ ലക്ഷ്യം.

ദൈവത്തിന്റെ ബലത്തിന്റെ പെട്ടകം (2 ദിന. 6:41), സാക്ഷ്യപെട്ടകം, യഹോവയുടെ നിയമപെട്ടകം എന്നൊക്കെ പേരുള്ള പെട്ടകം ദൈവത്തിന്റെ നിർദ്ദേശപ്രകാരം മോശെ പണിയിപ്പിച്ചതായിരുന്നു (പുറ. 25 :10–22). ദൈവസാന്നിദ്ധ്യം ശക്തിയോടുകൂടി അതിൽ ഉണ്ടായിരുന്നു. എന്നാൽ യിസ്രായേൽ ജനം ദൈവവഴി വിട്ട് അന്യാരാധനയ്ക്കും വിഗ്രഹങ്ങൾക്കും പുറകെപോയപ്പോൾ ദൈവസാന്നിദ്ധ്യം പെട്ടകത്തിൽ നിന്നും മാറി. അപ്പോഴെല്ലാം ശത്രുക്കൾ പെട്ടകം ബലമായി പിടിച്ചു കൊണ്ട് പോയിട്ടുണ്ട്.

എന്നാൽ ശലോമോൻ രാജാവിന്റെ കാലത്ത് ശലോമോൻ പണിത ആലയത്തിന്റെ അന്തർമന്ദിരത്തിൽ അതിവിശുദ്ധസ്ഥലത്ത് പെട്ടകം ബഹുമാനപുരസ്സരം കൊണ്ടുവന്നു വച്ചു. പ്രാർത്ഥന കഴിഞ്ഞപ്പോൾ ആകാശത്തു നിന്നു തീയിറങ്ങി, യഹോവയുടെ തേജസ്സ് ആലയത്തിൽ നിറഞ്ഞു (2 ദിന. 7:1 , 2). എന്നാൽ ജനം വിശുദ്ധിയില്ലാത്ത ജീവിക്കുകയും ആരാധിക്കുകയും ചെയ്താൽ, ദൈവാലയം നശിപ്പിക്കപ്പെടുകയും ജനം പരാജയപ്പെട്ട ജീവിതം നയിക്കേണ്ടിവരികയും ചെയ്യുമെന്ന് യഹോവ കല്പിച്ചു (2 ദിന. 7:20). ദൈവീക സാന്നിദ്ധ്യം കാണുകയും ദൈവീകജ്ഞാനം ലഭിക്കുകയും ചെയ്തിട്ടും, ദൈവകല്പനയ്ക്കു വിരുദ്ധമായ ജീവിതം ശലോമോൻ ആരംഭിക്കുകയും അന്യാരാധന തുടങ്ങുകയും ചെയ്തു. സിദെക്കിയാവ് രാജാവിന്റെ കാലമായപ്പോഴേക്കും പുരോഹിതന്മാരിൽ പ്രധാനികളൊക്കെയും ജനവും ധാരാളം അകൃത്യം ചെയ്തു. യെരുശലേമിൽ യഹോവ വിശുദ്ധീകരിച്ച ആലയവും അശുദ്ധമാക്കി (2ദിന.36:14). ശലോമോൻ രാജാവിന്റെ കൊച്ചുമകനായ മനശ്ശെ രാജാവായപ്പോൾ **ഭൂതാരാധനയ്ക്കായി യെരുശലേം ദൈവാലയത്തിനുള്ളിൽത്തന്നെ യാഗപീഠങ്ങൾ പണിതു ( 2 ദിന.33:5).** വ്യക്തിപരമായ ജീവിതത്തിനും രാജത്വത്തിനും വിജയമുണ്ടാകാൻ വേണ്ടി മനശ്ശെ തന്റെ പുത്രന്മാരെ ബലി അർപ്പിച്ചു. മുഹൂർത്തം നോക്കി; ആഭിചാരങ്ങളും ക്ഷുദ്രങ്ങളും പ്രയോഗിച്ചു. വെളിച്ചപ്പാടത്തികളെയും ലക്ഷണം പറയുന്നവരെയും നിയമിച്ചു. സത്യദൈവത്തെ കോപിപ്പിച്ചു (2ദിന. 33:6, സ്വതന്ത്രപരിഭാഷ).

**യെരുശലേം ദൈവാലത്തിന്റെ അശുദ്ധി യെഹെസ്കേൽ പ്രവാചകനെ ദൈവം കാണിക്കുന്നു.**

"ദൈവം എന്നോട്; മനുഷ്യപുത്രാ തല പൊക്കി വടക്കോട്ടു നോക്കുക എന്നു കല്പിച്ചു; ഞാൻ തലപൊക്കി വടക്കോട്ടു നോക്കി; യെരുശലേം ദൈവാലയത്തിലെ യാഗപീഠത്തിന്റെ വാതിലിനു വടക്കോട്ട് പ്രവേശനത്തിങ്കൽ തന്നെ **ആ അസൂയാബിംബം കണ്ടു"** (യെഹസ്കേൽ 8:3–5).

"വെറുപ്പുളവാക്കുന്ന ഇഴജാതികളെയും മൃഗങ്ങളെയും ദൈവാലയത്തിന്റെ **ചുവരിന്മേൽ വരച്ചിരിക്കുന്നത് ഞാൻ കണ്ടു"** (യെഹസ്കേൽ8:10).

അവിടെ സ്ത്രീകൾ **തമ്മൂസിനെകുറിച്ച് (നിമ്രോദിനെക്കുറിച്ച്) കരഞ്ഞുകൊണ്ട് ഇരിക്കുന്നത് ഞാൻ കണ്ടു"**(യെഹസ്കേൽ. 8:14).

"യഹോവയുടെ മന്ദിരത്തിന്റെ വാതിൽക്കൽ മണ്ഡപത്തിനും യാഗപീഠത്തിനും മദ്ധ്യേ ഏകദേശം 25 പുരുഷന്മാർ യഹോവയുടെ മന്ദിരത്തിനുനേരെ പുറന്തിരിഞ്ഞ്, മുഖം കിഴക്കോട്ട് തിരിച്ചുകൊണ്ട് നിന്നിരുന്നു. **അവർ കിഴക്കോട്ട് നോക്കി സൂര്യനെ ആരാധിക്കുകയായിരുന്നു"** (യെഹ.8:16).

ശലോമോൻ രാജാവ് നിർമ്മിച്ച യെരുശലേം ദൈവാലയത്തിൽ ഒരു സമയത്ത് സത്യാരാധനയും, പിന്നീട് അന്യാരാധനയും ഭൂതാരാധനയും നടന്നിരുന്നു എന്നത് വ്യക്തമാണ്. എന്നാൽ ദൈവത്തിന്റെ ദീർഘക്ഷമയുടെ കാലം കഴിഞ്ഞപ്പോൾ, **ദൈവത്മാവ് ആലയത്തിൽ നിന്നു നീങ്ങി.** അപ്പോൾ കൽദയർ വന്നു **ദൈവാലയം ചുട്ടുകളഞ്ഞു.** ദൈവാലയത്തിലെ ചെറുതും വലുതുമായ ഉപകരണങ്ങളൊക്കെയും.... അവർ ബാബിലോണിലേക്കു കൊണ്ടുപോയി (2 ദിന.36:18–19). യെരുശലേം ദൈവാലയത്തിനു സംഭവിച്ചതുപോലെതന്നെ ഇന്ന് ഒരുവൻ നീതികരണം ലഭിച്ചിട്ട്, ദൈവീക സമാധാനവും സന്തോഷവും ശക്തിയും ആസ്വദിച്ചിട്ട് പിന്നീട് **യേശുവിലും ദൈവവചനത്തിലും വിശ്വാസം നഷ്ടപ്പെടുത്തിയാൽ,** മാനസാന്തരത്തിലേക്ക് മടക്കിക്കൊണ്ടുവരുവാൻ സാദ്ധ്യമല്ല. ചുട്ടുകളയുക അത്രേ അതിന്റെ അവസാനം (എബ്രായർ 6:4–8 ആശയപരമായ സ്വതന്ത്രപരിഭാഷ). "...എന്നാൽ ഭാവികാലത്ത് ചിലർ വ്യാജാത്മക്കളെയും ഭൂതങ്ങളുടെ ഉപദേശങ്ങളെയും ശ്രദ്ധിച്ച് യേശുക്രിസ്തുവിലുള്ള വിശ്വാസത്തിൽ നിന്ന് പിന്മാറുമെന്ന് ആത്മാവ് വ്യക്തമായി പറയുന്നു" (1 തിമൊ. 4:1). 'ക്രിസ്തുവിന്റെ കൃപയാൽ നിങ്ങളെ വിളിച്ചവനെ വിട്ട് നിങ്ങൾ ഇത്രയും വേഗം മറ്റൊരു സുവിശേഷത്തിലേക്ക് തിരിയുന്നതിൽ ഞാൻ ആശ്ചര്യപ്പെടുന്നു' (ഗലാത്യർ 1:6). 'ഞാൻ നിങ്ങളോടു പ്രസംഗിച്ച വചനം നിങ്ങൾ മുറുകെപ്പിടിക്കുന്നുവെങ്കിൽ ഈ സുവിശേഷത്താൽ നിങ്ങൾ രക്ഷിക്കപ്പെടും; അല്ലാത്തപക്ഷം നിങ്ങൾ വിശ്വസിച്ചതു വ്യർത്ഥമായിത്തീരും (1കൊരി.15:2).

'വാഴ്ത്തിടുന്നു, വാഴ്ത്തിടുന്നു എൻ രക്ഷകനെ വാഴ്ത്തിടുന്നു' തുടങ്ങി അനേകം യേശുസ്തുതി ഗീതങ്ങളെഴുതിയ പൊയ്കയിൽ യോഹന്നാൻ എന്ന സുവിശേഷകൻ പിന്നീട് തന്റെ നീതികരണം ഉപേക്ഷിച്ച് കുമാരഗുരുദേവനായി മാറി. യേശുവിനെ പ്രസംഗിച്ചു നടന്ന പത്തനംതിട്ടയിലെ പെന്തെക്കോസ്തുകാരൻ യുവാവ് ഇപ്പോൾ ഇസ്ലാംമത പ്രചാരകനായി നടക്കുന്നു. കർത്താവിനെ പ്രസംഗിച്ചു നടന്ന ദേമാസ് തെസ്സലോനിക്യയിലെ വെള്ളിയുടെ വ്യാപാരസാദ്ധ്യത കണ്ടപ്പോൾ തന്റെ ശുശ്രൂഷ നിർത്തിയെങ്കിലും (2 തിമൊ. 4:10), ഹുമനെയൊസും അലക്സന്തെരും തങ്ങളുടെ വിശുദ്ധീകരണം തകർത്തെങ്കിലും (1 തിമൊ. 1:19) പൗലൊസ് തന്റെ നിര്യാണകാലത്ത് പറയുന്നു 'താൻ വിശ്വാസം കാത്തു' എന്ന് (2 തിമൊ.4:6,7). **ആദ്യവിശ്വാസം അവസാനത്തോളം മുറുകെപ്പിടിക്കുന്നുവെങ്കിൽ മാത്രമേ നാം ക്രിസ്തുവിൽ പങ്കാളികളായിത്തീരുകയുള്ളു (എബ്രായർ 3:14).**

## 03 നോവൽ –12....

03

നറി വീരന്മാരുടെ കഥകൾ മനസ്സിൽ കൊണ്ടു നടന്ന, യേശുവിനായി വെമ്പികൊണ്ടിരുന്ന ആൽബർട്ടിനെ...; കഴിച്ച് കഴിഞ്ഞ്, നമുക്ക് വെറുതേ നഗരത്തിലൂടെ നടക്കാം! എന്താ?

നിയോൺ വെളിച്ചം ഒഴുകികൊണ്ടിരുന്ന നിരത്തിൽ ആൾ സഞ്ചാരം കുറഞ്ഞിരിക്കുന്നു. റോഡിന് എതിർവശമുള്ള തട്ടുകടയിൽ ബഹളം നടക്കുന്നു. ആൽബർട്ട് ഡേവിഡിനൊപ്പം അത് നോക്കിനിന്നു. ഓരോ നിമിഷവും ഡേവിഡ്, ആൽബർട്ട് പറയുന്നതിനായി കാത്തു.

അവർ തല്ലിയത് പാറക്കെട്ടുകൾക്കിടയിൽ ഉപേക്ഷിച്ചത്. മുറിവുകൾ...... ആൽബർട്ട് പറഞ്ഞുകൊണ്ടിരുന്നു.

തട്ടുക്കടയിൽ നടന്ന ബഹളം നിലച്ചിരിക്കുന്നു.

ഡേവിഡ് നീയെന്നെ പരിഹസിക്കുമായിരിക്കും... അവൻ നിർത്തി ഒരിക്കലുമില്ല. ആൽബർട്ട് ചീറിവരുന്ന വാഹനങ്ങൾക്ക് വഴിയൊഴിഞ്ഞ് ഡേവിഡ് ആൽബർട്ടിനായി ചെവിയോർത്തു.

ദർശനം ഞാൻ മറന്നുപോയി ഡേവിഡ്... ആൽബർട്ട് വിതുമ്പലിന്റെ വക്കിലെത്തിയത് ഡേവിഡറിഞ്ഞു.

എന്തുതന്നെ ആയാലും നീ പറയൂ.. ആൽബർട്ട്, താനൊരു കാട്ടുമനുഷ്യനെ സ്വപ്നം കണ്ടതുവരെ പറഞ്ഞു.

സ്വപ്നത്തിൽ ആ കറുത്ത നഗ്നൻ ചോദിച്ച ചോദ്യങ്ങൾ വരെ, ഡേവിഡും ആൽബർട്ടും കണ്ണിൽ നോക്കിനിന്നു.

ഓവർ ബ്രിഡ്ജിന്റെ അടിയിലപ്പോൾ വാഹനസഞ്ചാരം നിലച്ചിരുന്നു. ഞാനെന്തുചെയ്യണം ഡേവിഡ്, ദേ നോക്ക്.. ആൽബർട്ട് ഉടുപ്പ് വലിച്ചുയർത്തി തെരുവു വിളക്കിന്റെ പ്രകാശത്തിൽ തന്റെ പുറത്ത് പതിഞ്ഞ പാടുകളും മുറിവുകളും ഡേവിഡിനെ കാട്ടി.

അവർ അവരുടെ സ്വാതന്ത്ര്യത്തിൽ തന്നെ കഴിയട്ടെ എനിക്ക് വയ്യ. അവരെ സമുദ്ധരിക്കുവാനോ പുനരധിവസിപ്പിക്കുവാനോ...

ആൽബർട്ടിൽ അമർഷം പതയുന്നത് ഡേവിഡിന് മനസ്സിലാക്കാൻ കഴിഞ്ഞു. ഒരു നിമിഷം....അഗാധമായ ചിന്തയിൽ നിന്ന് ഉണർന്നിട്ടെന്നപ്പോലെ ഡേവിഡ് ശബ്ദിച്ചു...

കഴിഞ്ഞ രണ്ട് ദിവസം നീ അവിടെ താമസിച്ചില്ലെ ആ രണ്ട് ദിവസത്തെക്കുറിച്ച് നീ ഒന്നും പറഞ്ഞില്ലല്ലോ..?

ആൽബർട്ടിനെ ഡേവിഡ് തറഞ്ഞ് നോക്കി. (തുടരും)

## 12 സി. എ.ക്യാമ്പ് .....

12

താണിറങ്ങുന്ന ആരാധന, പരിശുദ്ധാത്മാഭിഷകത്തിനായുള്ള കാത്തിരിപ്പുയോഗം, ഗ്രൂപ്പ് ബൈബിൾ സ്റ്റഡി, പ്രാർത്ഥനാസമയം, കൗൺസിലിംഗ്, ലീഡേഴ്സ് ട്രാക്ക്, വീഡിയോഷോ, ഡിബേറ്റ്, ഐസ് ബ്രേക്കിംഗ്, ഔട്ടിംഗ്, പ്രകൃതി രമണീയമായ ക്യാമ്പസ്, രുചികരമായ ഭക്ഷണം, സ്പെഷ്യൽ പ്രോഗ്രാംസ്, കൊറിയോ ഗ്രാഫി, സ്കിറ്റ്, ഗാനപരിശീലനം എന്നിവയാണ് ഈ ക്യാമ്പിന്റെ പ്രത്യേകതകൾ. അഡോണായ് ഗാനശുശ്രൂഷ നയിക്കും. തിരുവനന്തപുരം ജില്ലയിലെ ഏറ്റവും പ്രമുഖമായ ടൂറിസ്റ്റ് കേന്ദ്രമായ നെയ്യാർ ഡാമിലേക്ക് തിരുവനന്തപുരത്തുനിന്നും ബസ് സർവ്വീസ് ലഭ്യമാണ്.

## 01 അശ്ലീലസാഹിത്യം ഇന്ത്യൻ...

01

ന്നു. ബാംഗ്ലൂർ പോലീസ് ഇയാളുടെ ലാപ്ടോപ്പിൽ നിന്ന് നൂറ് കണക്കിന് porn–ക്ലിപ്പുകളാണ് കണ്ടെടുത്തത്. മനുഷ്യനെ മൃഗമാക്കുന്ന ഈ പ്രവണതക്കെതിരെ അധികം ആരും ശബ്ദമുയർത്തുന്നില്ല. ഇത് നിരുദ്രവപരമായ ഒരു എന്റെർറ്റെയൻമെന്റാണ് എന്നാണ് പലരുടെയും മനോഗതം. ഇന്ത്യയിലെ കുട്ടികൾക്കെതിരെയുള്ള ഇത്തരം ആക്രമണങ്ങൾ 336% വർദ്ധിച്ചു എന്ന് The National Crime Records Breau (NCRB) ചൂണ്ടിക്കാണിക്കുന്നു. Pornography-യുടെ നിർമ്മാണം, വിതരണം, അപ്ലോഡിംഗ്, ഡൗൺലോഡിംഗ് എന്നിവ നിയന്ത്രിക്കാൻ ഇവിടെ വലിയ സംവിധാനങ്ങൾ ഇല്ല. സ്മാർട്ട് ഫോണുകളിലും ടാബ്ലറ്റുകളിലും ഉള്ള ഇന്റർനെറ്റ് വഴിയാണ് ഇത്തരം ക്ലിപ്പുകൾ പ്രചരിക്കുന്നത്.

ഇന്റർനെറ്റിന്റെ വരവോടെയാണ് ഇതിന്റെ ഉപയോഗം വിസ്ഫോടനമായി വർദ്ധിച്ചത്. ഈ വിപത്തിനെതിരെ ഗവൺമെന്റും സന്നദ്ധസംഘടനകളും മുന്നോട്ട് വരേണ്ടിയിരിക്കുന്നു. മക്കൾക്ക് ഏറ്റവും മുന്തിയതരം ഫോണും, ടാബ്ലറ്റും കൊടുത്തിട്ട് അതിന്റെ വേഗതയിലും അതുപയോഗിക്കുന്ന മക്കളുടെ ബുദ്ധിയിലും അഭിമാനിക്കുന്ന മാതാപിതാക്കൾ ഒരു കാര്യം ശ്രദ്ധിക്കുക. ഈ അത്യാധുനിക ഉപകരണങ്ങൾ മക്കളുടെ ആത്മീക, മാനസിക വളർച്ചയ്ക്ക് ഉപകരിക്കുന്നുണ്ടോ. അതോ ഇത് അവരെ porno-ന്റെ അടിമകളാക്കുകയാണോ? ഉത്തരവാദിത്വപരമായി സാങ്കേതിക ജ്ഞാനം ഉപയോഗിച്ചില്ലെങ്കിൽ, അത് നാശത്തിന് ഇടയാക്കും. ഇതിന്റെ ഉപയോഗം നിയന്ത്രിക്കാൻ K9 എന്ന സോഫ്റ്റ്വെയർ ഇൻസ്റ്റാൾ ചെയ്യുക. അതുപോലെ, യുവജനപ്രസ്ഥാനങ്ങളുടെ തലപ്പത്ത് ഇരിക്കുന്നവർ ഈ സാമൂഹിക/ആത്മീക തിന്മക്കെതിരെ പ്രതികരിക്കുക/പ്രവർത്തിക്കുക. യുവജനക്യാമ്പുകളിലും മറ്റും ഇതിന്റെ വിപത്തിനെതിരെ യുവജനങ്ങളെ ബോധവാന്മാരാക്കുക. അമേരിക്കയിലെ പ്രമുഖ സഭ സതേൺ ബാപ്റ്റിസ്റ്റ് porn- നെതിരെ ശക്തമായ നിലപാട് എടുത്തതാണ്. ഇന്ത്യയിലെ സഭകളും ഈ വിപത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് യുവജനങ്ങളെ ഇതിൽ നിന്ന് മോചിതരാക്കേണ്ടിയിരിക്കുന്നു.

## 01 ഐ.പി.സി സ്റ്റേറ്റ് കൺവൻഷൻ....

01

ജോർജ്, പാസ്റ്റർ മാത്യു തോമസ് (ജോയിന്റ് കൺവീനർമാർ), പാസ്റ്റർ ഫിലിപ്പ് പി. തോമസ് (പ്രോഗ്രാം കൺവീനർ), എൽ.കെ. റോയി (ജോയിന്റ് കൺവീനർ), പാസ്റ്റർ ഷിബു നെടുവേലിൽ (ജനറൽ കോ-ഓർഡിനേറ്റർ), പാസ്റ്റർ എം.പി. ജോർജുകുട്ടി, പാസ്റ്റർ ബാബു ഏബ്രഹാം, പാസ്റ്റർ സാം ദാനിയേൽ, പാസ്റ്റർ സണ്ണി ജോർജ്, പാസ്റ്റർ കെ.സി. ഉമ്മൻ (കോ-ഓർഡിനേറ്റർമാർ), പാസ്റ്റർ ജോൺ റിച്ചാർഡ്, പാസ്റ്റർ രാജു ആനിക്കാട്, പാസ്റ്റർ അന്തയോസ്, പാസ്റ്റർ സന്തോഷ് മാത്യു (പ്രാർത്ഥന കൺവീനർമാർ), പാസ്റ്റർ റോയി പൂവക്കാല, പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ, കുര്യൻ ജോസഫ്, സജി മത്തായി കാതേട്ട്, സജി പോൾ, പാസ്റ്റർ ബാബു ജോസഫ്, ഇവാ. ജിമ്മി വർഗീസ്, ഇവാ. ജസ്റ്റിൻരാജ് വിക്ടർ (മ്യൂസിക്), വി.എസ് ചാക്കോ, കെ.എൽ.മത്തായി, പാസ്റ്റർ വി.എസ്. തോമസ്, പാസ്റ്റർ വി. ജോൺ വിക്ടർ (ഫുഡ്), ജെയിംസ് വർക്കി, പാസ്റ്റർ ബാബു കുര്യാക്കോസ്, പാസ്റ്റർ കെ.വി. ജേക്കബ്, പാസ്റ്റർ സാജൻ കോട്ടയ്ക്കൽ (പന്തൽ), മോനി കരിക്കം, പാസ്റ്റർ ജോൺ മമ്മരപ്പള്ളി, ഇവാ. ഷാജി പി. തോമസ് (ലൈറ്റ് ആന്റ് സൗണ്ട്), ജോസ് ജോൺ, സുധി ഏബ്രഹാം, പാസ്റ്റർ അജി ജോൺ, പാസ്റ്റർ കെ.ജെ. ജോസഫ് (പബ്ലിസിറ്റി), ഗ്ലാഡ്സൺ ജേക്കബ്, പാസ്റ്റർ വി.എസ്. ഷാജി, പാസ്റ്റർ റെജി വർഗീസ് (ട്രാൻസ്പോർട്ടേഷൻ), ബാബു അടൂർ, ഇവാ, സാജൻ സി. ജേക്കബ്, ഇവാ. എം.ജെ. ടൈറ്റസ് (രജിസ്ട്രേഷൻ), എം.വി.ഫിലിപ്പ്, പാസ്റ്റർ ലാലുമോൻ ചാക്കോ, പാസ്റ്റർ എ.എസ് ഏബ്രഹാം (വിജിലൻസ് & പാർക്കിങ്ങ്), പാസ്റ്റർ തോമസ് മാത്യു ചാരുവേലി, പാസ്റ്റർ ബിജോയി കുര്യാക്കോസ്, പാസ്റ്റർ ഏബ്രഹാം ജെയിംസ് (അക്കോമഡേഷൻ), സണ്ണി മുളമൂട്ടിൽ, പീറ്റർ മാത്യു കല്ലൂർ, പി.വി. കുട്ടപ്പൻ, ജോർജ് തോമസ്, എം.എ. ഏബ്രഹാം (ഫിനാൻസ്), പാസ്റ്റർ ജെയിംസ് അലക്സാണ്ടർ, പാസ്റ്റർ കെ.എം. സാംകുട്ടി, പാസ്റ്റർ സജി ചാക്കോ (റിസപ്ഷൻ), ഫിന്നി പി. മാത്യു, ജോജി ഐപ്പ് മാത്യു സ് (മീഡിയ), സാം ചാക്കോ, പാസ്റ്റർ ചാക്കോ ദേവസ്യ, സാം കൊണ്ടാഴി, ഇവാ. ദീപേഷ് (വോളിന്റിയേഴ്സ്).

ലേഖനം

# ദൈവവും ശലോമോനും പിന്നെ ഞാനും



റെജി പോൾ
ഷാർജ

തന്റെ ജനത്തിന്റെ മദ്ധ്യേ ഇറങ്ങി വന്നു വസിക്കാനും അവരുടെ ആരാധന സ്വീകരിക്കാനും സർവ്വശക്തൻ കണ്ടെത്തിയ ശ്രേഷ്ഠ മാർഗമാണ് തന്റെ നാമത്തിൽ പണിയപ്പെടുന്ന ആലയങ്ങൾ. അതിനായി ദൈവം വിവിധ കാലഘട്ടങ്ങളിൽ വ്യത്യസ്തങ്ങളായ തന്റെ ആലയനിർമ്മാണത്തിനു പദ്ധതിയിട്ടപ്പോൾ എല്ലാം തന്നെ തന്റെ ജ്ഞാന പൂർണ്ണത അവയുടെ രചനയിലും നിർമ്മാണ സാമഗ്രികളിലും ഒക്കെയും പ്രതിഫലിപ്പിച്ചിട്ടുണ്ട്. മോശെയുടെ സമാഗമന കൂടാരം മുതൽ സഹസ്രാബ്ദവാഴ്ചക്കാലത്തെ ആലയം വരെ വിവിധ കാലഘട്ടങ്ങളിൽ വിവിധ നിലകളിൽ ആണ് അവയുടെ പണികൾ. ഇവയുടെ ഇടയിൽ നിന്ന് താരതമ്യ പഠനത്തിനു ഏറ്റവും യോജിച്ച രണ്ട് ആലയങ്ങൾ നമുക്ക് പഠന വിഷയമാക്കാം. താരതമ്യ പഠനത്തിനു ഏറ്റവും യോജിക്കുന്നതെന്ന് പറയാൻ കാരണം അവ തമ്മിലുള്ള ചില വലിയ വൈരുധ്യങ്ങൾ തന്നെ.

**ശലോമോൻ പണിത ആലയം**

നാനൂറു വർഷത്തെ കൂടാര ശുശ്രൂഷയ്ക്ക് ശേഷം യെരുശലേമിൽ സ്ഥിരമായി ഒരാലയം പണിയാൻ ശലോമോന് ദൈവം പ്ലാൻ വിശദീകരിച്ചു കൊടുക്കുന്നു. തന്റെ നാമത്തിലുള്ള ആലയത്തെക്കുറിച്ച് ദൈവത്തിനുള്ള താല്പര്യവും ഉത്സാഹവും എത്രയധികമെന്നു 1 ദിനവൃത്താന്തം 28:11-12 വായിച്ചാലറിയാം. ഇസ്രായേൽ ഈജിപ്ത് വിട്ട് നാനൂറ്റി തൊണ്ണൂറു വർഷങ്ങൾക്കു ശേഷം ശലോമോൻ ആലയത്തിന്റെ പണി തുടങ്ങി (2ദിനവൃത്താന്തം 3:2). അബ്രഹാം ഇസ്സഹാക്കിനെ ബലി കഴിച്ച മോറിയാ മലയിൽ ആണ് ആലയത്തിന്റെ ഇരിപ്പിടമായി ദൈവം നിശ്ചയിച്ചത്. ആലയത്തിന്റെ പണികളെല്ലാം മേത്തരമായ കല്ലുകളും മരവും സ്വർണത്തിൽ പൊതിഞ്ഞതുമായിരുന്നു (1രാജാ.6:14-22; 7:9-12). ഏഴു വർഷങ്ങൾ കൊണ്ടാണ് ആലയത്തിന്റെ പണി തീർത്ത്. ആലയത്തിന്റെ പ്രതിഷ്ഠയോടുള്ള ബന്ധത്തിൽ ശലോമോൻ രാജാവ് 22000 കാളകളെയും 120000 ആടുകളെയുമാണ് ബലി കഴിച്ചത്.

**അദ്ധ്വാനിച്ചവരുടെ കണക്കുകൾ:**

മുപ്പതിനായിരം യഹൂദന്മാർ. ഒന്നര ലക്ഷം കനാന്യർ. പിന്നെ അനേകം ഫോയ്നീക്യൻ കലാകാരന്മാരും ശേഷം വിദഗ്ദരും. ആലയത്തിന്റെ പണിക്കായി ഇരുപതു ടണ്ണോളം ശുദ്ധ സ്വർണ്ണം ഉപയോഗിച്ചിരുന്നു എന്നതിൽ നിന്ന് എത്ര വിലപ്പിടിപ്പുള്ള പണിയായിരുന്നു എന്നൂഹിക്കാമല്ലോ. വെള്ളിയും വെങ്കലവും ചെമ്പും എല്ലാം ഇതിലുമധികം. ആലയത്തിന്റെ അവശിഷ്ടങ്ങൾക്കായി പ്രസ്തുത പ്രദേശത്ത് പുരാവസ്തു ഗവേഷകർ ഖനനം ചെയ്തപ്പോൾ കിട്ടിയ ഏറ്റവും വലിയ കല്ലിന് 38 അടി 9 ഇഞ്ച് വലിപ്പവും 100 ടൺ ഭാരവും ഉണ്ടായിരുന്നു. ഇന്നത്തെ നിലയിൽ ശലോമോന്റെ ആലയം പണി തീർക്കാൻ ഉപയോഗിച്ച സ്വർണ്ണത്തിന്റെ മാത്രം വില അയ്യായിരം കോടിയോളം രൂപ വരും. മൊത്തം ആലയത്തിനു ചിലവു 17500 കോടി ഡോളർ വരുമത്രേ.

**പുതിയനിയമ ദേവാലയം (വീണ്ടും ജനിച്ചവരുടെ ശരീരം):**

1 കൊരി. 3:16 "നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ?"

1 കൊരി. 6:19 "ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലെക്കു വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ?"

കല്ലിലും മണ്ണിലും പണിത ആലയങ്ങളെ വിട്ട്, വീണ്ടും ജനിച്ച് ആത്മസ്നാനം സ്വീകരിച്ച, തന്റെ ജനത്തിന്റെ മർത്യ ശരീരങ്ങളെ ഈ അന്ത്യ കാലത്ത് തന്റെ ആലയമാക്കിയ ദൈവത്തെ നമുക്ക് നന്ദിയോടെ ഓർക്കാം. ദൈവവചനം തന്നെ പറയുന്നത് നമ്മുടെ ജീവിതം ഒരു നിഴലു പോലെയെന്നും ഒരു ശ്വാസം മാത്രം എന്നുമൊക്കെയാണ്. ശലോമോന്റെ ആലയത്തിന്റെ ചിലവായ തുകയുമായി ദൈവം തിരഞ്ഞെടുത്ത നമ്മുടെ ശരീരങ്ങളുടെ വിലയുമായി താരതമ്യം ചെയ്യാം.

അമേരിക്കയിലെ Bureau of Chemistry and soils നടത്തിയ പഠനത്തിൽ മനുഷ്യശരീരത്തിന്റെ മരിച്ചു ചീയുന്നതിനു മുമ്പ് കണ്ടെത്തിയ വില വായിച്ചാലും:

* 65% ഓക്സിജൻ
* 18% കാർബൺ
* 10% ഹൈഡ്രജൻ
* 3% നൈട്രജൻ
* 1.5% കാൽസ്യം
* 1% ഫോസ്ഫറസ്
* 0.35% പൊട്ടാസ്യം
* 0.25% സൾഫർ
* 0.15% സോഡിയം
* 0.15% ക്ലോറൈൻ
* 0.05% മഗ്നേഷ്യം
* 0.0004% അയൺ
* 0.00004% അയഡിൻ

പിന്നെ ഔൺസ് കണക്കിന് അൽപ്പം ധാതുക്കളും!! തീർന്നു!! മൃഗങ്ങളെ അപേക്ഷിച്ച് തൊലിക്കു പോലും വിലയില്ലാത്ത മനുഷ്യന്റെ ചീയാത്ത തുകലിനു മൂന്നര ഡോളർ വിലയെ ഉള്ളത്രെ. അങ്ങനെയെങ്കിൽ മണ്ണിൽ നിന്നെടുത്ത, മണ്ണോടു ചേരേണ്ട ഈ ശരീരത്തെ ദൈവം ഇത്രയധികം മാനിച്ചപ്പോൾ, നാം എത്ര ഭയത്തോടെ സേവിക്കണം? ഈ ശരീരത്തെ എത്ര വിശുദ്ധിയോടെ സൂക്ഷിക്കണം? ഈ മൂന്നര ഡോളറിന്റെ തൊലി ഭംഗി വർദ്ധിപ്പിക്കാൻ ഒരായുസ്സിൽ എത്ര ലക്ഷം ചിലവിടുന്നു? മണ്ണിൽ ചേരേണ്ട ഈ ശരീരത്തിന്റെ മസിൽ പെരുപ്പിക്കാൻ ജീവിതം ഉഴിഞ്ഞു വെക്കുന്നവരോട് ശാരീരികാഭ്യാസം അൽപ പ്രയോജനം ഉള്ളതെന്ന് പൗലോസ് അപ്പൊസ്തലൻ പറഞ്ഞതെത്ര ശരി. ദ്രവിക്കുന്നതിന്റെ അദ്രവത്വ സാധ്യതകൾ നാം തിരിച്ചറിയുമോ? ഏതു കേമനും അപമാനത്തിൽ വിതക്കപ്പെടുമെന്നുള്ള സത്യം അറിഞ്ഞിരുന്നെങ്കിൽ എത്ര നന്നായിരുന്നു. (1 കൊരി. 15:42-44 "മരിച്ചവരുടെ പുനരുത്ഥാനവും അവ്വണ്ണം തന്നേ. ദ്രവത്വത്തിൽ വിതെക്കപ്പെടുന്നു, ആത്മീക ശരീരം ഉയിർക്കുന്നു; പ്രാകൃതശരീരം ഉണ്ടെങ്കിൽ ആത്മീക ശരീരവും ഉണ്ട്") മനുഷ്യൻ തന്നെ മറക്കുന്നതും, നന്ദികേട് കാണിക്കുന്നതും, വിശുദ്ധിയുടെ പ്രമാണങ്ങൾ ഉപേക്ഷിക്കുന്നതും കണ്ടപ്പോൾ, 17500 കോടി ഡോളറിന് തുല്യം ചിലവാക്കി, ഏഴു വർഷംകൊണ്ട് പണിതതിനെ കല്ലിന്മേൽ കല്ല് ശേഷിക്കാതെ തച്ചുടച്ചു കളഞ്ഞദൈവം 1കൊരി.3:17-ൽ നമ്മോടും പറയുന്നു: "ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും; ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലോ; നിങ്ങളും അങ്ങനെ തന്നേ" ചെവിയുള്ളവൻ കേൾക്കട്ടെ.

## 01 ഇനി ബില്ലിഗ്രഹാമിന്റെ നാട്ടിൽ....

കരോലിന സമ്മേളനത്തിന് നേതൃത്വം നൽകുന്നത്.

നാഷണൽ കൺവീനറായി തെരഞ്ഞെടുത്തിരിക്കുന്ന പാസ്റ്റർ ബിനു ജോൺ സൗത്ത് കരോലിനാ ഐ. പി. സി. സഭാശുശ്രൂഷകനും, ഐ. പി. സി. മിഡ് വെസ്റ്റ് റീജിയൻ, ഐ. പി. സി. സൗത്ത് റീജിയൻ എന്നീ റീജിയനുകളിൽ വിവിധ സ്ഥാനങ്ങളിൽ പ്രവർത്തിച്ചിട്ടുണ്ട്. പിസിനാക്കിന്റെ മുൻ നാഷണൽ യൂത്ത് കോർഡിനേറ്ററായും പ്രവർത്തിച്ചിട്ടുണ്ട്.

നാഷണൽ ജനറൽ കോർഡിനേറ്ററായ നെബു സ്റ്റീഫൻ റാന്നി വെസ്റ്റ് പി. വൈ. പി. എ. പബ്ലിസിറ്റി കോർഡിനേറ്റർ, ഐ. പി. സി. സൗത്ത് ഈസ്റ്റ് റീജിയൻ ട്രഷറർ, ഐ. പി. സി. ഫാമിലി കോൺഫറൻസ് നാഷണൽ ട്രഷറർ, ഐ. പി. സി. ഒർലാന്റോ ചർച്ച് ട്രഷറർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

നാഷണൽ ജനറൽ സെക്രട്ടറി ടോം വർഗ്ഗീസ് പി. സി. എൻ. എ. കെ. മുൻ ട്രഷറർ യൂത്ത് കോർഡിനേറ്റർ എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചിട്ടുള്ള അറിയപ്പെട്ട സംഘാടകനാണ്.

നാഷണൽ ട്രഷറർ റെജി ഏബ്രഹാം ഐ. പി. സി. ഹെബ്രോൻ ചർച്ചിന്റെ ട്രഷറർ, പി. സി. എൻ. എ. കെ. യൂത്ത് കോർഡിനേറ്റർ, ഐ. പി. സി. ഫാമിലി കോൺഫറൻസ് യൂത്ത് കോർഡിനേറ്റർ എന്നീ വിവിധ സ്ഥാനങ്ങളിൽ നേതൃത്വം നൽകിയിട്ടുണ്ട്.

നാഷണൽ യൂത്ത് കോർഡിനേറ്ററായ ബിജോ തോമസ് ഐ. പി. സി. ഫാമിലി കോൺഫറൻസ് നാഷണൽ യൂത്ത് കോർഡിനേറ്ററായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. യുവജനങ്ങളുടെ ഇടയിൽ വിവിധ തലങ്ങളിൽ പ്രവർത്തിച്ച് അമേരിക്കയിലെ മലയാളികളായ പെന്തെക്കോസ്ത് യുവജനങ്ങളിൽ സമ്മതനായ യുവപ്രവർത്തകനാണ്.

## 02 അമേരിക്കൻ യാത്രാവിവരണം – 2

ന്റെ സമകാലീനനായ പാസ്റ്റർ വി. പി. ജോസും ഇവിടെ ശുശ്രൂഷയിലാണ്. അമേരിക്കയിലെ മലയാളി സഭകൾ കേരളാ കോൺഗ്രസുപോലെയാണ്. വളരുകയും പിളരുകയും ചെയ്യുകയാണ്. കേരളത്തിലേതിനേക്കാൾ ഈ പ്രതിഭാസം കൂടുതൽ കാണപ്പെടുന്നത് ഗൾഫുനാടുകളിലും അമേരിക്കൻ ഐക്യനാടുകളിലുമാണ് എന്നാണെന്റെ നിരീക്ഷണം. ഇപ്പോൾ ആസ്ത്രേലിയയിലും യു. കെ.യിലും ഇത് വ്യാപിച്ചിട്ടുണ്ട്. മലയാളിയുടെ സ്വതസിദ്ധമായ സ്വഭാവഗുണത്തിന്റെ ഭാഗമാകാം. സഭാ വളർച്ചയ്ക്ക് ഇങ്ങനെ പിരിയുന്നത് ആക്കം കൂട്ടിയിട്ടുണ്ട്. അപ്പൊസ്തല പ്രവർത്തികളുടെ പുസ്തകത്തിലും ചിതറിപ്പോകുന്ന സഭയെയും ചിതറിചെന്ന സ്ഥലങ്ങളിൽ വളർന്ന സഭയെയും കാണുന്നുണ്ടല്ലോ.

(തുടരും)

## കല്ലുകടി

### പ്രോജക്ടുകൾ... പ്രോജക്ടുകൾ...

വിദേശ നാടുകൾ സന്ദർശിക്കുന്ന ഉപദേശിമാരുടെ കൈയ്യിൽ ഉണ്ടായിരിക്കേണ്ട രണ്ടു കാര്യങ്ങൾ 1 പ്രോജക്ട് (ബ്രോഷർ സഹിതം) 2 പ്രവചനം (വിമാനത്തിൽ വെച്ച് പ്രാപിച്ചതായാലും മതി). ചിലരുടെ പ്രൊജക്ടുകൾ വായിച്ചാലും കേട്ടാലും നമ്മൾ രോമാഞ്ചകഞ്ചുകം അണിഞ്ഞ് നിന്ന് പോകും. ആത്മഭാരവും അതിനായി ദൈവം നൽകിയ ദർശനവും കേട്ടാൽ ആരും രോമാഞ്ചമണിയും. 4 ലക്ഷം ട്രാക്ട് അച്ചടിക്കാൻ 40000 ഡോളറിന്റെ പ്രോജക്ടുമായി വന്ന ഉപദേശിയും നാട്ടിൽ പ്രവചിക്കാതെ വിദേശത്തുമാത്രം പ്രവചിക്കുന്ന പ്രവാചകനും സ്ഥിരം കാഴ്ചയാവുകയാണ് വിദേശ നാടുകളിൽ. പ്രോജക്ടില്ലാത്തവനും പ്രവചിക്കാത്തവനും കൈമടക്ക് കുറയുന്നതിനാൽ ചിലരൊക്കെ അറിയാതെ പ്രവചിച്ചു പോകുകയാണത്രെ. വീടുള്ളവൻ വീടില്ലെന്നു പറയുന്നു. മകൾക്ക് കെട്ടിക്കാൻ പ്രായമായ കുഞ്ഞുങ്ങളുള്ളവർ മകളുടെ വിവാഹത്തിനായി ഭാരപ്പെടുന്ന കഥ പറയുന്നു. ഉത്തരഭാരതത്തിലൂടെ ട്രെയിനിൽ മാത്രം യാത്ര ചെയ്തിട്ടുള്ളവർ നോർത്തിന്ത്യയുടെ അപ്പോസ്തലനാകുന്നു. ഇങ്ങനെ എത്രയെത്ര വേഷപ്പകർച്ചകൾക്കാണ് വിദേശ സഭകൾ സാക്ഷ്യം വഹിക്കുന്നത്. പ്രവാചകന്മാരായി മാറിയവർ നടത്തുന്ന കസർത്തുകൾ വിവേചന വരമുള്ളവർ തിരിച്ചറിയുമ്പോൾ, ഭൂരിപക്ഷം പേരും പ്രവാചകനെ ശിരസിലേറ്റുന്നു. ബന്ധനവും പോരാട്ടവുമായി പ്രവാചകൻ മല്ലടിക്കുന്നു. അഴിഞ്ഞില്ലെങ്കിലും കേൾവിക്കാർ ഹാപ്പി. പ്രവാചകന്റെ പേഴ്സും ഹാപ്പി. കുറ്റം ചെയ്യുന്നവനും കുറ്റം ചെയ്യാൻ പ്രേരിപ്പിക്കുന്നവനും ഒരുപോലെ ശിക്ഷ ലഭിക്കുന്ന കാര്യമാണ്. പ്രവചനവരമില്ലാത്തവനെ പ്രവചിക്കാൻ പ്രേരിപ്പിക്കുന്നത് നമ്മുടെ വിശ്വാസികളാണ്.

**അടിക്കുറിപ്പ്:** ദീപസ്തംഭം മഹാശ്ചര്യം നമുക്കും കിട്ടണം പണം.



## ഇറ്റാലിയൻ ഭാഷാ പഠനം

ജേക്കബ് വർഗ്ഗീസ്
തൊടുപുഴ, Mob : 9495380729



41

### LESSON 41

### Cerco un Lavoro
### (Application for appointment)

Sono Indiano/a 25 Anni Infermiera cerco un Lavoro, Domestico, bedante, Casa Lavoro Fisso o Orario. Pronto lavoro a tutti. Sono maria una persona onesta`. Io parlo Italiano prefirsco lavoro con allogio. Sono sposato/a. Stipendio come voi volete. Ho passporto valido fino 20.12.2018. Mio visto fine su 31.12.2014 Io abito/indrizzo vicino Stazione Termini, Roma via delle palme 105. Scusa mi, perfavore aiutami. Grazie.

Mio Cellulare numero : 3810258888

Conosco Don Nixon Indiano / Italiano

Se vuole Puo consultario Numero : 0039 0628128120, 3882810222

# ലോഗോസ് മിനിസ്ട്രീസ് ഇൻ ഇൻഡ്യ
## പത്തനാപുരം, കേരള

വിവിധ മാർഗ്ഗങ്ങളിലൂടെ സുവിശേഷ വ്യാപനം നിവർത്തിക്കുക എന്ന ലക്ഷ്യത്തോടെ 1996 – ൽ ആരംഭം കുറിച്ചതാണ് ലോഗോസ് മിനിസ്ട്രീസ് ഇൻ ഇൻഡ്യ. 1987 – ൽ പാസ്റ്റർ വിജി ചാക്കോയ്ക്ക് ദൈവം നൽകിയ ദർശനമായിരുന്നു ലോഗോസ് മിനിസ്ട്രീസിന്റെ രൂപീകരണത്തിന് അടിസ്ഥാനമായത്. ജീവകാരുണ്യ സഹായം, കൺവൻഷനുകൾ, പരസ്യയോഗം, ഭവനസന്ദർശനം, ട്രാക്ട് വിതരണം, ലോഗോസ് മ്യൂസിക് ടീം, ലോഗോസ് സ്നേഹഭവൻ എന്ന പേരിൽ അനാഥശാല എന്നിങ്ങനെ വിവിധ പ്രവർത്തനങ്ങൾ ലോഗോസ് മിനിസ്ട്രീസ് ഇൻ ഇൻഡ്യയുടെ ചുമതലയിൽ നടത്തപ്പെടുന്നു. പാസ്റ്റർ വിജി ചാക്കോ ഡയറക്ടറായും പാസ്റ്റർ സന്തോഷ് ചാക്കോ കോർഡിനേറ്ററായും പ്രവർത്തിക്കുന്നു.

## പ്രാർത്ഥന പോരാളിയായ പാസ്റ്റർ വൈ. ചാക്കോ


പാസ്റ്റർ വൈ.ചാക്കോയും ഭാര്യ മറിയാമ്മയും

പത്തനാപുരം ചെങ്കിലാത്ത് ശാലേം ഹൗസിൽ പാസ്റ്റർ വൈ.ചാക്കോ (84) മസ്തിഷ്കാഘാതത്തെ തുടർന്ന് വിശ്രമത്തിലാണ്. 39 വർഷങ്ങൾ സുവിശേഷ വയലിൽ അധ്വാനിച്ച പോരാളി, പ്രാർത്ഥനയുടെ ശക്തി തിരിച്ചറിഞ്ഞ പ്രാർത്ഥനാ മനുഷ്യൻ, വിവിധയിടങ്ങളിൽ സുവിശേഷത്തിന്റെ വിത്തു വിതച്ച് അനേക ആത്മാക്കളെ ക്രിസ്തുവിനായി നേടിയ സുവിശേഷകൻ, ആടുകളെ നന്നായി പരിപാലിച്ച ഇടയൻ. 18-ാം വയസിൽ ഭവനത്തിന്റെ സമീപേയുള്ള സഭയിൽ നടന്ന കാത്തിരുപ്പ് യോഗത്തിനു നേരെ കല്ലെറിയാൻ പോയതാണ് ചാക്കോ. എന്നാൽ ദൈവവചനം തന്നെ രൂപാന്തരപ്പെടുത്തി. ഒരു ദൈവ പൈതലായിട്ടാണ് താൻ സ്വന്തഭവനത്തിൽ മടങ്ങിയെത്തിയത്. സുവിശേഷ വേലക്കായി സമർപ്പിച്ചു. ചാക്കോ 1962 മുതൽ 64 വരെ പുനലൂർ ബെഥേൽ ബൈബിൾ കോളജിൽ വേദപഠനം നടത്തി. തുടർന്ന് കടമ്പനാട്, പോരുവഴി, വള്ളിക്കുന്നം, മുഖത്തല, പിടവൂർ, കണ്ണാട്ടുമോടി, ചണ്ണപ്പേട്ട, പാണ്ടനാട്, കരുനാഗപ്പള്ളി, മുണ്ടുകോട്ടക്കൽ തുടങ്ങിയ സ്ഥലങ്ങളിൽ അസംബ്ലി ഓഫ് ഗോഡ് സഭയുടെ ശുശ്രൂഷ നിർവ്വഹിച്ചു. പത്തനാപുരം പുതുവൽ വിളനിലത്ത് മറിയാമ്മയെ 1963-ൽ ചാക്കോ വിവാഹം ചെയ്തു. പാസ്റ്റർ സജി ചാക്കോ, പാസ്റ്റർ വിജി ചാക്കോ, ജസി (പാസ്റ്റർ എ. ഷാജിയുടെ ഭാര്യ), പാസ്റ്റർ പ്രിൻസ് ചാക്കോ, സിബി ബാബു, പാസ്റ്റർ സന്തോഷ് ചാക്കോ എന്നിവരാണ് ഈ മിഷനറി ദമ്പതികളുടെ മക്കൾ. 2005-ൽ മസ്തിഷ്ക്കാഘാതത്തെ തുടർന്ന് ഭവനത്തിൽ വിശ്രമിക്കുകയാണ് പ്രാർത്ഥനയുടെ ശക്തി ജീവിതത്തിൽ തിരിച്ചറിഞ്ഞ ഈ വയോധിക കർത്തൃദാസൻ.

## പാസ്റ്റർ വിജി ചാക്കോ (ഡയറക്ടർ)


പാസ്റ്റർ വിജി ചാക്കോ

**1965-ൽ** ജനിച്ച പാസ്റ്റർ വിജി ചാക്കോ ഹരിയാന ഗ്രേയ്സ് ബൈബിൾ കോളജിലും ന്യൂ ലൈഫ് ബിബ്ളിക്കൽ സെമിനാരിയിലുമായി വേദപഠനം നടത്തി. 1987-ൽ ബീഹാറിലെ റാഞ്ചിയിൽ ഗ്രാമീണരുടെ ഇടയിൽ പ്രവർത്തിച്ചു. തുടർന്ന് ബാംഗ്ലൂരിൽ 1988 – ൽ എത്തി.പാസ്റ്റർ ദത്തോസ് ചെറിയാനോടൊപ്പം പ്രവർത്തിച്ചു. 1989-ൽ പാസ്റ്റർ മാത്യു എം. ചെറിയാന്റെ മകൾ ഷൈനിയെ വിവാഹം ചെയ്തു. 1992 – ൽ അമേരിക്കയിലെത്തി. അറ്റ്ലാന്റാ ക്രിസ്ത്യൻ അസംബ്ലിയിലെ വർഷിപ്പ് ലീഡറായ പാസ്റ്റർ വിജി ചാക്കോ അനേക ക്രൈസ്തവ ഗാനങ്ങളുടെ രചയിതാവ് കൂടിയാണ്. 1987-ൽ തനിക്ക് ദൈവം നൽകിയ ദർശന പ്രകാരം ആരംഭിച്ചതാണ് ലോഗോസ് മിനിസ്ട്രീസ് ഇൻ ഇൻഡ്യ. ലോഗോസ് മിനിസ്ട്രിയുടെ ഡയറക്ടറായി പ്രവർത്തിക്കുന്ന പാസ്റ്റർ വിജി ചാക്കോയുടെ ഭാര്യ: ഷൈനി ചാക്കോ

മക്കൾ : ജെൻസീൻ, ജയ്സൺ, ജാസ്മിൻ

മരുമകൻ: ജിജോ, കൊച്ചുമകൻ: ജെരമിയ


പാസ്റ്റർ വിജി ചാക്കോ കുടുംബത്തോടൊപ്പം

## സംഗീതത്തിലൂടെ സുവിശേഷം



ലോഗോസ് മിനിസ്ട്രീസ് ഇൻ ഇൻഡ്യയുടെ സംഗീത വിഭാഗമായ ലോഗോസ് മ്യൂസിക്സിന്റെ ചുമതലയിൽ ക്രൈസ്തവ സിഡികൾ പുറത്തിറക്കുന്നു. ഗാന രചയിതാവ് കൂടിയായ പാസ്റ്റർ വിജി ചാക്കോ രചിച്ച ഗാനങ്ങളും ഈ സിഡികളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. വിടുതലിൻ കരങ്ങൾ, നിത്യമാം സ്നേഹം, മാറാത്ത സ്നേഹം, മാറാത്ത സഹായി, മാറാത്ത സ്നേഹിതൻ, തുടങ്ങിയവയാണ് ലോഗോസ് മ്യൂസിക്സ് പുറത്തിറക്കിയിരിക്കുന്ന സി. ഡി.കൾ.


പാസ്റ്റർ സന്തോഷ് ചാക്കോ ഗാനം ആലപിക്കുന്നു

## കൂടുതൽ വിവരങ്ങൾക്ക്

| LOGOS MINISTRIES IN INDIA | VIJI CHACKO |
|---|---|
| Chenkilath Salem House | Logos Ministries |
| Pathanapuram, Kollam Dist | 3970 Embassy way |
| PH: 828 -116 - 8282 | Lilburn, GA 30047, USA |

Email: vijishiny3@yahoo.com

# ഡോ.കോര സംസാരിക്കുന്നു



1. ഐ. പി. സി. യിലെ ശുശ്രൂഷകൻ സഭക്കെതിരെ സുപ്രീം കോടതിയെ സമീപിച്ചതായി കേൾക്കുന്നല്ലോ. കോര എന്തു പറയുന്നു
**– എബി കുമ്പനാട്**

*കോരയും കേട്ടു. നമ്മൾ സമുദായക്കാരേക്കാൾ മോശമല്ലെന്നു മനസ്സിലായില്ലേ. നമ്മുടെ കേസും സുപ്രീം കോടതിയിലെത്തിയില്ലേ. ഇതിൽപരം അഭിമാനം എന്താ വേണ്ടത്. ആ ആലിന്റെ തണലിൽ ഇരുന്ന് കാറ്റുകൊള്ളാം.*

2. ഐ. പി. സി. ജനറൽ സെക്രട്ടറിയുടെ അമേരിക്കൻ യാത്രയെക്കുറിച്ച് ചിലർ വ്യാജം പരത്തുന്നുവെന്നും അത്തരക്കാരോട് ദൈവം ചോദിക്കുമെന്നും ഒരു വാർത്ത കണ്ടല്ലോ കോരെ
**– സുബിൻ കുമ്പനാട്**

*കോരയും വായിച്ചു. കോര പണ്ടു മുതലേ ഇതു പറയുന്നതാ. വ്യാജവർത്തമാനം പരത്തുക, ഊമക്കത്തെഴുതി പ്രചരിപ്പിക്കുക ഇങ്ങനത്തെ കാര്യങ്ങൾ ചെയ്യുന്നവരോട് ദൈവം ചോദിക്കും*

3. അമേരിക്കൻ വൈസ് പ്രസിഡന്റിനെ കാണാൻ അപ്പോയ്ന്റ്മെന്റ് കിട്ടുമെന്നും അതിനു ശേഷം പ്രസിഡന്റിനെയും കാണുമെന്ന് അമേരിക്കൻ സന്ദർശനത്തിനെത്തിയ ഒരു പാസ്റ്റർ പറഞ്ഞതായി കേട്ടല്ലോ. അത് സത്യമാണോ കോരെ.
**– സാം പുനലൂർ**

*മുളക്കുഴ, കുമ്പനാട്, പുനലൂർ എന്നിവിടങ്ങളിലെ വിഷയങ്ങൾ ചർച്ച ചെയ്യാനായിരിക്കാം ഈ കൂടിക്കാഴ്ച.*

# ഐ.പി.സി. നോർത്ത് അമേരിക്കൻ സൗത്ത് ഈസ്റ്റ് റീജിയൻ വാർഷീക കോൺഫറൻസ് 2014



**സൗത്ത് ഫ്ളോറിഡ:** ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭയുടെ നോർത്ത് അമേരിക്കയിലുള്ള റീജിയനുകളിൽ സൗത്ത് ഈസ്റ്റ് സംസ്ഥാനങ്ങളിലെ ഐ.പി.സി. സഭകൾ അംഗങ്ങളായുള്ള ഐ.പി.സി. നോർത്ത് അമേരിക്കൻ സൗത്ത് ഈസ്റ്റ് റീജിയന്റെ വാർഷീക കോൺഫറൻസ് 2014 ആഗസ്റ്റ് 29 മുതൽ 31 വരെയുള്ള തീയതികളിൽ സണ്റൈസ് ഫ്ളോറിഡായിലുള്ള ഹോളീഡേ ഇനിൽ (3003 നോർത്ത് യൂണിവേഴ്സിറ്റി ഡ്രൈവ്, സണ്റൈസ്, ഫ്ളോറിഡാ 33322) വച്ച് നടക്കുന്നതാണ്.

അറിയപ്പെട്ട കൺവൻഷൻ പ്രസംഗകനും, പി.സി.നാക്ക്, ഐ.പി.സി. ഫാമിലി കോൺഫറൻസ് എന്നീ കോൺഫറൻസുകളിലെ അതിഥി പ്രസംഗകനുമായിരുന്ന പാസ്റ്റർ റ്റി.ഡി.ബാബു (ഇന്ത്യ) മുഖ്യ പ്രസംഗകനായിരിക്കും. കൂടാതെ റീജിയനിലെ വിവിധ ശുശ്രൂഷകന്മാരും പ്രസിദ്ധരായ പ്രഭാഷകരും ഈ കോൺഫറൻസിൽ പ്രസംഗിക്കുന്നതാണ്. യുവജനങ്ങൾക്കും, സഹോദരിമാർക്കുമായി വിവിധ സമയങ്ങളിൽ മീറ്റിംഗുകൾ ക്രമീകരിച്ചിട്ടുണ്ട്.

സെന്റർ ഫ്ളോറിഡ, സൗത്ത് ഫ്ളോറിഡാ, ജോർജ്ജിയ, ടെന്നസി, സൗത്ത് കരോലിനാ എന്നീ സംസ്ഥാനങ്ങളിലുള്ള ഐ.പി.സി. സഭകളിലെ ശുശ്രൂഷകന്മാരും വിശ്വാസികളും ഈ കോൺഫറൻസിൽ പങ്കെടുക്കുന്നതാണ്. സഭാവ്യത്യാസം ഇല്ലാതെ എല്ലാവരും ഈ ത്രിദിന കോൺഫറസിൽ പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കണമെന്ന് റീജിയൻ പ്രസിഡന്റ് പാസ്റ്റർ കെ.സി.ജോൺ, സെക്രട്ടറി പാസ്റ്റർ മോറീസ് സാംസൺ എന്നിവർ അറിയിച്ചു.

പാസ്റ്റർ കെ.സി.ജോൺ (പ്രസിഡന്റ്), പാസ്റ്റർ ഏ.സി.ഉമ്മൻ (വൈസ് പ്രസിഡന്റ്), പാസ്റ്റർ മോറീസ് സാംസൺ (സെക്രട്ടറി), ബ്രദർ രാജൻ ആര്യപ്പള്ളിൽ (ജോ.സെക്രട്ടറി), ബ്രദർ ചാക്കോ സ്റ്റീഫൻ (ട്രഷറർ) എന്നിവരാണ് ഈ കോൺഫറൻസിന് നേതൃത്വം നൽകുന്നത്.

# കേരള പെന്തക്കോസ്തൽ റൈറ്റേഴ്സ് ഫോറം ഉദ്ഘാടനം ന്യൂയോർക്കിൽ നടത്തി



**ന്യൂയോർക്ക്:** നോർത്ത് അമേരിക്കൻ മലയാളി പെന്തക്കോസ്ത് എഴുത്തുക്കാരുടെ കൂട്ടായ്മയായ കേരള പെന്തക്കോസ്തു റൈറ്റേഴ്സ് ഫോറം തെരഞ്ഞെടുത്ത പുതിയ ഭാരവാഹികളുടെ പ്രവർത്തക സമ്മേളനവും ഉദ്ഘാടനവും ക്വീൻസ് വില്ലേജിലുള്ള ഇൻഡ്യാ പെന്തക്കോസ്തു ദൈവസഭയിൽ ജൂലൈ 20-നു ഞായറാഴ്ച വൈകിട്ട് 6 മണിക്ക് വൈസ് പ്രസിഡന്റ് പാസ്റ്റർ തോമസ് കിടങ്ങാലിലിന്റെ അദ്ധ്യക്ഷതയിൽ പ്രസിഡന്റ് പാസ്റ്റർ ബാബു തോമസ് ഉദ്ഘാടനം ചെയ്തു. കെ.പി.ഡബ്ലൂ.എഫ് ന്യൂയോർക്ക് ചാപ്റ്ററും സംയുക്തമായി നടത്തിയ സെമിനാറിൽ ബ്രദർ കെ.പി.തോമസ്, റവ. ഡോ. ജോമോൻ കെ ജോർജ്, എന്നിവർ വിവിധ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസുകൾ നയിച്ചു. സണ്ടേസ്കൂൾ പരിശീലന പരിപാടികളുടെ ആധുനിക പഠനത്തെക്കുറിച്ചുള്ള ക്ലാസ്സുകളും അവതരിപ്പിച്ചു.

പാസ്റ്റർമാരായ സാം. റ്റി മുഖത്തല, തോമസ് കുര്യൻ, ആൽവിൻ ഡേവിഡ്, ബ്രദർ മാത്തുക്കുട്ടി എന്നിവർ ആശംസകൾ അറിയിച്ച് സംസാരിച്ചു. ന്യൂയോർക്ക് ചാപ്റ്റർ പ്രസിഡന്റ് സജി തട്ടയിൽ ആമുഖ പ്രസംഗം നടത്തി. ബ്രദർ ജോസ് ബേബി സ്വാഗതവും ബ്രദർ അനുരാജ് രാജൻ നന്ദിയും പറഞ്ഞു. ചടങ്ങിൽ സണ്ടേസ്ക്കൂൾ ടീച്ചിംഗ് ഷെഡ്യൂൾ പ്രകാശനം ഐ.പി.സി ഈസ്റ്റേൺ റീജിയൻ സണ്ടേസ്കൂൾ ഡയറക്ടർ പാസ്റ്റർ ആൽവിൻ ഡേവിഡ് ബ്രദർ കെ.പി. തോമസിനു നൽകി പ്രകാശനം ചെയ്തു.

പാസ്റ്റർ ബാബു തോമസ് (ന്യൂയോർക്ക്) പ്രസിഡന്റ്, പാസ്റ്റർ തോമസ് കിടങ്ങാലിൽ (ന്യൂയോർക്ക്) വൈസ് പ്രസിഡന്റ്, രാജൻ ആര്യപ്പള്ളിൽ (അറ്റ്ലാന്റാ) ജനറൽ സെക്രട്ടറി, പാസ്റ്റർ ജോൺ തോമസ് (ഹൂസ്റ്റൺ) ജോ. സെക്രട്ടറി, ജോയിസ് പി. മാത്യൂസ് (ടെന്നസ്സി) ട്രഷറർ, ഷേർളി ചാക്കോ (സിയാറ്റിൽ) ലേഡീസ് കോർഡിനേറ്റർ എന്നിവരാണു കേരള പെന്തക്കോസ്തു റൈറ്റേഴ്സ് ഫോറം തിരഞ്ഞെടുത്ത പുതിയ ഭാരവാഹികൾ.

1992 -ൽ സിറാക്കൂസ് പട്ടണത്തിൽ ചെറിയ രീതിയിൽ ആരംഭിച്ച പെന്തക്കോസ്തു എഴുത്തുകാരുടെ സംഘടന ഇന്ന് നൂറുകണക്കിനു അംഗങ്ങളുള്ളതും സാഹിത്യ പ്രവർത്തനങ്ങളെ വിപുലപ്പെടുത്തുവാനും വിവിധ സഭാവിഭാഗങ്ങളിലുള്ള സാഹിത്യപ്രവർത്തകരെ ഒന്നിപ്പിക്കുവാനും ഉതകുന്ന തരത്തിലുള്ള സംഘടനയായി മാറിക്കഴിഞ്ഞു. അവാർഡ് നിർണ്ണയവും കൂടുതൽ കാര്യക്ഷമമാക്കുവാനും അംഗത്വ വിതരണവും രജിസ്ട്രേഷനും കൂടുതൽ സുതാര്യമാക്കുവാനും ശില്പശാല, സംഗീത സായ്ഹാനം, സെമിനാറുകൾ തുടങ്ങി ഒട്ടനവധി കർമ്മപദ്ധതികൾ തയ്യാറാക്കിവരുന്നതായി ജനറൽ സെക്രട്ടറി രാജൻ ആര്യപ്പള്ളിൽ അറിയിച്ചു.

## അമേരിക്കൻ വിശേഷം
### രാജൻ ആര്യപ്പള്ളിൽ ചെയർമാൻ



# കോൺഫറൻസും സന്ദർശകരും

ഒരു കോൺഫറൻസ് കാലം കൂടി സമാപിച്ചു. സംഘാടകരുടെ കഠിനാധ്വാനവും പ്രാർത്ഥനയും സംഘാടക മികവുമൊക്കെ കോൺഫറൻസിന്റെ വിജയത്തിനു കാരണമായി. കോൺഫറൻസുകൾ കഴിഞ്ഞ് എല്ലാവരും മടങ്ങുമ്പോഴും സംഘാടകരുടെ തിരക്കൊഴിയുന്നില്ല. എല്ലാം സെറ്റിൽ ചെയ്യുമ്പോഴേക്കും പിന്നെയും ദിനരാത്രങ്ങൾ ഉറക്കമൊഴിയേണ്ടിവരുന്നു. ഇനി വിശ്രമത്തിന്റെ നാളുകൾ. ഇക്കുറി സന്ദർശകർ ധാരാളമുണ്ട്. പതിവിൽ കവിഞ്ഞ തിരക്കുണ്ട്. ഈ കോളത്തിൽ ഈ വിഷയം സംബന്ധിച്ച് പലപ്രാവശ്യം ഞാൻ പരാമർശിച്ചിട്ടുണ്ട്. താമസം, പ്രോഗ്രാം ഇവ ഉറപ്പാക്കി മാത്രമേ സന്ദർശകർ എത്താവു. വ്യക്തി ബന്ധങ്ങളിലൂടെ മാത്രമേ പ്രോഗ്രാം ലഭിക്കുകയുള്ളു. പരിചിതരെയും ബന്ധുക്കളെയും അലെങ്കിൽ ഒഴിച്ചുകൂടാനാവാത്ത വ്യക്തികൾ പരിചയപ്പെടുത്തുന്നതിലൂടെയും മാത്രമേ ഭവനങ്ങളിൽ സന്ദർശകരെ സ്വീകരിക്കുകയും താമസിപ്പിക്കുകയും ഉള്ളു. ദൈവദാസന്മാർ വരുന്നതിനും നന്മ പ്രാപിക്കുന്നതിനും ആവശ്യമാണ്. എന്നാൽ പലപ്പോഴും അർഹരായവർ തഴയപ്പെടുന്നുവെന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്.

എമ്പോളയും ഗാസയും വിമാന അപകടങ്ങളും ഉക്രൈനും ഒക്കെയാണ് മാധ്യമങ്ങളിലെ പ്രധാന വിഷയങ്ങൾ. ആകെ കലുഷിതമായ അന്തരീക്ഷമാണ് ലോകമെങ്ങും എന്ന് പറയാം. പലവിധ ഭീതികൾ ലോകജനതയെ കീഴ്പ്പെടുത്തിയിരിക്കുന്നു. എന്നാൽ നമ്മുടെ പ്രത്യാശയെ വർദ്ധിപ്പിക്കുന്നതാണ് ലോകമെങ്ങും അരങ്ങേറുന്ന സംഭവങ്ങളെന്നത് സത്യം.

# 2–ാമത് ഐ. പി. സി. ചെമ്പൂർ സംഗമം

**ഹൂസ്റ്റൺ:** അമേരിക്കയിൽ പാർക്കുന്ന ചെമ്പൂർ ഐ. പി. സി.യിലെ മുൻ അംഗങ്ങളുടെയും ശുശ്രൂഷകരുടെയും 2–ാമത് സമ്മേളനം നടന്നു. ഹൂസ്റ്റണിൽ നടന്ന ഐ. പി. സി. ഫാമിലി കോൺഫറൻസിനോടനുബന്ധിച്ചാണ് സമ്മേളനം നടന്നത്. പാസ്റ്റർ സാമുവേൽ ജോൺ അദ്ധ്യക്ഷനായിരുന്ന സമ്മേളനത്തിൽ പാസ്റ്റർ മാത്യൂ ശാമുവേൽ, പാസ്റ്റർ തോമസ് വി. കോശി എന്നിവർ പ്രസംഗിച്ചു. ബ്രദർ ജോൺസൺ കെ. ശമുവേൽ കോർഡിനേറ്ററായിരുന്നു. ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ നിന്നുള്ള മുൻ ചെമ്പൂർ സംഗമത്തിന്റെ വെബ്സൈറ്റ് നിർമ്മാണത്തിനായി ജോൺസൺ കെ. ശമുവേൽ, ജോജി ശമുവേൽ, ഉമ്മൻ എബനേസർ എന്നിവരെ ചുമതലപ്പെടുത്തി.

# റൈറ്റേഴ്സ് ഫോറം അവാർഡുകൾ നൽകി

**ഡാളസ്:** ക്രിസ്തീയ സാഹിത്യരചനകളിൽ മികവ് കാട്ടിയ പ്രതിഭകളെ ആദരിച്ചു കൊണ്ട് അവാർഡ് ദാനം ജൂലൈ 5 ന് മലയാളി പെന്തക്കോസ്ത് കോൺഫറൻസിൽ റൈറ്റേഴ്സ് ഫോറം നാഷണൽ പ്രസിഡന്റ് ബ്രദർ എസ്.പി. ജെയിംസിന്റെ അദ്ധ്യക്ഷതയിൽ നടന്നു.

അവാർഡ് ജേതാക്കളായ പാസ്റ്റർ കുഞ്ഞപ്പൻ സി. വർഗ്ഗീസിന് (ഇംഗ്ലീഷ് പുസ്തകം) പാസ്റ്റർ പി.ജെ.ജയിംസും (ചർച്ച് ഓഫ് ഗോഡ് ഓവർസിയർ), പാസ്റ്റർ രാജൻ പരുത്തിമൂട്ടിലിന് (മലയാളം പുസ്തകം) (അവാർഡ് ഏറ്റുവാങ്ങിയത് ബ്രദർ എസ്.പി.ജയിംസ്) പാസ്റ്റർ ജേക്കബ് ജോണും (ഐ.പി.സി. ജനറൽ പ്രസിഡന്റ്), പാസ്റ്റർ മാത്യൂസ് ഇട്ടിക്ക് (മലയാളം ലേഖനം), പാസ്റ്റർ റ്റി.ഡി.ബാബുവും (ഐ.പി.സി.കേരള), സിസ്റ്റർ ഷേർളി ചാക്കോയ്ക്ക് (ഇംഗ്ലീഷ് ലേഖനം), പാസ്റ്റർ ജോ കുര്യനും (ചർച്ച് ഓഫ് ഗോഡ് ലണ്ടൻ), ബ്രദർ സാമുവേൽ ഗീവർഗീസിന് (ഇംഗ്ലീഷ് കവിത), പാസ്റ്റർ ജോയി പി.ഉമ്മനും(ന്യൂയോർക്ക്), സിസ്റ്റർ ലീലാമ്മ ജോർജ്ജിന് (മലയാളം കവിത) (മകൾ ഷീബ അവാർഡ് ഏറ്റുവാങ്ങി) ബ്രദർ കെ.എം. ഈപ്പനും (ചീഫ് എഡിറ്റർ കേരള എക്സ്പ്രസ്) റൈറ്റേഴ്സ് ഫോറം അവാർഡുകൾ നൽകി. മൂന്ന് പുതുമുഖങ്ങൾക്ക് ഈ വർഷം അവാർഡുകൾ നൽകി.

പാസ്റ്റർ ബിനു ജോൺ (നാഷണൽ ജോ. സെക്രട്ടറി) സ്വാഗതം ആശംസിച്ചു. പാസ്റ്റർമാരായ ജേക്കബ് ജോൺ, പി. ജെ. ജയിംസ്, റ്റി. ഡി. ബാബു, ജോ കുര്യൻ, എം. കുഞ്ഞപ്പി, സാം മുഖത്തല എന്നിവർ സമ്മേളനത്തിൽ സംസാരിച്ചു. റൈറ്റേഴ്സ് ഫോറം ചാപ്റ്റർ ഭാരവാഹികളായ പാസ്റ്റർ ജോർജ് മാത്യു (ഫിലഡൽഫിയ), പാസ്റ്റർ സണ്ണി താഴംപള്ളം (ഹൂസ്റ്റൺ), രാജൻ ആര്യപ്പള്ളിൽ (ജോർജിയ), സജി തട്ടയിൽ (ന്യൂയോർക്ക്) എന്നിവർ ആശംസകൾ അറിയിച്ചു. പുതിയ ഭാരവാഹികളായി പാസ്റ്റർ ബാബു തോമസ്, ന്യൂയോർക്ക് (നാഷണൽ പ്രസിഡന്റ്), പാസ്റ്റർ തോമസ് കിടങ്ങാലിൽ, ന്യൂയോർക്ക് (നാഷണൽ വൈസ് പ്രസിഡന്റ്), രാജൻ ആര്യപ്പള്ളിൽ ജോർജിയ (നാഷ്ണൽ സെക്രട്ടറി), പാസ്റ്റർ ജോൺ തോമസ്, ടെക്സസ് (നാഷണൽ ജോ. സെക്രട്ടറി), ജോയിസ് മാത്യൂസ്, ടെന്നസി (നാഷണൽ ട്രഷറാർ) എന്നിവരാണ് ഐക്യകണ്ഠേന തെരഞ്ഞെടുക്കപ്പെട്ടത്.

# പോലീസ് സേനയിൽ നിന്നും ദൈവത്തിന്റെ സേനയിലേക്ക്



ഷൈജു ഞാറയ്ക്കൽ

"ഒരു നല്ല വിശ്വാസിക്ക് നല്ല പോലീസുകാരനാകാൻ കഴിയും" ഇത് പാസ്റ്റർ കെ.സി. സണ്ണികുട്ടിയുടെ വാക്കുകളാണ്. പെന്തെക്കോസ്ത് ധാർമ്മികത കാത്തുസൂക്ഷിക്കുന്ന ഉദ്യോഗസ്ഥർക്ക് സിവിൽ സർവ്വീസിനെയും ബ്യൂറോക്രസിയേയും ശുദ്ധികരിക്കാൻ കഴിയുമെന്നാണ് ഇദ്ദേഹത്തിന്റെ വാദം. സെമിനാരിയിൽ നിന്നും പോലീസ് കുപ്പായത്തിലേക്കും അവിടെ നിന്നും പോലീസിലേക്കും പേകേണ്ട അപൂർവ്വ നിയോഗം ഇദ്ദേഹത്തിനുണ്ടായി.

ചങ്ങനാശേരി ചെമ്പുംതുരുത്ത് കിഴക്കേപറമ്പിൻ അന്ത്രയോസ് ചാക്കോ- മറിയാമ്മ ചാക്കോ ദമ്പതിയുടെ മൂത്ത മക്കളിൽ സീമന്ത പുത്രനാണ് സണ്ണികുട്ടി. മഹാനായ കുക്ക് സായ്പ് സ്ഥാപിച്ച ചെമ്പുംതുരുത്ത് സഭയുടെ അംഗമായതിൽ അഭിമാനിക്കുന്ന താൻ സമ്പന്നമായ ആത്മീക പൈതൃകത്തിലാണ് ജനിച്ചു വളർന്നത്. പെന്തെക്കോസ്തിന്റെ ബാലപാഠങ്ങൾ പഠിച്ച താൻ പാസ്റ്റർ എൻ. ജെ. ആൻഡ്രൂസിന്റെ കൈക്കീഴിൻ സ്ഥാനമേറ്റു. ചങ്ങനാശേരി എൻ. എസ്.എസ്. കോളേജിൽ പഠനം പൂർത്തിയാക്കി.

ചെറുപ്പത്തിൽ തന്നെ ആത്മീക പ്രവർത്തനങ്ങളിൽ സജീവമായി വൈ. പി. ഇ. ഓർഗനൈസർ, സണ്ടേസ്കൂൾ സൂപ്രണ്ട്, മധ്യമേഖലാ സെക്രട്ടറി, യുത്ത് ബോർഡ്- സണ്ടേസ്കൂൾ ബോർഡ് മെമ്പർ എന്ന നിലകളിൻ പ്രവർത്തിച്ചു. 1981-ൽ ബാംഗ്ലൂരിലുള്ള ഹൂബ്ലി C.M.F. ബൈബിൾ കോളേജിൽ ബി.റ്റി.എച്ച് ന് പഠിക്കാൻ പോയി. അവിടെ പഠനം തുടരുമ്പോൾ 1982- ൽ കേരള പോലീസിൽ ജോലി ലഭിച്ചു. ട്രെയിനിംഗിന് ശേഷം ആദ്യ നിയമനം കോട്ടയം എ.ആർ. ക്യാമ്പിലേക്ക്.

1984 ൽ ചെമ്പുംതുരുത്ത് ആൻസിയെ ജിവിതസഖിയാക്കി. പ്രഥമ ഓവർസിയർ പാസ്റ്റർ കെ.ജെ. ചാക്കോയാണ് വിവാഹം ആശിർവദിച്ചത്. 1987 മുതൽ 2004 വരെ കോട്ടയം ഡിസ്ട്രിക്ട് പോലീസ് ഓഫീസിൽ ജോലി ചെയ്തു. 2008 ൽ കോട്ടയം ഡിസ്ട്രിക്ട് ക്രൈം ബ്രാഞ്ചിലും ക്രൈം റിക്കോർഡ് ബ്യൂറോയിലും പ്രവർത്തിച്ചു. ജില്ലാ പോലീസ് സൂപ്രണ്ട് അഡ്മിനിസ്ട്രേറ്റീവ് ഓഫീസിലെ ജോലിയാണ് സണ്ണിക്കുട്ടിക്ക് കൂടുതൽ അനുഭവങ്ങൾ സമ്മാനിച്ചത്. ഈ സന്ദർഭം ഭരണ നിർവ്വഹണം, മാനേജ്മെന്റ് തത്വങ്ങൾ തുടങ്ങിയവ മനസ്സിലാക്കാൻ സഹായിച്ചു. കോട്ടയം ഈസ്റ്റ്, വെസ്റ്റ്, ട്രാഫിക്, മണർകാട്, കറുകച്ചാൽ, വാകത്താനം എന്നീ സ്റ്റേഷനുകളിൽ ഹെഡ് കോൺസ്റ്റബിളായി പ്രവർത്തിച്ചു.

കേരളത്തിലെ പ്രഗത്ഭരായ പോലീസ് ഓഫീസറന്മാരോടൊപ്പം ജോലിചെയ്യാൻ കഴിഞ്ഞത് അഭിമാനമായി കരുതുന്നു. ഋഷിരാജ് സിങ്, ഡി. ഷംസുദീൻ, സി. എസ്. സുകുമാരൻ, ടോം ജോസഫ്, സി.ജി. ഗോപാലകൃഷ്ണൻ തുടങ്ങിയ എസ്.പി. മാരോടൊപ്പം പ്രവർത്തിച്ചത് മുതൽക്കൂട്ടാണ്. തന്റെ ജോലി ഒരിക്കലും സുവിശേഷ പ്രവർത്തനത്തിന് തടസ്സം നിന്നില്ല. പോലീസുകാരുടെ ഇടയിൽ 'അച്ചൻ സണ്ണി' എന്നറിയപ്പെട്ട സണ്ണിക്കുട്ടി മാതൃകാപരമായ പ്രവർത്തനമാണ് കാഴ്ചവച്ചത്. പല പോലീസുകാരോടും സുവിശേഷം പറഞ്ഞു. ഓഫീസർമാർ പലരും വീടുകളിൽ തന്നെ പ്രാർത്ഥിക്കാൻ വിളിച്ചു. താൻ രക്ഷയിലേക്ക് നടത്തിയ ഒരു പോലീസ് ഡ്രൈവർ ഇപ്പോൾ പാസ്റ്ററാണ്.

പോലീസുകാർക്കെതിരെയുള്ള ആരോപണങ്ങൾ അന്വേഷിക്കുന്ന ടീമിലെ അംഗമായിരുന്ന സണ്ണിക്കുട്ടിയെ വിശ്വസ്തനായ ഉദ്യോഗസ്ഥനായിട്ടാണ് ഡിപ്പാർട്ടുമെന്റ് കരുതിയിരുന്നത്. 'ഏത് ഉദ്യോഗസ്ഥനും നല്ലവനുമാകാം, ചീത്തയുമാകാം". പ്രൊഫഷണൽ എത്തിക്സ് കാത്തുസൂക്ഷിക്കണമെന്നുമാത്രം.- സണ്ണിക്കുട്ടി പറഞ്ഞു. 30 വർഷത്തെ സേവത്തിനു ശേഷം പൂർണ്ണ സമയ സഭാ പ്രവർത്തനത്തിനുവേണ്ടി 2012 മാർച്ച് 31 ന് ചങ്ങനാശ്ശേരിയിൽനിന്ന് സബ് ഇൻസ്പെക്ടറായി വോളണ്ടറി റിട്ടയർമെന്റെടുത്തു.



ഏഷ്യൻ എഡ്യൂക്കേഷൻ ഡയറക്ടർ റവ. സ്കോട്ട് റൈസിനോടൊപ്പം...

പോലീസിലായിരിക്കുമ്പോൾ 1996 ൽ ആണ് സഭാ ചാർജ്ജെടുക്കുന്നത്. അന്നത്തെ ഓവർസീയറായിരുന്ന പാസ്റ്റർ സണ്ണിവർക്കിയുടെ ആജ്ഞാനുസരണം ഓതറ വെസ്റ്റ് സഭയിലേക്ക്. പിന്നീട് കുറ്റൂർ, ചേത്തയ്ക്കൽ, വെണ്ണിക്കുളം, കല്ലൂപ്പാറ, പുതുപ്പള്ളി, എറുമ്പയം, ചെമ്പുംതുരുത്തി എന്നിവിടങ്ങളിൽ ശുശ്രൂഷ നിർവ്വഹിച്ചു. ഇപ്പോൾ പെരുമ്പട്ടി സഭയുടെ ശുശ്രൂഷകനാണ്. റാന്നി നോർത്ത്, തിരുവനന്തപുരം, ചങ്ങനാശ്ശേരി സെന്ററുകളുടെ ചുമതലയും വഹിച്ചിട്ടുണ്ട്. ഇപ്പോൾ റാന്നി സൗത്ത് സെന്റർ പാസ്റ്ററാണ്. നാലുവർഷം ചർച്ച് ഗ്രോത്ത് മിഷൻ ഡയറക്ടറായി പ്രശംസനീയമായ പ്രവർത്തനമാണ് കാഴ്ചവച്ചത്. 2012 ൽ എഡ്യുക്കേഷൻ ഡയറക്ടറായി വേൾഡ് മിഷൻ നിയമനം നൽകി.

2000- 2002 വർഷങ്ങളിൽ തിരുവല്ല ഐ.സി.ടി.എസ്. ലെ പഠനത്തിനുശേഷം 2004 ൽ ഫിലിപ്പൈൻസിലെ A.S.C.M സെമിനാരിയിൽ മാസ്റ്റർ ഓഫ് ക്രിസ്ത്യൻ ലീഡർഷിപ്പ് (MCL) ബിരുദം നേടി. 2011 ൽ D.Min. ചെയ്യാൻ ഇന്ത്യയിൽനിന്നും പാസ്റ്റർമാരായ ടൈറ്റസ് നൈനാൻ, ജെയ്സ് പാണ്ടനാട്, ബ്രൈറ്റ് (തമിഴ്നാട്) എന്നിവരോടൊപ്പം ഫിലിപ്പൈൻസിലേക്കു പോയി. വേൾഡ് മിഷന് പ്രിയങ്കരനായ സണ്ണിക്കുട്ടിയുടെ ഓരോ ഉയർച്ചയും പദവികളും ദൈവനിയോഗമാണ്. പ്രാർത്ഥനാ മനുഷ്യനായ ഇദ്ദേഹം 2013 ലെ കൗൺസിൽ ഇലക്ഷനിൽ ഏറ്റവും കൂടുതൽ വോട്ടുനേടിയാണ് ജയിച്ചത്. ആരോപണങ്ങളിൽ നിന്നും വിവാദത്തിൽനിന്നും ഒഴിഞ്ഞുനിൽക്കുന്ന ഇദ്ദേഹം ദൈവജനത്തിന്റെ ഇടയിൽ പൊതുസമ്മതനാണ്. പെരുമാറ്റങ്ങളിൽ പുലർത്തുന്ന സത്യസന്ധത, വിനയം, സേവനതല്പരത എല്ലാം ശ്രദ്ധേയങ്ങളായ ഘടകങ്ങളാണ്.

2008 മെയ് 30 സണ്ണിക്കുട്ടിയുടെ ജീവിതത്തിലെ മറക്കാനാവാത്ത ദിവസമാണ്. 24 വർഷത്തെ കുടുംബജീവിതത്തിൽ തനിക്ക് താങ്ങും തണലുമായിരുന്ന ഭാര്യ ആൻസി തന്നെ വേർപിരിഞ്ഞ് നിത്യതയിലേക്ക് പ്രവേശിച്ചു. നാലുകളായി ഡയബറ്റിക്സ് രോഗിയായിരുന്ന ആൻസിക്ക് ഇദ്ദേഹം നല്ല ചികിത്സയാണ് നൽകിയിരുന്നത്. തന്റെ പ്രിയപ്പെട്ട ഭാര്യയുടെ മരണം സണ്ണിക്കുട്ടിയെ മാനസികമായി ഉലച്ചു. മൂന്ന് ആൺ മക്കളാണിവർക്കുള്ളത്. മൂത്ത മകൻ ജറാൾഡ് എം.എസ്.ഡബ്ല്യു കഴിഞ്ഞ് പൂനയിൽ ബാങ്ക് മാനേജരായി ജോലി ചെയ്യുന്നു. രണ്ടാമത്തെ മകൻ റെണാൾഡ് G.N.M, BTh.എന്നിവ പൂർത്തിയാക്കി സുവിശേഷ വേല ചെയ്യുന്നു. ഇളയ മകൻ B.B.A.പൂർത്തിയാക്കി. 2014 ജനുവരി 25 ന് കണ്ണൂർ സ്വദേശി ജാൻസിയെ ജീവിത സഖിയാക്കി.

ചർച്ച് ഓഫ് ഗോഡ് കേരളാ റീജിയനെക്കുറിച്ച് ഒട്ടേറെ സ്വപ്നങ്ങൾ തനിക്കുണ്ട് 42 വർഷം പിന്നിടുന്ന പ്രസ്ഥാനം പ്രാരാബ്ദങ്ങളുടെ നടുവിലാണ്. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കണം. സ്വന്തമായ ബൈബിൾ കോളേജ് കെട്ടിടം, ഹോസ്റ്റൽ, വിശാലമായ ലൈബ്രറി, ഉപരിപഠന സാദ്ധ്യതകൾ, പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് ഇൻഫ്രാസ്ട്രക്ച്ചർ ഒരുക്കൽ, മിഷൻ അലവൻസ് തുടങ്ങിയവയെല്ലാം ശ്രമകരമായ ദൗത്യങ്ങളാണ്. സ്ഥിരമായ വരുമാനമോ സ്പോൺസർമാരോ ഇല്ലാത്തതിനാൽ പ്രവർത്തനങ്ങൾ മൃതാവസ്ഥയിലാണ്.

റീജിയണിലെ സഭകൾ പലതും കുക്ക് സായിപ്പ് സ്ഥാപിച്ചതാണ്. ഇതെല്ലാം സംരക്ഷിക്കപ്പെടണം. മിക്കാവാറും സഭാഹാളുകളും കാലഹരണപ്പെട്ടതാണ്. പല സ്ഥലങ്ങളിലും പാഴ്സനേജുകളില്ല. റിട്ടയറായ പാസ്റ്റർമാർക്കുവേണ്ടി പ്രത്യേക സ്കീമുകൾ നടപ്പിലാക്കണം. മരിച്ചുപോയ പാസ്റ്റർമാരുടെ വിധവമാർ, മക്കൾ ഇവരുടെ പുനരധിവാസം,

⇨ 11

10 ⇦

## കഥ....

ത്തോടെ ചിന്തിക്കൂ. കഴിഞ്ഞ കുറച്ചു നാളുകൾ ആയി പപ്പായിൽ സംഭവിച്ച കാര്യങ്ങൾ അത് എന്തുകൊണ്ട് സംഭവിച്ചു? കാരണം എന്താണ്? സ്വയം ചിന്തിക്കൂ ... പപ്പാ ഇപ്പോൾ പ്രാർത്ഥിക്കുമ്പോൾ പല വിഷയങ്ങളും ഓർത്തും പ്രാർത്ഥിക്കുന്നില്ലേ?? പുസ്തകങ്ങളിൽ അച്ചടിച്ച അക്ഷരങ്ങൾ 'ജല്പനമായി' നാം എന്നും പറയുന്നത് കൊണ്ട് നമുക്ക് എന്ത് പ്രയോജനമാണു ഉള്ളത്? 'ജല്പനങ്ങൾ അരുത്' എന്ന് മത്തായി സുവിശേഷത്തിൽ പറയുന്നുണ്ട്, 'അക്ഷരങ്ങൾ നമ്മെ കൊല്ലും എന്നാൽ ആത്മാവോ നമ്മെ ജീവിപ്പിക്കും"

ജോജി – "പപ്പാ പറയുന്നത് കുറച്ചൊക്കെ ശരി ആണെന്ന് ഞാൻ സമ്മതിക്കുന്നു"

മാത്തൻ – 'മോനെ നമ്മുടെ കുർബാന എന്ന് പറഞ്ഞാൽ അത് 'അഞ്ചു ഓണം' പോലെയാണ്:- വന്നോണം, നിന്നോണം, കേട്ടോണം, കണ്ടോണം, പോയിക്കോണം.

ജോജി – പപ്പാ ചുമ്മാ എന്തെങ്കിലും കേട്ട് അവഹേളിക്കരുത്, അല്ലെങ്കിലും കുർബാനയെ പറ്റി പപ്പയ്ക്ക് എന്തെറിയാം......?

"മോനെ പപ്പാ ഒരു വാസ്തവം പറഞ്ഞേനേയുള്ളൂ, പിന്നെ കുട്ടികാലം മുതൽ മുടങ്ങാതെ സൺഡേസ്കൂളിൽ പോയ എന്നോട് കുർബാനയെ പറ്റി ചോദിച്ച സ്ഥിതിക്ക് പറഞ്ഞു തരാം "

ഇതെല്ലാം മറഞ്ഞു നിന്ന് കേട്ട ലില്ലിക്കുട്ടി ഇരുവർക്കും ചായയുമായി വന്നു. ജനിച്ച മുതൽ കുർബാന കൂടുന്നതെങ്കിലും ഇതേ പറ്റി കൂടുതൽ അറിയാൻ ലില്ലിക്കുട്ടിയും അവിടെ ഇരുന്നു... (ചായ ഗ്ലാസ് എടുക്കാൻ വേണ്ടി ഇരിക്കുന്നു എന്ന വ്യാജേന അലക്ഷ്യമായി ഇരിക്കുന്ന മട്ടിൽ)

മാത്തൻ തുടർന്നു......

"എന്താണ് കുർബാന???"

ക്രൈസ്തവരുടെ ആരംഭ കാലത്ത് ബൈബിൾ വായനയും വ്യാഖ്യാനവും കഴിഞ്ഞു സഭയുടെ മൂപ്പൻ അപ്പമെടുത്തു ദൈവത്തിനു കൃതജ്ഞത അർപ്പിച്ചു കൊണ്ട് എല്ലാവർക്കും ഭാഗിച്ചു കൊടുക്കുന്നു അപ്രകാരം തന്നെ വീഞ്ഞും. കർത്താവിന്റെ ഓർമ്മയ്ക്കായിട്ടാണ് ഈ ശുശ്രൂഷ ആചരിച്ചു പോന്നത്. എന്നാൽ ഇപ്പോൾ വീഞ്ഞ് ആർക്കും കൊടുക്കുന്നില്ല. അത് പുരോഹിതർക്ക് മാത്രം. ദിവ്യബലി (കുർബാന) എന്ന് വെച്ചാൽ ഈശോയുടെ കാൽവറി കുരിശിലെ ബലിയുടെ പുനർ അവതാരണമാണ് ഇപ്പോഴത്തെ പഠിപ്പിക്കൽ (വെളിച്ചത്തിന്റെ മക്കൾ p-28,- പരിഷ്കരിച്ച വേദോപദേശസംക്ഷേപം p-25 . എന്നാൽ ബൈബിളിൽ (poc) തന്നെ സ്പഷ്ടമായി പറയുന്നു 'പാപങ്ങൾ അകറ്റാൻ കഴിവില്ലാതെ ബലികളെ ആവർത്തിച്ചുകൊണ്ട് ഓരോ പുരോഹിതനും ഓരോ ദിവസവും ശുശ്രൂഷ ചെയ്യുന്നു. എന്നാൽ അവൻ ആകട്ടെ പാപങ്ങൾക്ക് വേണ്ടിയുള്ള ഏക ബലി അർപ്പിച്ചു കഴിഞ്ഞപ്പോൾ ദൈവത്തിന്റെ വലത്തു ഭാഗത്ത് ഉപവിഷ്ടനായി വിശുദ്ധികരിക്കപ്പെട്ടവരെ അവൻ ഏക ബലി സമർപ്പണം വഴി എന്നേക്കുമായി പരിപൂർണ്ണരാക്കിയിരിക്കുന്നു. ഇനി മേൽ ഒരു ബലിയുടെ ആവശ്യം ഇല്ല. മാത്രവുമല്ല തല മൂടികൊണ്ട് പ്രാർത്ഥിക്കുകയും, കുർബാന ചൊല്ലുകയും ചെയ്യുന്ന സഭ അധ്യക്ഷന്മാർ നമ്മുടെ ക്രിസ്തുവിനെ അപമാനിക്കുകയാണ് (1 കൊരി: 11:3)

ഇത് കേട്ടപ്പോൾ ലില്ലിക്കുട്ടിക്ക് 'തിരുനാൾ' ആചരണ സംബന്ധമായി ചില സംശയങ്ങൾ വന്നു."അച്ചായ നമ്മുടെ സഭ ഇത്രയും നാൾ ആചരിച്ച വാവ്, ശബത്ത്, പെരുനാൾ ഇവയെ കുറിച്ച് എന്താണ് പറയാൻ ഉള്ളത്.....?

മാത്തൻ– "പെരുനാൾ, വാവ്, ശബത്ത് എന്നി കാര്യങ്ങളിൽ ആരും നിങ്ങളെ വിധിക്കരുത് ഇവ വരുവാൻ ഇരിക്കുന്നവയുടെ നിഴൽ അത്രേ" (കൊലൊസ്യർ 2:16) വരുവാൻ ഉള്ളവൻ വന്നു പോയി ഇനിമേൽ തിരുനാൾ ആചരണം വേണ്ട....വേണ്ട....'കപടവിനയത്തിലും ദൈവദൂതന്മാരുടെ ആരാധനയിലും അഭിമുഖം കാട്ടുന്ന ആളുകൾ നിങ്ങളെ വഞ്ചിക്കാതിരിപ്പാൻ സൂക്ഷിച്ചു കൊൾവീൻ.' (കൊലൊസ്യർ 2:18).

ലില്ലിക്കുട്ടി – "പെരുന്നാളിന്റെ പിരിവുമായി അച്ചൻ വരുമ്പോൾ ഇതിനെ കുറിച്ച് ചോദിക്കണം.

.................ശുഭം.................

**കുറിപ്പ്:** പെരുനാളിനും, ക്രിസ്തുമസിനും മത്ത് പിടിപ്പിച്ച മാത്തന്മാർ ആകാതെ സഭയെകുറിച്ച് മാത്തന്മാർ ഉണ്ടാകട്ടെ!!

നിങ്ങൾ സഭയുടെ വിശ്വാസം, സഭയുടെ പഠിപ്പിക്കലുകൾ എന്ത് എന്ന് പഠിപ്പിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ഇനിയും സമയം നഷ്ടമാക്കാതെ വിശ്വാസ സത്യങ്ങൾ മനസ്സിലാക്കി നിങ്ങളുടെ ആത്മാവിനെ രക്ഷിപ്പാനുള്ള മാർഗ്ഗത്തിലേക്ക് തിരിയുവിൻ. ഏദൻ തോട്ടത്തിൽ സ്ത്രീയെ വഞ്ചിച്ച പാമ്പ് സഭയുടെ ആരംഭ കാലങ്ങളിൽ പല അനാചാരങ്ങളുമായി സഭയെ തെറ്റിച്ചു. എന്നാൽ ആ ചതിക്കുഴികളിൽ വീണു നാശത്തിന്റെ മാർഗ്ഗത്തിലേക്ക് പോകാതെ സത്യം തിരിച്ചറിയുകയും ആ സത്യം നമ്മെ സ്വതന്ത്രമാക്കുകയും ചെയ്യട്ടെ എന്ന് പ്രാർത്ഥിക്കുന്നു. അതിനായി ദൈവം നമ്മെ സഹായിക്കട്ടെ.

## എക്സൽ ഗ്രാജുവേഷൻ



**തിരുവല്ല:** എക്സൽ മിനിസ്ട്രീസിന്റെ ചൈൽഡ് ഇവാഞ്ചലിസം പരിശീലന കേന്ദ്രമായ എക്സൽ സ്കൂൾ ഓഫ് ചൈൽഡ് ഇവാഞ്ചലിസം (IATA) 2012–2014 അദ്ധ്യായന വർഷത്തിലെ ഗ്രാജുവേഷൻ മാരാമൺ മർത്തോമ്മാ റിട്രീറ്റ് സെന്ററിൽ വച്ച് നടത്തപ്പെട്ടു. പാ. ജിജി ചാക്കോ അദ്ധ്യക്ഷത വഹിച്ചു, വർക്കി കാച്ചാണത്ത് റവ. എബി പീറ്റർ എന്നിവർ മുഖ്യാതിഥികളായിരുന്നു. പാസ്റ്റർമാരായ ബിനു വടശ്ശേരിക്കര, അനിൽ ഇലന്തൂർ, ജോർജ് എ. ജി. റ്റി, ബാബു തോമസ് അങ്കമാലി, കെ വി ജോൺ, ഷാജി ജോസഫ്, ഷിബു ജോൺ, ജോൺ തോമസ്. എന്നിവർ പ്രസംഗിച്ചു.

കുഞ്ഞുങ്ങളുടെ ഇടയിലെ പ്രവർത്തനത്തിനുവേണ്ടി പ്രത്യേക പരിശീലനം നേടിയ എട്ട് പേരാണ് ഈ വർഷം പഠനം പൂർത്തിയാക്കിയത്. പപ്പറ്റ്, ഗോസ്പൽ മാജിക്, ക്രാഫ്റ്റ്, സെക്ച് ബോർഡ് തുടങ്ങിയവ അനുബന്ധ വിഷയങ്ങളാണ്.

# നിത്യതയിൽ



### ഏലിയാമ്മ ജോൺസൺ (60)

**ഇരവിപേരൂർ:** ഇരവിപേരൂർ ചർച്ച് ഓഫ് ഗോഡ് സഭാംഗവും നെല്ലിവിളയിൽ പാസ്റ്റർ ജോൺസൺന്റെ (ഷാർജ) ഭാര്യ ഏലിയാമ്മ ജോൺസൺ (60) നിര്യാതയായി. സംസ്ക്കാരം സഭാ സെമിത്തേരിയിൽ നടത്തി. അസി. ഓവർസീയർ റവ. പി.ജി. മാത്യൂസ് മുഖ്യ ശുശ്രൂഷകൾ നിർവ്വഹിച്ചു. ഡിസ്ട്രിക്ട് പാസ്റ്ററും ദേശീയ ഗവേണിംഗ് ബോഡി അംഗവുമായ റവ. തോമസ് എം. പുളിവേലിൽ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. പാസ്റ്റർമാരായ എം.ഒ. ഏലിയാസ്, ജോസ് ബേബി, ജെ. ജോസഫ്, പി.എൻ. ഫിലിപ്പ്, തമ്പി ശങ്കരമംഗലം, തോമസ്കുട്ടി ഏബ്രഹാം, ഷിബു കെ. മാത്യു എന്നിവർ അനുശോചിച്ചു. പരേത കോഴഞ്ചേരി വെള്ളാറേത്ത് കുടുംബാംഗമാണ്. മക്കൾ: വിനോദ് (യു.എ.ഇ), പ്രമോദ്(യു.എസ്.എ.), ജോജി(യു.എ.ഇ) മരുമക്കൾ: ജോസി, ലിസ (യു.എസ്.എ), ജെസ്മി(യുഎ.ഇ), കൊച്ചുമകൻ: രൂഫസ്.



### പാസ്റ്റർ എൻ.ജെ. ചാക്കോ (85)

**പാണ്ടനാട്:** ദി ഫെലോഷിപ്പ് ഓഫ് പെന്തെക്കോസ്തൽ ചർച്ച് ഓഫ് ഗോഡിന്റെ സീനിയർ പാസ്റ്ററും കല്ലുമല ഫെലോഷിപ്പ് ചർച്ചിന്റെ സ്ഥാപകനും കൃപാവര ശുശ്രൂഷകനുമായ ശാലേം ഭവനത്തിൽ പാസ്റ്റർ എൻ.ജെ. ചാക്കോ(85) നിത്യതയിൽ പ്രവേശിച്ചു. സംസ്ക്കാരം പാണ്ടനാട് ഫെലോഷിപ്പ് സഭാ സെമിത്തേരിയിൽ നടത്തി. ഫെലോഷിപ്പ് ചർച്ച് സംസ്ഥാന പ്രസിഡന്റ് റവ. ജോൺതോമസ് മുഖ്യ ശുശ്രൂഷ നിർവ്വഹിച്ചു. പാസ്റ്റർ ജോസ് മാത്യു ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. ശ്രീ. പി.സി. വിഷ്ണുനാഥ് എം.എൽ.എ., ബിഷപ്പ് തോമസ് മാർ ഒസ്താത്തിയോസ്, പാസ്റ്റർമാരായ ജേക്കബ് മാത്യു, ഷിബു ജോസഫ്, ജെയ്സ് പാണ്ടനാട്, കെ.സി. സണ്ണിക്കുട്ടി, എൻ.എ. തോമസ്കുട്ടി, ഷൈജു തോമസ് എന്നിവർ അനുശോചിച്ചു. പാണ്ടനാട് ഫെലോഷിപ്പ് ചർച്ച് സ്ഥാപകനും ശുശ്രൂഷകനുമായ പാസ്റ്റർ എം.സി. കുഞ്ഞുമോൻ ഏകമകനാണ്. ഭാര്യ: അച്ചാമ്മ, മരുമകൾ മേഴ്സി, കൊച്ചുക്കൾ:ജെഫേഴ്സൺ, ഷാരോൺ



### ചിന്നമ്മ (84)

**മാവേലിക്കര:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ സെൻട്രൽ വെസ്റ്റ് റീജിയൺ ഇവാഞ്ചലിസം ഡയറക്ടറും കൗൺസിൽ അംഗവുമായ റവ. വി.ഒ. വർഗ്ഗീസിന്റെ മാതാവും തഴക്കര സഭാംഗവുമായ ഇറവങ്കര വില്ലുകുളത്ത് ബ്ലസ്സൻവില്ലയിൽ ചിന്നമ്മ (84) നിര്യാതയായി. സംസ്ക്കാരം വെട്ടിയാർ സഭാ സെമിത്തേരിയിൽ നടത്തി. അസി. ഓവർസീയർ റവ. പി. ജി. മാത്യൂസ് മുഖ്യ ശുശ്രൂഷകൾ നിർവ്വഹിച്ചു. പാസ്റ്റർ സാജൻ പി. സാം ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. പാസ്റ്റർമാരായ പി.സി. ചെറിയാൻ. സജി ഏബ്രഹാം, ജോൺസൺ ഏബ്രഹാം, ജെയ്സ് പാണ്ടനാട്, സിസ്റ്റർ ആനി ജെയിംസ് എന്നിവർ അനുശോചിച്ചു. പരേതനായ എ.സി. ഉമ്മനാണ് ഭർത്താവ്. മറ്റു മക്കൾ: വി.ഒ. ജോൺ,ഏലിയാമ്മ, സൂസമ്മ, അന്നമ്മ. മരുമക്കൾ: അന്നമ്മ, ഫാ.കെ.വി. കോശി, മാത്യു, തമ്പി തോമസ്, പാസ്റ്റർ സാം തോമസ്. പരേത തഴക്കര കരയംവട്ടം കുടുംബാംഗമാണ്.



### ചിന്നമ്മ ചാക്കോ (88)

**ഉറുകുന്ന്:** ഉറുകുന്ന് എബനേസർ ഐപിസി അംഗവും ഉറുകുന്ന് കണിയാംപാറ വീട്ടിൽ പരേതനായ കെ.ഒ.ചാക്കോയുടെ ഭാര്യ ചിന്നമ്മ ചാക്കോ (88) ജൂലൈ 22നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്ക്കാരം 25നു ടൗൺ അസംബ്ലീസ് ഓഫ് ഗോഡ് ചർച്ചിലെ ശുശ്രൂഷയ്ക്കു ശേഷം പുനലൂർ പ്ലാച്ചേരി എ.ജി സെമിത്തേരിയിൽ പാസ്റ്റർ പി .എസ്. ഫിലിപ്പിന്റെ നേതൃത്വത്തിൽ നടന്നു. പാസ്റ്റർമാരായ കുഞ്ഞുമോൻ വർഗ്ഗീസ്, തോമസ് ഫിലിപ്പ്, സാംകുട്ടിജോൺ, പി.റ്റി. വർഗ്ഗീസ്, സുദർശനൻപിള്ള, സാം. പി.ഡാനിയൽ തുടങ്ങിയവർ പ്രസംഗിച്ചു. മക്കൾ : അമ്മിണി, ഏലിയാമ്മ, കുഞ്ഞുഞ്ഞമ്മ, ജോർജുകുട്ടി, ചെറിയാൻ (എസ്.ഐ പുനലൂർ പോലീസ്) സാലി, മരുമക്കൾ ജയിംസ്, തങ്കച്ചൻ(പരേതർ) ജോർജുകുട്ടി, സാറാമ്മ, റോസമ്മ, രാജു. ക്രൈസ്തവ എഴുത്തുകാരനായ സാജു ജോർജ് ഉറുകുന്ന് കൊച്ചു മകനാണ്.

## കൊച്ചുവർത്തമാനം





**പാസ്റ്റർ ബിജു ജോയി തുവയൂർ**
**ഗൾഫ് എഡിറ്റർ**

# എണ്ണയും ശബ്ദവും

അടുത്തിടെ ഒരു യോഗത്തിന് സംബന്ധിച്ചപ്പോൾ എനിക്ക് ഒരു അനുഭവമുണ്ടായി അതൊന്നു പങ്കു വയ്ക്കുന്നു. നല്ല യോഗം, അത്യാവശ്യം ആളും ഉണ്ട് പാട്ടുകൾ പാടി ആത്മനിറവിൽ ആളുകൾ സന്തോഷിക്കുന്നു. എല്ലാം കൊണ്ടും ആത്മസന്തോഷം നിറഞ്ഞു നിന്നിരുന്നു. സത്യമായും ചിലർ ദൈവാനുഭവങ്ങൾ പ്രാപിച്ചു എന്നത് ഏറെ വാസ്തവമായിരുന്നു. എന്നാൽ എന്റെ ഹൃദയത്തെ വല്ലാതെ ബുദ്ധിമുട്ടിച്ച ഒരു അനുഭവമുണ്ടായി. പാട്ടു പാടി സന്തോഷിക്കുന്നവരുടെ കൂട്ടത്തിൽ ഒരു കാര്യമില്ലാതെ "ശബ്ദങ്ങൾ" പുറപ്പെടുവിക്കുന്ന ചിലരും ഉണ്ടായിരുന്നു എന്നതത്രെ അത്. ശുശ്രൂഷ നിയന്ത്രിച്ചു കൊണ്ടിരുന്ന ദൈവദാസൻ യോഗത്തിന് അലക്ഷ്യം ഉണ്ടാകുന്ന തരത്തിൽ ഓടി നടക്കുന്ന ചില കൊച്ചു കുട്ടികളെ നിയന്ത്രിക്കാൻ വല്ലാതെ പാടുപ്പെടുന്നുണ്ടായിരുന്നു. കൂട്ടത്തിൽ ഒരു കുസൃതി കുട്ടനെ ഒന്ന് ഇരുത്താൻ അല്പം മുമ്പോട്ട് ചെന്ന് "ഇരിയെടാ അവിടെ" എന്ന് അല്പമൊന്ന് ഉറച്ച ശബ്ദത്തിൽ പറഞ്ഞു. ഈ ശബ്ദം കേട്ടതും- "കേവലം ശബ്ദക്കാർ" കൈയ്യടിയും ബഹളുവുമായി- ഒരു തരം "അന്തരീക്ഷം" ഉണ്ടാക്കി. നമ്മുടെ ആരാധനകളിൽ ശബ്ദം ഉണ്ടാക്കണം, ഉണ്ടാകും. ഉച്ചത്തിൽ ദൈവത്തെ സ്തുതിക്കുന്നത് ഏറ്റവും അനുഗ്രഹമാണ് – എന്നാൽ ചില സന്ദർഭങ്ങളിലെങ്കിലും "വെറും ശബ്ദം" ഉണ്ടാക്കുന്നവർ പല നല്ല യോഗങ്ങളെയും കൈയ്യിലെടുക്കുന്നു എന്നുള്ളത് വാസ്തവമല്ലേ; പ്രസംഗിക്കുന്നവർ എന്താണ് പറയുന്നതെന്നോ സർവ്വശക്തൻ തിരുവചനത്തിലൂടെ എന്തു കല്പിച്ചു എന്നതോ ഒന്നും ശ്രദ്ധിക്കാതെ വെറുതെ ശബ്ദത്തിൽ മാത്രം ആശ്രയിച്ചു"ആത്മീയം" കണക്കാക്കുന്നത് എത്ര ഭോഷത്തമാണ് സ്നേഹിതരെ.

പള്ളിമതം പരിശുദ്ധാത്മാവിനെ കാച്ചിക്കുറുക്കിയെടുത്ത "എണ്ണ"യിൽ ഒതുക്കുന്നു. എന്നാൽ പരിശുദ്ധാത്മാവ് കേവലം എണ്ണയല്ല- ആളത്വവും, ശ്രേഷ്ഠതയുമുള്ള ദൈവം തന്നെയെന്ന വലിയ വെളിപ്പാട് കരുണാമയൻ നമ്മുടെ പിതാക്കന്മാർക്ക് ഏകി. അവിടുന്ന് നമ്മെ നയിക്കുകയും, ആത്മ സന്തോഷം പകരുകയും, വളർത്തുകയും ചെയ്തു സ്തോത്രം. എന്നാൽ മതം എണ്ണയിൽ ഒതുക്കിയതു പോലെ നാം ചിലപ്പോഴെല്ലാം ദൈവാത്മാവിനെ "ശബ്ദത്തിൽ" ഒതുക്കുന്നില്ലേ എന്നൊരു സംശയം ഇല്ലാതില്ല. ദൈവാത്മാവിന്റെ സമ്പൂർണ്ണ സ്വാതന്ത്ര്യം നമ്മുടെ കൂടിവരുവുകളിൽ വെളിവായി വന്നാൽ മുൻ കാലങ്ങളിലെ പോലെ ചരിത്രത്തെ മാറ്റുവാൻ അവിടുത്തേക്ക് കഴിയും – ഹൃദയങ്ങളിൽ പരിവർത്തനം വരുത്തുന്ന ദിവ്യ സ്വഭാവത്തിന് നമ്മെ കൂട്ടാളികളാക്കുന്ന പരിശുദ്ധാത്മാവ് ഒരുതരത്തിലുമുള്ള വ്യാജങ്ങളെ അനുവദിക്കയില്ല. വീണ്ടും ആവർത്തിക്കട്ടെ ആത്മസന്തോഷത്തിൽ ശബ്ദം ഉണ്ട് എന്നാൽ വെറും ശബ്ദമല്ല ആത്മീയ ആരാധന. നമ്മെ നിയന്ത്രിപ്പാനും, തിരുത്തുവാനും ദൈവാത്മാവിനെ നമുക്ക് അനുവദിക്കാം. ആരാധനകളിലും ആത്മീയ കൂട്ടങ്ങളിലും "വെറു ബഹളങ്ങൾ" ഒഴിവാക്കാം. ദൈവ പരിജ്ഞാനം കൊണ്ട് കർത്താവ് നമ്മെ നിറക്കട്ടെ – അനുഗ്രഹിക്കട്ടെ.

## 01 ഒരു നൂറ്റാണ്ടിന്റെ കഥ ....

കത, ക്രിസ്തുവിലുള്ള രക്ഷ, ത്രിത്വ ദർശനം, മുഴുകൽ സ്നാനം, കർത്തൃമേശ, പരിശുദ്ധാത്മാവ്, മരിച്ചവരുടെ പുനരുത്ഥാനം, ക്രിസ്തുവിന്റെ പുനരാഗമനം തുടങ്ങിയ വിശ്വാസപ്രമാണങ്ങളിൽ വിശ്വസിക്കുന്നു.

പൊയ്കയിൽ യോഹന്നാന്റെ വിയോഗത്തിനുശേഷം ഒരു വിഭാഗം ക്രൈസ്തവവിരുദ്ധ നിലപാടുകൾ എടുത്തപ്പോൾ തന്റെ സഹപ്രവർത്തകരായ ഞാലിയാകുഴി സൈമൺ യോഹന്നാൻ, കൊടുവേലി വർഗ്ഗീസ്, പാറയിൽ യോഹന്നാൻ എന്നിവർ ക്രൈസ്തവ വിശ്വാസങ്ങളിൽ ഉറച്ചു നിൽക്കാൻ തീരുമാനിച്ചു. ഏകദേശം 28 പ്രാദേശിക സഭകളും 2000 അംഗങ്ങളും ഈ വിഭാഗത്തിലുണ്ടായിരുന്നു. എന്നാൽ പിൽക്കാലത്ത് ചില പ്രത്യേക സാഹചര്യങ്ങൾ മൂലം പലരും സി. എസ്. ഐ., സി. എം. എസ്., മർത്തോമ്മാ സഭകളിലേക്ക് ചേക്കേറി. കുറെപ്പേർ ഹിന്ദുമതത്തിലേക്കും തിരിച്ചുപോയി.

ഞാലിയാകുഴി സൈമൺ യോഹന്നാനും കുടുംബവും ഇരവിപേരൂർ പൊയ്കപടിയിലായിരുന്നു താമസം. വീടിനോടു ചേർന്നുള്ള PRDS പള്ളിയിൽ ശുശ്രൂഷ നടത്തി വന്നു. അദ്ദേഹം മരിച്ചപ്പോൾ മൃതദേഹം പള്ളിയിൽ സംസ്കരിച്ചു. പിന്നീട് അദ്ദേഹത്തിന്റെ മകൻ ജെ. ജോൺ ഞാലിയാകുഴി പ്രസ്ഥാനത്തിന്റെ നേതൃത്വം ഏറ്റെടുത്തു. എന്നാൽ ചില പ്രശ്നങ്ങൾ കാരണം അദ്ദേഹം 1972–ൽ തേവർകാട്ട് മർത്തോമ്മാ ഇടവകയിൽ കുടുംബമായി ചേർന്നു.

മിഷനറിമാരായ കുക്ക് സായ്പ്, നോയൽ, നാഗൽ എന്നിവരുമായി അടുത്ത ബന്ധം പുലർത്തിയിരുന്ന യോഹന്നാൻ ഉപദേശി രചിച്ച ക്രിസ്തീയ ഗാനങ്ങൾ "പ്രത്യക്ഷ രക്ഷാ ദൈവസഭ ഗീതങ്ങൾ" എന്ന പേരിൽ സമാഹരിച്ച് തോട്ടയ്ക്കാട് സഭ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സഭാ ഗീതം, സ്വർണ്ണഗീതം എന്നീ ഗാനശേഖരങ്ങൾ പ്രത്യേകം ശ്രദ്ധേയമാണ്. വീണ്ടെടുപ്പ്, വിമോചനം, രക്ഷാനിർണ്ണയം എന്നീ വിഷയങ്ങളെ പ്രമേയമാക്കി രചിച്ചിട്ടുള്ള കീർത്തനങ്ങൾ ഭക്തിനിർഭരമാണ്. PRDS ന്റെ ആലാപനശൈലി വ്യത്യസ്തവും ആകർഷകവുമാണ്.

1917–ൽ യോഹന്നാൻ ഉപദേശി സ്ഥാപിച്ച സഭയാണ് തോട്ടയ്ക്കാട് സഭ. അത് പിന്നീട് 1993ലും 2006ലും പുതുക്കിപണിതു. 1916–ൽ 5 കുടുംബങ്ങൾ ചേർന്നാണ് ഇവിടെയൊരു പ്രാർത്ഥനാകൂട്ടായ്മ ആരംഭിച്ചത്. പൊയ്കയിൽ യോഹന്നാൻ ഇരവുചിറയിൽ പലർക്ക് സ്നാനം നൽകിയിട്ടുണ്ട്. അദ്ദേഹത്തിന്റെ സഹപ്രവർത്തകനായിരുന്ന കൊടുവേലി വർഗീസിന്റെ മൃതശരീരം സംസ്കരിച്ചിരിക്കുന്നത് (1960) ഈ ആരാധനായലത്തോട് ചേർന്ന സെമിത്തേരിയിലാണ്.

ഇന്ന് പാസ്റ്റർമാരായ ജോൺ കൊടുവേലി, പീറ്റർ, ജോൺ മാത്യു, റ്റി. വി. ജോൺ, പി. ജെ. വർഗീസ്, ഐസക് ഉപദേശി എന്നിവർ PRDS ചർച്ചിന് നേതൃത്വം നൽകുന്നു. ഇപ്പോൾ 20 കുടുംബം തോട്ടയ്ക്കാട് ആരാധിക്കുന്നു. 10 സെന്റ് സ്ഥലവും സഭാഹാളും സെമിത്തേരിയും ഇവിടെയുണ്ട്. പാത്താമുട്ടത്ത് 30 സെന്റ് സ്ഥലവും സഭാഹാളും സെമിത്തേരിയും ഉണ്ട്. 15 കുടുംബങ്ങൾ ഇവിടെ ആരാധിക്കുന്നു. 2017–ൽ 100 വർഷം തികയുന്ന സഭയുടെ ശതാബ്ദി ആഘോഷങ്ങൾ വിപുലമായി നടത്താനുള്ള തയ്യാറെടുപ്പിലാണ് സഭാജനങ്ങൾ. ക്രിസ്തീയ വിശ്വാസത്തിൽ പതിറ്റാണ്ടുകളായി അടിയുറച്ചുനിൽക്കുന്ന ഈ വിഭാഗം നേരിടുന്ന സാംസ്കാരിക അന്യവൽക്കരണം, മുഖ്യധാരയിൽ നിന്നുള്ള ഒറ്റപ്പെടൽ, പൊതുമണ്ഡലത്തിലെ അസ്വീകാര്യത, സ്വത്വപ്രതിസന്ധി തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കപ്പെടേണ്ടതുണ്ട്. മുഖ്യധാര ക്രിസ്തീയ സഭകളും പെന്തെക്കോസ്ത് സമൂഹവും ഇവർക്കാവശ്യമായ കൈത്താങ്ങലും പിന്തുണയും നൽകണം.

## 12 സുവിശേഷീകരണത്തിന് പ്രാധാന്യം...

ഹചര്യം, മതബഹുലത തുടങ്ങിയവ മനസിലാക്കി വേദപുസ്തകം വ്യാഖ്യാനിക്കാൻ കഴിയണം. ഭാരതത്തിന്റെ ഇന്നത്തെ സാഹചര്യത്തിനു അവലംബിക്കേണ്ട സുവിശേഷ വിനിമയ രീതികൾ ഉണ്ട്. നവമാധ്യമങ്ങളെ സുവിശേഷീകരണത്തിന് ഉപയോഗിക്കുന്നതിന് വേണ്ടി 'ഐ.ടി സെൽ' രൂപീകരിക്കണം. യുവാക്കളെ സ്വാധീനിക്കുന്നതിന് സോഷ്യൽ നെറ്റ് വർക്കുകളിൽ ഇടപെടണം. ഭാരത ഗ്രാമീണ പാശ്ചാത്തലത്തിൽ സംഗതമായ ദൗത്യശൈലി, സാമൂഹിക ശാക്തീകരണത്തോടുകൂടിയ മിഷൻ പ്രവർത്തനമാണ്. വിദ്യാഭ്യാസ, ആരോഗ്യ മേഖലകളിൽ ഇടപെടുക. സാമൂഹിക നീതി, മനുഷ്യാവകാശം, പരിസ്ഥിതി, സാമൂഹിക തിന്മകൾ, രാഷ്ട്ര നിർമ്മാണം, ദാരിദ്ര്യം, മതാന്തരസംവാദം തുടങ്ങിയ വിഷയങ്ങളിൽ വ്യക്തമായ അഭിപ്രായം രൂപീകരിക്കണം.

സഭാവളർച്ച ത്വരിതപ്പെടുത്തുന്നതിന് ശക്തമായ നേതൃത്വം, ആസൂത്രണം, സംഘാടനം, നിയന്ത്രണം, തീരുമാനമെടുക്കൽ, പ്രേരിപ്പിക്കൽ, വിലയിരുത്തൽ, ആശയവിനിമയം, മാനുഷീകവിഭവങ്ങളെ പ്രയോജനപ്പെടുത്തുക, ആത്മീകവരങ്ങളുടെ പ്രദർശനം, അഞ്ചുവിധ ശുശ്രൂഷകളുടെ ഉപയോഗം എന്നീ ഘടകങ്ങൾ പ്രധാനമാണ്. ഇതിന് ആവശ്യം ഫീൽഡുകളെപ്പറ്റിയുള്ള പഠനമാണ്. പരിമിതിയും സാധ്യതകളും പഠിക്കുക. അതാതു സ്ഥലങ്ങളിൽ തദ്ദേശീയമായ ഭാഷ, സംസ്കാരം എന്നിവ പുലർത്തുന്നവരെ നേതൃത്വത്തിലേക്ക് ഉയർത്തി കൊണ്ടു വരണം. പ്രാദേശിക സഭയുടെ മിഷൻ ദർശനവും നഷ്ടപ്പെട്ടിരിക്കുന്നു. 'സുവിശേഷകൻ' എന്ന തസ്തിക നമ്മുടെ ഇടയിലില്ലല്ലോ; എല്ലാവരും പാസ്റ്റർമാരാണല്ലോ.

# യുവജന ക്യാമ്പ്

**എറണാകുളം:** പി.വൈ.പി.എ. എറണാകുളം സെന്റർ വാർഷിക ജനറൽ ക്യാമ്പ് വിപുലമായ രീതിയിൽ പൂക്കാട്ടുപടി ശാന്തിഗിരി ആശ്രമത്തിൽ സെപ്റ്റംബർ 8 – 10 വരെ "ഹാർവെസ്റ്റ് – 2014" എന്ന പേരിൽ നടക്കും. സെന്റർ ശുശ്രൂഷകൻ പാസ്റ്റർ. കെ.സി. ശാമുവേൽ ഉദ്ഘാടനം ചെയ്യും. രണ്ടു ഗ്രൂപ്പുകളിലായി ക്രമീകരിച്ചിരിക്കുന്ന യോഗങ്ങളിൽ പാസ്റ്റർമാരായ കെ.സി. ജോൺ, ബിജി അഞ്ചൽ, പ്രിൻസ് തോമസ്, ജിഫി യോഹന്നാൻ, ജെയിംസ് ജോർജ് തുടങ്ങിയവർ പ്രസംഗിക്കും. ബ്രദർ ചിക്കു കുര്യാക്കോസ് പ്രയ്സ്& വർഷിപ്പ് നയിക്കും. പാസ്റ്റർ സി.റ്റി. മാത്യു കൺവീനറായി പ്രവർത്തനമാരംഭിച്ചു. ആദ്യം 250/– രൂപാ നൽകി അപേക്ഷിക്കുന്ന 200 പേർക്കാണ് പ്രവേശനമെന്ന് ക്യാമ്പ് കൺവീനർ പാസ്റ്റർ സിജു മാത്യു അറിയിച്ചു.

ലേഖനം

# നീ ആർ, മകനേ?



ഷൈജു ഡാനിയേൽ അടൂർ
shyjudani@gmail.com

യാക്കോബിന്റെ ശബ്ദവും ഏശാവിന്റെ കൈകളും അപ്പന് നല്ല പരിചയമാണെങ്കിലും ഇത് രണ്ടും കൂടി ഒരു വ്യക്തിയിൽ സമ്മേളിച്ചപ്പോൾ അപ്പൻ ആശയകുഴപ്പത്തിലായത് സ്വാഭാവികം!!. ശബ്ദം എന്നത് ആശയവിനിമയത്തിന് വേണ്ടിയുള്ള സംവിധാനമാണ്. മറ്റൊരു തരത്തിൽ പറഞ്ഞാൽ ഒരുവൻ എന്താണെന്ന് വാക്കുകളിലൂടെ പ്രതിഫലിപ്പിക്കാനുള്ള ഉപാധികൂടി ആണ് ശബ്ദം. ആ ശബ്ദം അവന്റെ അഭിപ്രായവും അവൻ എന്തിനെ പിന്തുണയ്ക്കുന്നു എന്നതിന്റെ ബാഹ്യമായ തെളിവും ആണ്. ഒരുവൻ വിശ്വസിക്കുന്നതിന്റെ പ്രഖ്യാപനമാണ് അവന്റെ ശബ്ദം. എന്നാൽ ഒരുവന്റെ കൈകൾ അവന്റെ പ്രവർത്തിയോടു ബന്ധപ്പെട്ടു നില്ക്കുന്നു ഇവിടുത്തെ പ്രശ്നം ശബ്ദവും കൈകളും തമ്മിൽ ചില പൊരുത്തകേടുകൾ!! വാക്കും പ്രവർത്തിയും തമ്മിൽ യോജിക്കാതെ വിരോധഭാസം എന്ന് വേണമെങ്കിൽ പറയാം.

ഇവിടെ യാക്കോബിന്റെ ശബ്ദം അവന്റെ സ്വന്തമാണ്. എന്നാൽ കൈകൾ തപ്പി നോക്കിയാൽ അറിയാം അവന്റെ അഭിനയത്തിന്റെ അകംപൊരുൾ. അനർഹമായതു പലതും അനധികൃത വഴികളിലൂടെ കൈക്കലാക്കാൻ നാം നടത്തുന്ന അഭിനയത്തിന്റെ ഒരാവിഷ്ക്കാരമാണ് ഇതിലൂടെ നിഴലിച്ചു നില്ക്കുന്നത്. ഒരു വശത്ത് ശരിയായ യാക്കോബും മറുവശത്ത് യാഥാർത്ഥ്യങ്ങളോട് പൊരുത്തപ്പെടാത്ത മറ്റൊരു യാക്കോബിന്റെ ഏശാവിൻ ഭാഗങ്ങളും.!!! ശബ്ദത്തിന്റെ ഭാഗം പൂർണ്ണമായും യാഥാർത്ഥ്യവും പ്രവർത്തിയുടെ വശത്തേക്ക് വരുമ്പോൾ വാക്കുകളോട് ബന്ധമില്ലാതെ വേറിട്ട് നില്കുന്ന തികഞ്ഞ പരാജയവും !! ശബ്ദം മാത്രം നോക്കി ആളിനെ ആത്മീയനാക്കുന്ന നവകാഴ്ചപ്പാടുകൾ ഏറെയും അപകടകരങ്ങൾ ആണ്. എല്ലാ കാലത്തും നാമെല്ലാവരും ലോകത്തിന്റെ നിരീക്ഷണത്തിലാണ്. വിവിധ സാമുദായിക ആശയങ്ങളിൽ നിന്നും ദൈവവചനത്തിന്റെ പ്രകാശനം ലഭിച്ചതിനാൽ വചന സത്യങ്ങളുടെ പക്ഷത്തേക്ക് ഒരിക്കൽ കൂറുമാറിയ നമ്മെ പഴയത് ഉപേക്ഷിച്ചു പുറപെട്ട സമയം മുതൽ തന്നെ അവർ വീക്ഷിക്കുന്നുണ്ട്. നമ്മുടെ വാക്കുകൾ അഥവാ നാം എന്താണ് പറയുന്നത് എന്ന് അവർ ശ്രദ്ധിക്കുന്നുണ്ട്. അപ്പോൾ തന്നെ നമ്മുടെ വാക്കുകൾക്കൊപ്പം കൈകളുടെ പ്രവർത്തിയും യോജിക്കുന്നുണ്ടോ എന്നുള്ളതും നിരീക്ഷിക്കപെടുന്നുണ്ട് എന്നത് നാം വിസ്മരിച്ചു കൂടാ.

ആത്മീകന്റെ ശബ്ദവും ജഡീകന്റെ പ്രവർത്തികളും പെന്തെക്കോസ്തുകാരൻ എന്നഭിമാനിക്കുന്ന നമ്മിൽ ഒരുപോലെ സമ്മേളിക്കുന്നത് പല ആശയകുഴപ്പങ്ങൾക്ക് ഇടയാകും എന്ന് മാത്രമല്ല നമ്മുടെ വ്യക്തിത്വത്തിനു നേരെ നാം നടത്തുന്ന ഒരുതരം താണ സമീപനം കൂടി ആയിരിക്കും. ശബ്ദവും കൈകളും കൂടി പൊരുത്തപ്പെടുമ്പോൾ മാത്രമാണ് നാം ആരാണെന്ന് തിരിച്ചറിയാൻ കഴിയുന്നത്. യാക്കോബിന്റെ ശബ്ദവും ഏശാവിന്റെ കൈകളും നമുക്ക് ചേർന്നതല്ല. സഭായോഗങ്ങളിലും മറ്റിതര ആത്മീക കൂടിവരവുകളിലും ഒക്കെ നാം തികഞ്ഞ യാക്കോബാണെങ്കിൽ അവിടം വിട്ടു പുറത്തിറങ്ങിയാൽ നമ്മുടെ കൈകൾ അഥവാ പ്രവർത്തികൾ ഏശാവിന്റേതായി മാറുന്നത് ഖേദകരം തന്നെ. സുവിശേഷ വേദികളിൽ നിന്ന് ഉച്ചഭാഷണികളിലൂടെ ഉള്ള ഗർജ്ജനം കേട്ടാൽ ശബ്ദം കേട്ട് വിലയിരുത്തുന്നവർക്ക് അവൻ യാക്കോബാണെന്ന കാര്യത്തിൽ തർക്കമില്ല. പക്ഷേ വേദി വിട്ടിറങ്ങി ആ കൈകൾ ഒന്ന് പരിശോധിച്ചാൽ അറിയാം ഇവർ അണിഞ്ഞിരിക്കുന്നത് കോലാട്ടിൻ കുട്ടിയുടെ തോലാണെന്ന്.

ദൈവം കൊടുക്കാത്ത ആലോചനകളും വാസ്തവമല്ലാത്ത വെളിപ്പാടുകളും ഒക്കെ ഇടകലർത്തി കോലാട്ടിൻകുട്ടിയുടെ തോലണിഞ്ഞ അഭിനവ പ്രവാചകന്മാർ ശബ്ദം ഒക്കെ ഒരുതരം ആരോഹണാവരോഹണക്രമത്തിൽ ഒപ്പിച്ച് വാക്കുകൾ മാലപോലെ കോർത്ത് ശ്രവണസുഖം വരുത്തുന്ന മഞ്ഞുപെയ്യും നാടുകളിലേക്കുള്ള കുടിയേറ്റ ദൂതുകളും ആകാശമണ്ഡലത്തിൽ പറപ്പിച്ചു നടത്തുമെന്നും തിരക്കുള്ള പട്ടണനടുവിലെ ഇരുനിലവീടും മുന്തിയ ഇനം വാഹനങ്ങളുടെ പേരും ദൂതിൽ തിരുകികയറ്റി തട്ടിവിടുന്ന പ്രവചനം കേട്ടിട്ട് “നീ യാക്കോബ് തന്നെയോ മകനെ” എന്ന് നമ്മിൽ ഒരുവേള സംശയമുണ്ടായാൽ അതിനെ ശാസിക്കുകയല്ലാതെ മറ്റു മാർഗ്ഗമില്ല. കാരണം ശബ്ദവും ദൂതും കേട്ടിട്ടും പിന്നെയും സംശയം അവശേഷിക്കുന്നെങ്കിൽ അവനാത്മീകനാകാൻ ഇടയില്ല എന്നതാണ് നവമതം. പക്ഷേ ഈ മേലുദ്ധരിച്ചവരിൽ നിന്നും കേൾക്കാൻ പാടില്ലാത്ത പലതും കേൾക്കുകയും കാണാൻ പാടില്ലാത്തത് കാണുകയും നിൽക്കാൻ പാടില്ലാത്ത ഇടങ്ങളിൽ അവരെ കണ്ടുമുട്ടുകയും ചെയ്യുമ്പോൾ “അത് താനല്ലയോ ഇത്” എന്ന വിഷമ വൃത്തത്തിൽ അകപ്പെടുന്നെങ്കിൽ ശബ്ദം മാത്രം കേട്ട് വിവേചിച്ചതിലെ പ്രശ്നം ആകാനെ വഴിയുള്ളൂ. ഇതൊക്കെ ഭാവിയിൽ ഉണ്ടാകുമെന്നറിഞ്ഞിട്ടാണ് യേശു നമുക്ക് മുന്നറിയിപ്പ് തന്നത് – “കള്ളപ്രവാചകന്മാരെ സൂക്ഷിച്ചു കൊൾവിൻ; അവർ ആടുകളുടെ വേഷം പൂണ്ടു നിങ്ങളുടെ അടുക്കൽ വരുന്നു; അകമയോ കടിച്ചുകീറുന്ന ചെന്നായ്ക്കൾ ആകുന്നു. “ചെന്നായി കുഞ്ഞാടിനോടുകൂടെ പാർക്കും” എന്നത് ഭാവിയിൽ നിറവേറാൻ ഉള്ളതാണെങ്കിലും ഇന്നും കുഞ്ഞാടുകളോടൊപ്പം ചില ചെന്നായ്ക്കൾ പാർക്കുന്നുണ്ട്. രണ്ടിന്റെയും സ്വഭാവം ഒന്നായതും ഇരുവരും സ്നേഹത്തിലായതുമല്ല മറിച്ച് ചില തട്ടിപ്പുകൾക്ക് വേണ്ടിയുള്ള അടവുനയങ്ങൾ ആണ് എന്നത് ഇനിയും നാം തിരിച്ചറിയാതിരിക്കരുത്.

നമുക്കിടയിലുള്ള ഇരട്ടതാപ്പുനയങ്ങൾ മാറേണ്ടത് അനിവാര്യമാണ്, നമ്മെ തിരിച്ചറിയാൻ കഴിയാത്ത നിലയിലേക്കുള്ള നമ്മുടെ അധഃപതനം അപമാനകരമാണ്. എന്തെങ്കിലും ഒക്കെ നേടാൻ വേണ്ടി നമ്മുടെ തനതായ പെന്തെക്കോസ്തിൻ വ്യക്തിത്വത്തെ അടിയറവു വച്ച് കൊണ്ട് നാം നടത്തുന്ന അഭിനയങ്ങൾ ഒരിക്കൽ പിടിക്കപ്പെടും എന്നതിൽ തർക്കമില്ല. ഉറവിന്റെ ഒരേ ദ്വാരത്തിൽ നിന്നും മധുരവും കൈപ്പുമുള്ള വെള്ളം പുറപ്പെട്ടു വരുമോ? വരരുത് എന്നതാണ് വേദപുസ്തകത്തിന്റെ കല്പന. ദൈവമക്കളിൽ നിന്നും ആദരവു ലഭിക്കുവാൻ ആത്മീകന്റെ ശബ്ദവും ലോകത്തിൽ നിന്നും ചിലത് നേടാൻ കൈകളിൽ കോലാട്ടിൻ കുട്ടിയുടെ തോലും സാഹചര്യങ്ങൾക്കനുസരിച്ച് പ്രയോഗിക്കുന്ന പ്രവണത നന്നല്ല. ഈ അഭിനയം കണ്ടിട്ട് അപ്പൻ ചോദിക്കുന്നു “നീ ആർ മകനെ?”

---

കഥ

# ‘മാത്തന്റെ മനമാറ്റം’



ബിനു വടക്കുംചേരി

ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ! ‘അലാ’റത്തിന്റെ സഹായം കൂടാതെ തന്നെ മാത്തച്ചൻ കൃത്യം പുലർച്ച 5.30 ന് എഴുന്നേറ്റു. 6 മണി എന്നൊരു സമയം ഉണ്ടെങ്കിൽ മാത്തൻ പള്ളിയിൽ എത്തും. കുർബാന കൂടണമെങ്കിൽ അത് ആദ്യത്തെ തന്നെ കൂടണം എന്നാണു മാത്തന്റെ പക്ഷം.

“ലില്ലിയെ...... എടി ലില്ലി............ ഈ അതിരാവിലെ ഇവൾ എവിടെപ്പോയ്?” മാത്തൻ പിറുപിറുത്തു കൊണ്ട് ലില്ലിയെ അന്വേഷിച്ചു. ലില്ലിക്കുട്ടി അയൽവാസിയായ അന്നാമ്മയോട് ഇന്നലത്തെ സീരിയലിലെ ദുരൂഹതകളെ കുറിച്ചുള്ള ചർച്ചയിലാണ്.

മാത്തൻ – “നീ ഇന്ന് പള്ളിയിൽ വരുന്നിലെ.......?”

ലില്ലിക്കുട്ടി – “ഞാൻ അടുത്ത വണ്ടിക്കു വരാം.....”

“തമ്പുരാന്റെ യാതൊരു ചിന്തയുമില്ലാതെ നടന്നോ.... അവസാനം എന്തെങ്കിലും പ്രതികൂലം വരുമ്പോൾ..... ‘ഈശോ... മാതാവേ....’ എന്ന് വിളിച്ചു പുള്ളിക്കാരനെ ശല്യപ്പെടുത്തരുത്.. പറഞ്ഞില്ലാന്നു വേണ്ട...”

“പപ്പാ.... മമ്മി വരുമ്പോൾ വരട്ടെ.. നമുക്ക് പോകാം” തള്ളേക്ക് ഇല്ലെങ്കിലും മക്കൾക്കെങ്കിലും ഈ വിചാരം ഉണ്ടല്ലോ എന്നതിൽ മാത്തന് സന്തോഷം തോന്നി.

മാത്തനും മക്കളും പള്ളിയിലേക്ക്..............................

രാവിലെ തന്നെ തന്റെ സ്വന്തം ‘ലാംബിയിൽ’ ആണ് യാത്ര. ഈ ഇരുചക്രശകടം രാവിലെ സ്റ്റാർട്ട് ആക്കാൻ ശ്രമിക്കുന്നിടയിൽ ചിലപ്പോൾ പരാജയപ്പെടാറുണ്ട് എന്നിരുന്നാലും ബസ് കാത്തു സമയം കളയില്ല മാത്തൻ.

പള്ളികഴിഞ്ഞു വരുന്ന വഴി പോത്തിറച്ചിയും മറ്റു ലൊട്ടുലൊടുക്ക് സാധനങ്ങളും വാങ്ങി മാത്തച്ചൻ വീട്ടിൽ തിരികെയെത്തി. ലാംബി വരുന്ന ശബ്ദം ദൂരത്തിൽ നിന്നും തിരിച്ചറിഞ്ഞ ലില്ലിക്കുട്ടി അച്ചായനെയും കാത്തു അവിടെ നില്ക്കുന്നുണ്ടായിരുന്നു. വീട്ടിൽ വന്നതും മാത്തച്ചൻ പത്രവായന തുടങ്ങി, പതിവ് തെറ്റിക്കാതെ ലില്ലിക്കുട്ടിയുടെ ചായ എത്തി. മാത്തച്ചൻ ചായയിൽ മുത്തം ഇട്ടതും, ലില്ലിക്കുട്ടി പറഞ്ഞു “സ്വർണ്ണത്തിനു വീണ്ടും വില കൂടി”. ചായ കുടി നിർത്തി... തലയാട്ടികൊണ്ട് മാത്തച്ചൻ പറഞ്ഞു “മിക്കവാറും അത് പണയം വയ്ക്കേണ്ടി വരും”. അല്പം ഭയത്തോടെ അവൾ ചോദിച്ചു “അത് എന്നാത്തിനാ അച്ചായാ.....??” അച്ചായൻ പറഞ്ഞു തുടങ്ങി വരുന്ന ഫെബ്രുവരിയിൽ നമ്മുടെ പള്ളി പെരുനാൾ വരുവല്ലേ, ചിലപ്പോൾ ഈ ആഴ്ചക്കുള്ളിൽ ‘പെരുനാൾ പിരിവിനായി’ അച്ചനും, കമ്മറ്റിക്കാരും എത്തുമെന്ന് ഇന്ന് പള്ളിയിൽ പറഞ്ഞു. ലില്ലിക്കുട്ടിക്കു അപ്പോഴാണ് കാര്യം പിടുത്തം കിട്ടിയെ “ഹോ.. പെരുനാൾ ആയോ.....? അതിനെന്താ നമ്മൾ സാധാരണ കൊടുക്കും പോലെ എന്തെങ്കിലും കൊടുത്താ പോരെ..??”. “അത് പോരാ ഇക്കുറി വളരെ ഗംഭീരമാക്കാനാ കമ്മറ്റി തീരുമാനിച്ചിരിക്കുന്നെ, ബാൻഡ്സെറ്റിനു പുറമേ, ശിങ്കാരിമേളവും, ആനയെഴുന്നെള്ളിപ്പ് ഒക്കെ ഉണ്ടത്രേ”.

“ക്യാഷില്ലാതിരിക്കുന്ന സമയത്ത് കമ്മറ്റിക്കാർക്ക് എന്തും തീരുമാനിക്കാലോ? അല്ലേലും എന്തിനാ ഇത്ര ആഡംബരമായി നടത്തുന്നെ?, കഴിഞ്ഞ കൊല്ലമൊന്നും ഇങ്ങനെ ഉണ്ടായിരുന്നില്ലല്ലോ? വർഷത്തിൽ ‘കാശ്’ മാത്രം പിരിക്കാൻ വന്നാ പോരാ ഇടക്കൊക്കെ ഇടവകയിലെ വീട്ടിൽ കേറി അവിടുത്തെ കാര്യങ്ങൾ ആരായാനും അച്ചന്മാർക്ക് സമയമില്ലല്ലോ...?” ലില്ലിക്കുട്ടി പിറുപിറുത്തു കൊണ്ടിരുന്നു.

മാത്തച്ചൻ : “അതൊന്നും പറഞ്ഞാപോരാ നമ്മൾ കൊടുത്തേ പറ്റു”. അച്ചായനെ ദേഷ്യത്തോടെ നോക്കിയിട്ട്, കാലിയായ ചായഗ്ലാസ്സുമായി ലില്ലിക്കുട്ടി അടുക്കളയിൽ പോയ്മറഞ്ഞു.

മാത്തൻ പതിയെ അകത്തേക്ക് ചെന്ന് മകളെ വിളിച്ചു സ്നേഹത്തോടെ അവരോടു പറഞ്ഞു “മക്കളെ പപ്പയ്ക്ക് ഒരു കാര്യം പറയാനുണ്ട്, നിങ്ങൾ ശ്രദ്ധയോടെ കേൾക്കണം..”

“എന്താ പപ്പാ?”

“അത് മക്കളെ പപ്പാ രക്ഷിക്കപ്പെട്ടു !”

മൂത്ത മകൻ ജോജി– “രക്ഷിക്കപ്പെട്ടു എന്ന് പറഞ്ഞാൽ എന്താ പപ്പാ ഉദ്ദേശിക്കുന്നത്? ഞങ്ങൾക്ക് മനസ്സിലായില്ലല്ലോ?”

ജോയി– “അത് മോനെ പപ്പാ കഴിഞ്ഞ കാല ജീവിതത്തിൽ നിന്നും മാറി യേശുക്രിസ്തുവിനെ എന്റെ സ്വന്തം രക്ഷിതാവായി സ്വീകരിച്ചു, വായ് കൊണ്ട് ഏറ്റു പറഞ്ഞു; ഇനി ആ കർത്താവിന്റെ വചനമനുസരിച്ചു നടക്കും എന്ന് ഹൃദയം കൊണ്ട് വിശ്വസിച്ചു. (റോമർ 10:9)”

ജോജി– “അപ്പോൾ പപ്പാ ഇനി കള്ളു കുടിക്കത്തില്ല?”

“ഇല്ല മോനെ പപ്പാ ഇനി കള്ളു കുടിക്കത്തില്ല.”

ജോജി– “അത് എന്തായാലും നല്ല കാര്യം. പപ്പായുടെ ആരോഗ്യം രക്ഷപ്പെടും.”

“അതെന്താ നീ അങ്ങനെ പറഞ്ഞത്?”

ജോജി–“പപ്പായുടെ ആരോഗ്യം മാത്രമല്ല നശിച്ചു കൊണ്ടിരുന്നത്, പപ്പയുടെ ആത്മാവും നശിച്ചു കൊണ്ടിരിക്കുകയായിരുന്നു. അതിൽ നിന്നൊക്കെ പപ്പാ രക്ഷിക്കപ്പെട്ടില്ലേ?”

“ആ പറഞ്ഞത് സത്യമാണ്.”

ജോജി– “പപ്പായുടെ ആത്മാവും ശരീരവും നശിച്ചു കൊണ്ടിരിക്കുകയായിരുന്നു. പക്ഷേ അതിൽ നിന്നൊക്കെ പൂർണ്ണമായി രക്ഷപ്പെടാൻ പപ്പായ്ക്ക് സാധിച്ചു എന്ന് പറഞ്ഞാൽ അത് ശരിയാണെന്നു തോന്നുന്നില്ല.”

“അതെന്താ നീ അങ്ങനെ പറഞ്ഞത്?”

ജോജി– “ആത്മാവിനെ രക്ഷിക്കാൻ പപ്പാ എന്ത് ചെയ്തെന്നാ പറഞ്ഞത്? രക്ഷിക്കപ്പെട്ടു സ്നാനം സ്വീകരിച്ചു കർത്താവിനെ രക്ഷിതാവായി ഏറ്റു പറഞ്ഞു ഇതൊക്കെയല്ലേ? കർത്താവിനെ രക്ഷിതാവായി സ്വീകരിച്ചതും കർത്താവിനോട് ചെയ്ത തെറ്റുകളെ ഏറ്റു പറഞ്ഞു ഉപേക്ഷിച്ചതും എല്ലാം നല്ല കാര്യം, അങ്ങനെ ആവണം. പക്ഷേ പപ്പാ ചെറുപ്പം മുതൽ ജീവിച്ചു വളർന്ന സഭയെ ഒരു ശതമാനം പോലും മനസ്സിലാക്കാതെ, സഭയെന്താണ് ക്രിസ്തീയ ജീവിതത്തെ കുറിച്ച് പഠിപ്പിക്കുന്നത് എന്ന് മനസ്സിലാക്കാതെ, സഭയിൽ നടക്കുന്നത് എല്ലാം അനാചാരങ്ങളും തെറ്റുകളുമാണ് എന്ന് ആരോ പറഞ്ഞത് കേട്ട് അവരുടെ പ്രസ്ഥാനത്തിൽ ചേർന്ന് വീണ്ടും സ്നാനം സ്വീകരിച്ചത് ശരിയായില്ല.

“ജോജി, കുടുംബം നിലനിൽക്കുന്നത് സ്നേഹം– വിശ്വാസം എന്നിവയിലാണു. ഇതിൽ സ്നേഹം നഷ്ടപ്പെട്ടാലും അഡ്ജസ്റ്റ് ചെയ്തു ജീവിക്കുന്ന കുടുംബങ്ങൾ ഉണ്ട് എന്നാൽ ‘വിശ്വാസ വഞ്ചന’ തിരിച്ചറിഞ്ഞാൽ പിന്നെ ഉപേക്ഷിക്കുക അല്ലാതെ മറ്റു നിവർത്തിയൊന്നും ഇല്ല. എന്നും രാവിലെ കൃത്യമായി പള്ളിയിൽ പോകാറുള്ള എന്നോട് ആണോ നീ ചോദിക്കുന്നത്...? ഞാൻ ഒന്നോ രണ്ടോ ദിവസം കൊണ്ട് മനസിലാക്കിയ കാര്യങ്ങൾ അല്ല ഇതൊന്നും, അങ്ങനെ ഒന്നും പെട്ടെന്ന് പറഞ്ഞു മനസ്സിലാക്കാൻ കഴിയുന്നതല്ല ഈ വിഷയങ്ങൾ, പോട്ടെ, നമ്മുടെ വിശ്വാസത്തെപ്പറ്റി നിനക്ക് എന്ത് അറിയാം? ‘സഭ’ എന്നാൽ എന്ത്? നിനക്കറിയാമോ??”

“ഇല്ല പപ്പാ”

“ജ്ഞാനസ്നാനം സ്വീകരിച്ചു സത്യസുവിശേഷം അനുസരിച്ച് മാർപാപ്പയുടെ പരമാധികാരത്തിൽ കീഴ്പ്പെട്ടിരിക്കുന്നവരുടെ സമൂഹമാണു കത്തോലിക്ക തിരുസഭ (മത പഠന സംഗ്രഹം P–29); ദൈവത്തിന്റെ പരമാധികാരത്തിൽ അല്ല മറിച്ച് അതാത് സമയങ്ങളിൽ മാറി–മാറി വരുന്ന മാർപാപ്പയുടെ പരമാധികാരത്തിൽ കീഴ്പ്പെട്ടിരിക്കുന്നതാണ് നമ്മുടെ സഭ”

ജോജി–“ഹോ.... ഇത്രയും നാൾ കേൾക്കാത്ത ഈ അറിവൊക്കെ പപ്പായ്ക്ക് എപ്പോ വന്നു? ഇത് സഭയുടെ ഒരു ചട്ടക്കൂട് മാത്രം എന്നേ ഉള്ളു.... വൈകീട്ടില്ല ആദ്യം സത്യം എന്തെന്ന് പപ്പാ മനസ്സിലാക്ക്.”

“എന്തിനാ ദേഷ്യപ്പെടുന്നത്? പപ്പാ മോൻ ദേഷ്യപ്പെടാനുള്ള കാര്യമൊന്നും പറഞ്ഞില്ലല്ലോ.? മോൻ ഒന്ന് സമാധാന

08

## കാലികം

# കർത്താവ് അറിഞ്ഞിട്ടില്ലാത്ത കർതൃവേലക്കാർ



സജി നെടുങ്കണ്ടം

ആടുമോഷണം എന്നത് പെന്തെക്കോസ്തുകാരുടെ ഇടയിൽ നടക്കുന്ന ഒരുതരം ആത്മീയകുറ്റമാണ്. പെന്തെക്കോസ്തുകാരെ അടുത്തറിയാത്തവർക്ക് ഈ മോഷണം ഒരു ക്രിമിനൽ കുറ്റമായി തോന്നിയേക്കാം. സ്വർഗ്ഗീയ കോടതിയുടെ മുമ്പിൽ ജാമ്യം കിട്ടാത്ത ഒരു കുറ്റംതന്നെയാണ് ഈ ആടുമോഷണം. പെന്തെക്കോസ്തുകാർ അല്ലാത്തവർ ആരെങ്കിലും ഈ കുറിപ്പ് വായിച്ചാൽ തെറ്റിദ്ധരിക്കപ്പെടാതിരിക്കാൻ ആവശ്യമായൊരു വിശദീകരണം ഉചിതമെന്ന് കരുതട്ടെ. രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട പെന്തെക്കോസ്തു വിശ്വാസികളെ ആട്ടിൻകൂട്ടമായും വേദപുസ്തകം വിശദീകരണം നൽകുന്നു. ഒരു മോഹനവാഗ്ദാനം നൽകി സ്വന്തം സഭയിലേയ്ക്ക് തട്ടികൊണ്ടുപോകുന്നതിനെയാണ് ഇവിടെ ആടുമോഷണം എന്ന് ഉദ്ദേശിച്ചിരിക്കുന്നത്. തോട്ടിലോ പുഴയിലോ പോയി മീൻ പിടിക്കാൻ മെനക്കെടാതെ അയൽക്കാരൻ വളർത്തുന്ന മീൻകുളത്തിലും വീട്ടിനുള്ളിലെ അക്വേറിയത്തിലും ചൂണ്ട ഇട്ടു നടക്കുന്ന പാസ്റ്റർമാർ കേരളത്തിൽ പെരുകിയിരിക്കുന്നു. കൈ നനയാതെ മീൻ പിടിക്കുക എന്നതാണ് ഇവരുടെ ഉദ്ദേശം. വർഷങ്ങളായി നിലനിന്നുപോരുന്ന പഴയ സഭകളുടെ സമീപെ പലവിധത്തിലുള്ള ചാക്കുമായി ചുറ്റിക്കറങ്ങി പുതിയ സഭ സ്ഥാപിക്കുന്ന ഉപദേശിമാർ ഇന്ന് എവിടെയും കാണാം. വിശ്വാസികളുടെ വീട്ടിൽക്കയറി പ്രവചനം തട്ടിവിട്ടും വെളിപ്പാടുപറഞ്ഞും ചിലരെ ആകർഷിക്കുന്നു. അടുത്ത ദിവസം ഇഷ്ടൻ ഉപവാസ യജ്ഞവുമായി രംഗത്ത് വരുന്നു. പേരും നാളും സഭയും ഇല്ലാത്ത ബ്രദർ എന്ന് സംബോധന ചെയ്യുന്ന ചില ഉണർവ്വുകാരെ രംഗത്ത് ഇറക്കി ചാടിച്ചും തുള്ളിച്ചും പ്രവചിച്ചും പ്രസംഗിപ്പിച്ചും പഴയ വിശ്വാസികളെ പുതിയ സഭയിലേയ്ക്ക് ആകർഷിക്കുന്നു. കൃപയില്ലാത്ത പാസ്റ്റർമാരുടെ കീഴിൽ എന്തിനു നിങ്ങൾ കൂട്ടായ്മ ആചരിക്കുന്നു. ഒൻപത് കൃപാവരവും ജ്വലിപ്പിക്കുന്ന ന്യൂജനറേഷൻ പാസ്റ്റർമാർ ആത്മാവിൽ കത്തുമ്പോൾ എന്തിനു നിങ്ങൾ അപ്പച്ചന്മാരുടെ വരണ്ട പ്രസംഗം കേട്ടിരിക്കണം. ആകയാൽ ഓടിവരിക.... ഇവിടെ തീയിറക്കി ചൂടാക്കിയ ആത്മീയവിഭവം ചൂടാറാതെ നൽകുന്നതാണ്. ആടിനെ പിടികൂടാൻ ഏതുവേഷവും കെട്ടുന്ന ഈ കൂട്ടർ അടുത്ത സഭ പൊളിക്കും. അവരുടെ സഭ സ്ഥാപിക്കും.

മുഖ്യധാര പെന്തെക്കോസ്തു സഭകളെ ഇങ്ങനെ പൊട്ടിച്ചു ന്യൂജനറേഷൻ കൾട്ടുകൾ ഇതാ കേരളം വാഴുന്നു. പാസ്റ്റർമാർ ഉണരുക, ദൈവജനം അവരവരുടെ സഭയിൽ ഉറപ്പോടെ നിൽക്കുക. ആത്മീക ശുശ്രൂഷകളുടെയും ആരാധനയുടെയും പുത്തൻ മാനങ്ങൾ തേടുന്ന ഇവർ മുന്നിൽ കിട്ടുന്ന ജനത്തെ ആരാധനയിലൂടെ പുതിയ പരീക്ഷണങ്ങൾ നടത്തുന്നു. ഊതിയും ഉന്തിയും ഉരുട്ടിയിട്ടും വിവിധ പരീക്ഷണങ്ങൾ നടത്തി രോഗികളുടെ മുഴ പുറത്താക്കുന്നതിനിടയിൽ സ്ത്രീകളെ തട്ടിയും മുട്ടിയും തട്ടിപ്പുവീരൻ തടിതപ്പും. ഇംഗ്ലീഷ് വർഷിപ്പ് എന്ന പേരിൽ യുവതിയുവാക്കൾ ഇറുകിയ ടീഷർട്ടും ജീൻസും ധരിച്ച് കൂട്ടായ്മയുടെ നടുവിൽ പരിസരബോധമില്ലാതെ ഓടിനടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആത്മീയതയുടെ മറവിൽ കാട്ടികൂട്ടുന്ന എല്ലാ കൂട്ടായ്മകളിലും നിങ്ങൾ കണ്ണടച്ച് കയറി കൈയടിക്കരുത്. ദൈവവചനം തെറ്റായി വ്യാഖ്യാനിച്ച് ജനത്തെ തെറ്റിദ്ധരിപ്പിക്കുന്ന ഒരു സംഘം തന്നെ പെന്തെക്കോസ്തുകാരുടെ ഇടയിൽ കളം നിറഞ്ഞാടുന്നു. തട്ടിയും മുട്ടിയും തൊട്ടുരുമിയും തലപിടിച്ചുകുലുക്കിയുമുള്ള ഇത്തരം ശുശ്രൂഷകളെ സഹോദരിമാർ പ്രത്യേകം ശ്രദ്ധിക്കുക. പാരമ്പര്യസഭകളെയും പ്രസ്ഥാനത്തെയും കുറ്റം പറഞ്ഞ് ആരംഭിക്കുന്ന പ്രസംഗശൈലി; ഇങ്ങനെയുള്ളവരെ തിരിച്ചറിയാനുള്ള ഒന്നാമത്തെ തെളിവാണ്. ഏതെങ്കിലും ഒരു വിഷയത്തിൽ നിന്നും പ്രസംഗിക്കാത്ത ഇവർ ജനം കൈയടിക്കാൻ കള്ളസാക്ഷ്യം പറഞ്ഞ് പാവപ്പെട്ടവരെ ഉണർത്തുന്നു. ഇവർ പറയുന്ന സാക്ഷ്യം ശരിയായി അന്വേഷിച്ചാൽ പച്ചക്കള്ളം എന്ന് പിന്നീട് തെളിയും. ചതിയിൽ കുടുങ്ങരുത്...തിരിച്ചറിയാൻ കൃപ പ്രാപിക്കുക....ഇവിടെ ആയൂർ ആരോഗ്യം നമുക്ക് ആവശ്യമെങ്കിലും ലോകർക്ക് നേരിടുന്ന എല്ലാ രോഗങ്ങളും നമ്മെയും കടന്നാക്രമിക്കും. രോഗശാന്തിയിൽ വിശ്വസിക്കുന്നവരാണ് പെന്തെക്കോസ്തുകാർ. ഈ രോഗശാന്തി ഒരു പ്രാവശ്യമെങ്കിലും അനുഭവിക്കാത്തവർ പെന്തെക്കോസ്തുകാരുടെ ഇടയിൽ വിരളമാണ്. എന്നാൽ പാപത്തിന്റെ പരിണിതഫലത്താൽ ആത്മാവിനു നേരിട്ട രോഗം അകറ്റുക എന്നതായിരുന്നു യേശുവിന്റെ ലക്ഷ്യം. യേശുവിന്റെ ലക്ഷ്യം നാം അലക്ഷ്യമാക്കി അവിടുത്തെബലി മരണത്തിലൂടെ ലഭിക്കുന്ന അനവധി നന്മയിൽ ഒരു നന്മയായ രോഗശാന്തി മാത്രം നാം മുറുകെ പിടിക്കുന്നു.

രോഗിക്ക് ലഭിക്കുന്ന സൗഖ്യം ഒരിക്കലും നിത്യജീവനല്ല, എന്നാൽ പാപത്തിന്റെ ശമ്പളം മരണമാണ്, രോഗശാന്തി ലഭിച്ച ഒരാൾ ആയുസ് തികഞ്ഞാൽ മരിച്ചുവീഴും. എന്നാൽ പാപമോചനം എന്ന വീണ്ടെടുപ്പ് പ്രാപിച്ചവൻ മരിച്ചുവീണാലും ഒടുക്കത്തെ പുനരുത്ഥാനത്തിൽ ഉയിർത്തെഴുന്നേൽക്കും. രോഗശാന്തിലഭിച്ചവൻ നാളത്തെ മരണത്തിന് ആരോഗ്യം വർദ്ധിപ്പിക്കുമ്പോൾ പാപശാന്തി ലഭിച്ചവൻ നാളത്തെ ഉയിർപ്പിനെ ഉറപ്പു പ്രാപിക്കുന്നു. ഒമ്പതു കൃപാവരവും അപ്പൊസ്തലിക ഉപദേശത്തിൽ അടിസ്ഥാനപ്പെട്ടതാണ്. എന്നാൽ ഒരുവൻ പ്രാപിച്ച കൃപാവരം നാളെ നീങ്ങിപ്പോയേക്കാം. ന്യായവിധിയുടെ നടുവിൽ ലജ്ജിച്ച് തല താഴ്ത്താതെ നിത്യതയിൽ നിവരെ നിൽപ്പാൻ ആത്മാവിന്റെ വരത്തെക്കാൾ മെച്ചം ആത്മാവിന്റെ ഫലത്തിനാണ്. വരമുണ്ട് ഫലമില്ല, എങ്കിൽ ഒടുക്കമവൻ നമ്മെ വെട്ടിതീയിലിടും. ഫലം ഉണ്ട് വരമില്ല എന്നിരിക്കട്ടെ എങ്കിലും നിങ്ങൾക്ക് നിത്യതയിൽ നിവരെ നിൽക്കാം. കൃപാവരങ്ങൾ ജ്വലിപ്പിക്കുന്നു എന്നു പറഞ്ഞ് അതിന്റെ മറവിൽ തട്ടിപ്പുനടത്തി തട്ടിയും മുട്ടിയും നടക്കുന്ന കപടവേഷധാരികളെ തിരിച്ചറിയുക. നല്ല പ്രസംഗം നടത്തിയേക്കാം പ്രവചിച്ചേക്കാം ഒടുക്കം യേശു ഈ കൂട്ടരെക്കുറിച്ച് പറയുന്നത് ഇങ്ങനെ: "ഞാൻ നിങ്ങളെ ഒരു നാളും അറിഞ്ഞിട്ടില്ല" (മത്തായി 7:22,23).

## കണ്ടതും കേട്ടതും

# പക്ഷപാതവും പക്ഷവാദവും പക്ഷവാതവും

ജയ്മോഹൻ അതിരുങ്കൽ, 9567759748




ജേണൽ കൈയിൽക്കിട്ടിയാൽ, ഞാനാദ്യം നോക്കുന്നതു 'മാദ്ധ്യമവിചാര'മായിരുന്നു. അത് അകാലചരമമടഞ്ഞുവെന്നു കരുതുന്നു അതിൽ അനുശോചനം രേഖപ്പെടുത്തിയങ്ങു തുടങ്ങാം. ജോർജ് ഫിലിപ്പ് തെക്കേക്കര സാറിന്റെ ചോദ്യോത്തരപംക്തിയാണ് അടുത്തതായി ശ്രദ്ധിക്കുന്നത്. 'കോര'മൊഴിയും ശ്രദ്ധേയമാണ്. ബാക്കിയൊന്നും ഞാനങ്ങനെ വായിക്കാറില്ലെന്നുള്ളതാണ് സത്യം. കഴിഞ്ഞ ലക്കത്തിലെ ഒരു ലേഖനത്തിൽ, 'യേശുക്രിസ്തു നമുക്കുവേണ്ടി പക്ഷപാതം' ചെയ്യുന്നുവെന്ന് എഴുതിയിരുന്നു. കർത്താവൊരു പക്ഷപാതിയല്ലെന്ന് ആദ്യമേ പറയട്ടേ. പക്ഷപാതം എന്നതിന്റെയർത്ഥം, പക്ഷം പിടിച്ചു നിൽക്കുക, വിഭാഗീയത കാട്ടുക എന്നൊക്കെയാണ്. ഇംഗ്ലീഷിൽ Partiality എന്നു പറയും. സ്കൂളിൽ പഠിക്കുമ്പോൾ, 'വിമർശനം' എന്നൊരു പാഠമുണ്ടായിരുന്നു. അതിൽ, 'വിമർശനവൃക്ഷത്തിന്റെ നാരായവേര് പക്ഷപാതരാഹിത്യമാണെ'ന്നുണ്ടായിരുന്നു. സാഹിത്യവിമർശനമാണു പാഠത്തിലെ പ്രതിപാദ്യവിഷയം. അപ്പോൾ, ഒരു സാഹിത്യവിമർശകൻ പക്ഷപാതം കാട്ടരുതെന്നായിരുന്നു ലേഖനകാരൻ ഉദ്ദേശിച്ചത്. 'അമേരിക്കയ്ക്ക് യിസ്രായേലിനോടു പക്ഷപാതമുണ്ട്' എന്നതിൽ നിന്ന്, പക്ഷപാതമെന്നാലെന്താണെന്നു വ്യക്തമാണല്ലോ.

ഇനി കർത്താവു നമുക്കുവേണ്ടി എന്താണു ചെയ്യുന്നത്? അതു പക്ഷവാദമാണ്. പക്ഷം പിടിച്ചു കൊണ്ടു വാദിക്കുന്നതാണത്. അഭിഭാഷകൻ, സ്വന്തം കക്ഷിക്കുവേണ്ടി കോടതിയിൽ ചെയ്യുന്ന പ്രവൃത്തിയാണത്. കർത്താവ് എനിക്കുവേണ്ടി പിതാവിന്റെ മുമ്പിൽ പക്ഷവാദം ചെയ്യുന്നു. അതുകൊണ്ടാണു ഞാൻ നിലനിൽക്കുന്നത്. ഇല്ലായിരുന്നെങ്കിൽ ഞാൻ എപ്പഴേ തട്ടിപ്പോകുമായിരുന്നു. മുന്തിരിത്തോട്ടത്തിൽ നിൽക്കുന്ന അത്തിവൃക്ഷത്തിന്റെ ഉപമ അതാണു കാണിച്ചിരിക്കുന്നത്. നിലത്തെ നിഷ്ഫലമാക്കുന്ന അത്തിവൃക്ഷത്തെ മുറിച്ചുമാറ്റാൻ തോട്ടത്തിന്റെ ഉടമസ്ഥൻ (പിതാവായ ദൈവം) നിർദ്ദേശിക്കുമ്പോൾ, 'ഒരു വർഷം കൂടെ നിൽക്കട്ടെ. ഞാൻ കിളച്ചു വളമിടാം. ഒരു പക്ഷേ കായ്ച്ചേക്കും' എന്നു പിതാവിനോട് അപേക്ഷിക്കുന്ന തോട്ടക്കാരൻ കർത്താവാണ്. സുവിശേഷവേലയിൽ ഇന്നുവരെ പ്രയോജനപ്പെടാത്ത എന്നെ നോക്കി, 'വെറുതെ സ്ഥലം മിനക്കെടുത്തുന്നു; വെട്ടിക്കളഞ്ഞേക്കുക' എന്നു പറയുന്ന പിതാവും. 'അതരുതെ'ന്നു പക്ഷവാദം ചെയ്യുന്ന (എനിക്കുവേണ്ടി) പുത്രനും! എന്നെ ആശ്ചര്യപ്പെടുത്തുന്ന ഒരു മഹാകാര്യമാണിത്, എനിക്കുവേണ്ടി പക്ഷപാദം ചെയ്യുന്ന കർത്താവ്! അതുകൊണ്ടു തന്നെയാണു ഞാൻ നിലനിൽക്കുന്നത്, അല്ല ജീവിക്കുന്നത്. ജീവിതത്തിന്റെ പകുതിയിലധികം താണ്ടിയ ഞാൻ, മരിക്കുന്നതിനുമുമ്പ് കർത്താവിനുവേണ്ടി, സുവിശേഷത്തിനുവേണ്ടി എത്രമാത്രം പ്രയോജനപ്പെടുന്നുണ്ടെന്നു ചിന്തിച്ചുപോകുന്നു.

അവസാനത്തേതു പക്ഷവാതമാണ്. പക്ഷം (വശം) തളർന്നുപോയി, കിടക്കയിലായിരിക്കുന്ന സ്ഥിതി. ബഥേസ്ദാ കുളക്കരയിലെ രോഗി തളർന്നു കിടക്കുകയായിരുന്നു. നാലുപേർ ചുമന്നുകൊണ്ടു വന്നയാളും പക്ഷവാതക്കാരനായിരുന്നു. അവരെയെല്ലാം കർത്താവു സുഖമാക്കി. കുളക്കരയിൽ മുപ്പത്തെട്ടു വർഷമായിക്കിടന്നവനോട്, 'സൗഖ്യമാകാൻ നിനക്കു മനസ്സുണ്ടോ'യെന്നു കർത്താവു ചോദിച്ചപ്പോൾ അയാൾ നൽകിയ മറുപടി രസകരമാണ്: "എനിക്കാരുമില്ല". 'മനസ്സുണ്ട്', അഥവാ 'ഉണ്ട്' എന്നൊക്കെ മറുപടി നൽകേണ്ടുന്ന സ്ഥാനത്താണു" 'എനിക്കാരുമില്ലെ'ന്നു പറഞ്ഞത്. നമ്മളും ഇങ്ങനൊക്കെത്തന്നെയാണു പലപ്പോഴും മറുപടി പറയാറുള്ളത്. ബോംബെയിൽ വെച്ച് ഒരു സഭാ ശുശ്രൂഷകനോടൊരാൾ ചോദിച്ചു: "പാസ്റ്റർക്കു സ്ഥലം മാറാൻ താല്പര്യമുണ്ടോ?" അദ്ദേഹത്തിന്റെ മറുപടി: "എന്റെ ഉള്ളിന്റെയുള്ളിലെ ആഗ്രഹം ഒരു ഗാവിൽ പോയി പ്രവർത്തിക്കാനാണ്". അതിനർത്ഥമെന്താണ്? നഗരത്തിൽ നിന്നു പോകാൻ ഇഷ്ടമില്ലെന്നാണ്.

**നീക്കിബാക്കി:** കഴിഞ്ഞയിടെ, ഞാൻ പഠിച്ച വേദപാഠശാലയിലൊന്നു പോയി. എൺപതു വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. ഒറ്റ മലയാളി പോലുമില്ല! എല്ലാം നാഗാലാൻഡ്, മണിപ്പൂർ, ആന്ധ്രാ സംസ്ഥാനക്കാരാണ്. മലയാളികൾക്കെന്തുപറ്റിയെന്ന് ആലോചിക്കുകയാണ്. മിക്ക ബൈബിൾ കോളേജുകളും നടന്നുപോകുന്നത് അന്യസംസ്ഥാന വിദ്യാർത്ഥികൾ ഉള്ളതുകൊണ്ടാണ്. കാലക്രമേണ, മണിപ്പൂരിയും നാഗനും തെലുങ്കനുമൊക്കെയാകുമോ മലയാളം സഭകളിൽ പാസ്റ്റർമാരായി വരുന്നത്? "അപ്പോസിൽ **ബോൾ** വാസെ **പിഗ്**മാൻ" എന്നൊക്കെ നാഗൻ പാസ്റ്റർ പ്രസംഗിക്കുന്നതു കേൾക്കാം.

## 08 പോലീസ് സേനയിൽ നിന്നും....

ചികിത്സ, പഠനം, വിവാഹം എല്ലാം സഭ നിർവ്വഹിക്കേണ്ട ചുമതലകളാണ്. അന്യാധീനപ്പെട്ടുപോയ സ്റ്റേഡിയം നിയമ നടപടികളിലൂടെ തിരിച്ചെടുക്കണം. ദൈവസഭക്ക് മുഖ്യധാരയിൽ ഒരിടമൊരുക്കണം. പൊതുമണ്ഡലത്തിൽ നല്ല പേരുണ്ടാകണം. പുതുതലമുറക്ക് ആത്മവിശ്വാസം നൽകണം. ഇതെല്ലാം മുമ്പിലുള്ള വെല്ലുവിളികളാണ്. വിശ്വാസികളുടെയും കർത്തൃദാസന്മാരുടെയും സഹോദര സംഘടനകളുടെയും പിന്തുണ ഇതിനാവശ്യമാണ്. വർഷങ്ങളായിട്ടുള്ള എന്റെ ഉപവാസവും പ്രാർത്ഥനയും ഇതാണ്- ഇടറിയ സ്വരത്തോടെ സണ്ണിക്കുട്ടി പറഞ്ഞു.

നാളിതുവരെയുള്ള തന്റെ പ്രവർത്തനങ്ങളെ സഹായിച്ചവരോട് നന്ദി പറയാനും മറന്നില്ല. കെൻ ആൻഡേഴ്സൻ, ഡെന്നിസ്ഹേഫ്നർ., സ്കോട്ട്റെയ്സ്, ജോസ് ഏബ്രഹാം, കെ.പി. ജോർജ്ജ്, പി.ജെ. ജെയിംസ്, പി.ജി. മാത്യൂസ്, കെ.സി. ജോൺ, പി.സി. ചെറിയാൻ എന്നിവരുടെ പേരെടുത്ത് നന്ദി പറഞ്ഞു. പ്രസ്ഥാനത്തെ സഹായിച്ചിട്ടുള്ള സിസി. തോമസ്, സണ്ണി താഴാംപള്ളം, ജോൺസൺ സഖറിയ, ഐസക് സൈമൺ, ജോൺ തോമസ്, സുശീൽ മാത്യു എന്നിവരേയും ഓർക്കുന്നു. മുൻ ഓവർസീയർമാരായിരുന്ന പി.ജെ. ജോസഫ്. സണ്ണി വർക്കി, ഇപ്പോഴത്തെ ഓവർസീയർ ജോസഫ് റ്റി. സാം എന്നിവരുടെ പിന്തുണയെ കടപ്പെട്ടിരിക്കുന്നു.

ദൈവസഭയുടെ ഓവർസീയർമാരായിരുന്ന പാസ്റ്റർമാരായ കെ. ജെ. ചാക്കോ,വൈ. ജോസഫ് എന്നിവരുടെ പിൻഗാമിയായി 25 വർഷങ്ങൾക്കുശേഷം ജനറൽ അസംബ്ലിയിൽ തന്റെ പ്രസ്ഥാനത്തെ പ്രതിനിധീകരിച്ച് പങ്കെടുക്കാനവസരം കിട്ടിയത് ദൈവഹിതവും ചരിത്ര നിയോഗവുമായി സണ്ണിക്കുട്ടി തിരിച്ചറിയുന്നു.

Website: www.beljourn.com
www.beljourn.in

MOB: 9447368795
beljourn@gmail.Com
beljourn.com/ www.bjournal.org
VOL 07, ISSUE 15

BELIEVERS JOURNAL

BELIEVERS JOURNAL
P.O. BOX NO. 31, MANJADI P.O
THIRUVALLA, KERALA - 689 105
Publishing Date
10/08/2014

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/7LA/225/2012-14

# സുവിശേഷീകരണത്തിന് പ്രാധാന്യം നല്കണം

പരമ്പര

## കുക്ക് സായ്പിന്റെ സഭയ്ക്ക് എന്തു പറ്റി?



ബിലീവേഴ്സ് ജേണലിൽ പ്രസിദ്ധീകരിച്ചുവന്ന സഭാവളർച്ചയെ സംബന്ധിച്ച ദൗത്യ ശാസ്ത്രവിശകലനം ഗൗരവപരമായ വീണ്ടുവിചാരത്തിന് പ്രേരിപ്പിക്കുമെന്ന് കരുതുന്നു. ഭാരതത്തിൽ നൂറുവർഷം പിന്നിടുന്ന ചർച്ച് ഓഫ് ഗോഡ് എന്ന പ്രസ്ഥാനം സഭാവളർച്ചയിലും മിഷൻ പ്രവർത്തനങ്ങളിലും പുത്തൻ നയങ്ങൾ സ്വീകരിക്കേണ്ടതുണ്ട്. കൊളോണിയിൽ അധികാരഘടന, കേന്ദ്രീകൃതഭരണസംവിധാനം, കോടതി കേസുകൾ, പിളർപ്പുകൾ, സഭാരാഷ്ട്രീയം, സ്ഥാപനവത്കരണം തുടങ്ങിയ ആഭ്യന്തര സംഘടനാ ദൗർബല്യങ്ങൾ സഭവളർച്ചയെ പിറകോട്ടടിച്ചു. മിഷൻ കോൺസെപ്റ്റുള്ള നേതൃത്വത്തിന്റെ അപര്യാപ്തത ആത്മീക വന്ധ്യതയ്ക്ക് ആക്കം കൂട്ടി. ആത്മീക പ്രജനനം നടക്കാതെ മൃതാവസ്ഥയിലായ ഭാരതസഭയെ ഊർജ്ജസ്വലമാക്കാൻ ഉത്തേജകജനമായ കാര്യപരിപാടികൾ ആവിഷ്കരിക്കണം.

ദൈവസഭ ഭാരതീയമാകണം. ഭരണസംവിധാനം അടിമുടി ജനാധിപത്യപരമായി പുനഃസംഘടിപ്പിക്കണം. 29 സ്റ്റേറ്റുകളും കേന്ദ്രഭരണ പ്രദേശങ്ങളും ഉള്ള ഇന്ത്യയിൽ 8 ഓവർസിയർമാരും ഒരു മിഷനറി അഡ്മിനിസ്ട്രേറ്ററുമാണുള്ളത്. ഐ.പി.സിയ്ക്ക് ഓരോ സ്റ്റേറ്റിനും ഓരോ പ്രസിഡന്റാണുള്ളത്.റീജിയനുകൾ പിരിച്ചുവിട്ട് ഓരോ സ്റ്റേറ്റിനും ഓരോ ഓവർസിയർമാരെ നിയമിക്കണം. അധികാര വികേന്ദ്രീകരണം എല്ലാ തട്ടിലും നടപ്പിലാക്കണം. നേതൃസ്ഥാനങ്ങളിൽ 10 വർഷം പിന്നിട്ടവരെ മാറ്റണം. ഇന്ത്യയിൽ ഏകീകൃത നിയമങ്ങളല്ല നിലനില്കുന്നത്. ഓവർസിയർമാരുടെ പ്രകടനം പലപ്പോഴും വിലയിരുത്താറില്ല. നേതൃസ്ഥാനത്തിൽ പതിറ്റാണ്ടുകൾ ഇരുന്ന് വേൾഡ് മിഷന്റെ ശമ്പളംകൈപ്പറ്റിയവർ സഭയ്ക്കുവേണ്ടി എന്തു ചെയ്തു? മറ്റ് പ്രസ്ഥാനങ്ങളുടെ മുമ്പിൽ അഭിമാനിക്കാവുന്ന സ്ഥാപനങ്ങൾ, സെമിനാരികൾ എന്തെങ്കിലുമുണ്ടോ?.

ഇന്റർസ്റ്റേറ്റ് രജിസ്ട്രേഷൻ നടപ്പാക്കണം. പ്രവർത്തനാധികാരം അതാത് സ്റ്റേറ്റ് കൗൺസിലുകൾക്ക് നൽകണം. സ്റ്റേറ്റുകളുടെ പ്രവർത്തനങ്ങളെ ഏകീകരിക്കുവാൻ ജനറൽ കൗൺസിൽ കൊണ്ടുവരണം നോമിനേഷൻ സമ്പ്രദായം അവസാനിപ്പിച്ച് എല്ലാ എക്സിക്യൂട്ടിവ് തസ്തികളിലേക്കും ജനാധിപത്യമായി തെരഞ്ഞെടുപ്പു നടപ്പാക്കണം. ഇതിനായി സുശക്തമായ ഭരണഘടനയും ഇലക്ഷൻ മാന്വലും ആവശ്യമാണ്.

പ്രാദേശിക സഭയുടെ സ്വാതന്ത്ര്യം, സ്വയം ഭരണം, സ്വാശ്രയത്വം, ഭരണത്തിലും ശുശ്രൂഷകളിലും വിശ്വാസികളുടെ പങ്കാളിത്തം, ശുശ്രൂഷകന്മാരുടെ ദൗത്യപരിശീലനം, തുടർമാന വിദ്യാഭ്യാസ പദ്ധതികൾ തുടങ്ങിയവ നടപ്പിലാക്കണം. ഒരു സഭാ വർഷം മൂന്ന് മിഷൻ സ്റ്റേഷൻ ആരംഭിക്കണമെന്ന് ഡിസ്ട്രിക്ടുകൾക്ക് കർശന നിർദ്ദേശം നല്കണം. ഹോം ചർച്ചുകൾ, പ്രയർ സെല്ലുകൾ ആരംഭിക്കണം. സിറ്റിസഭകളുടെ സൗകര്യങ്ങൾ ഉപയോഗിച്ച് ഗ്രാമങ്ങളിൽ സുവിശേഷ പ്രവർത്തനങ്ങൾ നടത്തണം. പ്രവാസി മലയാളികളുടെയും മറ്റും ഫണ്ടുകൾ മിഷൻ പ്രവർത്തനത്തിനു വഴിതിരിച്ചു വിടണം. ഭൂമി വാങ്ങികൂട്ടൽ, കെട്ടിടം പണി തുടങ്ങിയവ താല്കാലികമായി നിർത്തി വയ്ക്കുക. മിഷൻ സെമിനാറുകൾ സംഘടിപ്പിച്ച് സുവിശേകന്മാരെ സജ്ജമാക്കുക. ഇവാഞ്ചലിസം ഡിപ്പാർട്ട്മെന്റ് ഡിസ്ട്രിക്ടിലെ ഗോസ്പൽ ടീമുമായി ചേർന്ന് ഔട്ട് റിച്ച് സജീവമാക്കണം. സഭാസ്ഥാപനത്തിനും സുവിശേഷീകരണത്തിനുമായിരിക്കണം ഇനി മുഖ്യ അജണ്ട. ഡിസ്ട്രിക്ട് പാസ്റ്റർമാർ, ലോക്കൽ ശുശ്രൂഷകന്മാർ എന്നിവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തണം. മിഷൻ പ്രവർത്തനങ്ങൾ ഏകോപിപ്പാനും മോണിറ്ററിംഗ് നടത്താനും സ്ഥിരം സംവിധാനം ആവശ്യമാണ്. സിറ്റിമിഷൻ , റൂറൽമിഷൻ തുടങ്ങിയ പദ്ധതികൾ പുനർജീവിപ്പിക്കണം. വയനാട്, പാലക്കാട് എന്നീ ആദിവാസി മേഖലകളിലെ പ്രവർത്തനങ്ങൾ ശക്തമാക്കാൻ 'ട്രൈബൽ മിഷൻ' പദ്ധതി ആവിഷ്കരിക്കണം.

പടിഞ്ഞാറൻ സിദ്ധാന്തങ്ങളെ പുറം തള്ളി ഭാരതത്തിന്റെ സംസ്കാരം, സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ സാ

09

## റവ. കെ.സി. സണ്ണിക്കുട്ടി അമേരിക്കയിൽ



അമേരിക്കയിലെ ഒർലാൻഡോയിൽ നടക്കുന്ന 75-ാമത് ചർച്ച് ഓഫ് ഗോഡ് അന്തർദ്ദേശീയ അസംബ്ലിയിൽ പങ്കെടുക്കുന്നതിനുവേണ്ടി ചർച്ച് ഓഫ് ഗോഡ് കേരള റീജിയൺ എഡ്യുക്കേഷൻ ഡയറക്ടറും കൗൺസിലംഗവുമായ റവ. കെ.സി. സണ്ണിക്കുട്ടി അമേരിക്കയിൽ എത്തി. കേരള റീജിയന്റെ ഓവർസീയർമാരായ റവ. കെ.ജെ. ചാക്കോ, വൈ. ജോസഫ് എന്നിവരാണ് ഇതിനുമുമ്പ് ജനറൽ അസംബ്ലിയിൽ പങ്കെടുത്തിട്ടുള്ളത്. ഇവർക്കുപിന്നാലെ 24 വർഷങ്ങൾക്കുശേഷം അമേരിക്കയിലെത്തുന്ന വ്യക്തിയാണ് ഇദ്ദേഹം. ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെല്ലോഷിപ്പ് വൈസ് പ്രസിഡന്റുകൂടിയായ ഇദ്ദേഹം പ്രഭാഷകനും വേദാദ്ധ്യാപകനുമാണ്. **ഫോൺ: 407-223-2930**

## പ്രകാശനം ചെയ്തു



**തിരുവല്ല:** ലോകലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് സ്കൂൾ കുട്ടികൾക്കുവേണ്ടിയുള്ള പ്രത്യേക പോസ്റ്റർ പാസ്റ്റർ എബി പീറ്റർ, പാസ്റ്റർ തോമസ് എം പുളിവേലിന് നല്കികൊണ്ട് നിർവ്വഹിച്ചു. പാസ്റ്റർ ജിജി ചാക്കോ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ജോബി കെ. സി. സ്കൂൾതലത്തിൽ നടത്തേണ്ട ബോധവൽക്കരണത്തിന്റെ ആവശ്യകതയെക്കുറിച്ച് സംസാരിച്ചു. പാസ്റ്റർമാരായ ബിനു വടശ്ശേരിക്കര, അനിൽ ഇലന്തൂർ, ജോർജ് എ. ജി.ററി, ബാബു തോമസ് അങ്കമാലി എന്നിവർ പ്രസംഗിച്ചു.

## സി. എ. ക്യാമ്പ് നെയ്യാറിൽ

**തിരുവനന്തപുരം:** അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് യുവജന വിഭാഗമായ ക്രൈസ്റ്റ് അംബാസിഡേഴ്സ് വാർഷിക സമ്മേളനം സെപ്റ്റംബർ 8 മുതൽ 10 വരെ തിരുവനന്തപുരം നെയ്യാർ ഡാമിലുള്ള രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഡവലപ്മെന്റ് സ്റ്റഡീസിൽ നടക്കും. മാറ്റത്തിനായി എഴുന്നേൽക്കുക എന്നതാണ് മുഖ്യ ചിന്താവിഷയം. 8 ന് രാവിലെ 9 മണിക്ക് രജിസ്ട്രേഷൻ ആരംഭിക്കും. 10 ന് സഭാ കൗൺസിൽ സെക്രട്ടറി റവ. തോമസ് ഫിലിപ്പ് ഉദ്ഘാടനം ചെയ്യും. സി.എ. പ്രസിഡന്റ് പാസ്റ്റർ റോയിസൺ ജോണി അദ്ധ്യക്ഷത വഹിക്കുന്ന സമ്മേളനത്തിൽ പാസ്റ്റേഴ്സ് സുനിൽ ദാസ്, സത്യദാസ്, ഷിബു വി.ജെ., സാബു കുമാർ, ബ്രദർ അജേഷ് ബേബി, ബ്രദർ ജിനു വർഗീസ് എന്നിവർ പ്രസംഗിക്കും. കൽക്കട്ട അസംബ്ലീസ് ഓഫ് ഗോഡ് യൂത്ത് പാസ്റ്റർ റവ. ജേക്കബ് മാത്യു മുഖ്യാതിഥിയായി വിവിധ സെഷനുകൾക്ക് നേതൃത്വം നൽകും. സഭാ സൂപ്രണ്ട് റവ. ടി.ജെ.ശാമുവേൽ സമാപന സന്ദേശം നൽകും. വിവിധ സെഷനുകളിലായി സഭാ അസിസ്റ്റന്റ് സൂപ്രണ്ട് ഡോ. പി.എസ്. ഫിലിപ്പ്, സൗത്ത് ഇന്ത്യാ സെക്രട്ടറി ഐസക്ക് വി. മാത്യു, സഭാ ട്രഷറാർ റവ. യാഹ്ദത്ത് മണി, ഡോ. ഐസക്ക് ചെറിയാൻ, പാസ്റ്റേഴ്സ് സഖറിയ എബ്രഹം, എൻ. പീറ്റർ, സാം ഇളമ്പൽ, എൻ. ക്രിസ്തുദാസ്, സുവി.ഷാജൻ ജോൺ ഇടയ്ക്കാട് എന്നിവർ ക്ലാസ്സുകൾ നയിക്കും.

വിജ്ഞാനപ്രദമായ ക്ലാസുകൾ, ആത്മനിറവും വചന പരിജ്ഞാനവുമുള്ള പ്രസംഗകർ, സ്വർഗ്ഗം

04

## ഉപവാസ പ്രാർത്ഥനയും ഉണർവ്വ് യോഗവും സമാപിച്ചു



ഐ.പി.സി. കേരളാ സ്റ്റേറ്റ് പ്രെയർ & റിവൈവൽ ബോർഡിന്റെ ചുമതലയിൽ കൊട്ടാരക്കര കേരളാ തിയോളജിക്കൽ സെമിനാരിയിൽ വച്ച് മൂന്നു ദിവസത്തെ ഉപവാസപ്രാർത്ഥനയും, ഉണർവ്വ് യോഗവും നടന്നു. പാസ്റ്റർ ബെഞ്ചമിൻ വർഗ്ഗീസ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ കെ.സി. തോമസ്, രാജു പൂവക്കാല, വർഗ്ഗീസ് മത്തായി, ജോർജ്ജ് ദാനിയേൽ, ജോസ് കെ. ഏബ്രഹാം, ജിജി ചാക്കോ തേക്കുതോട്, കുഞ്ഞപ്പൻ സി. വർഗ്ഗീസ്, വി.എ. സണ്ണി, വർഗ്ഗീസ് ബേബി, രാജു ആനിക്കാട്, ടി. എം. തോമസ്, എഫ്. രാജൻ, ദാനിയേൽ ജോർജ്ജ്, ജോർജ്ജ് ഡേവിഡ്, ഐ. ജോൺസൺ എന്നിവർ ദൈവവചനം ശുശ്രൂഷിച്ചു.

ജനറൽ കൺവീനർ പാസ്റ്റർ വർഗീസ് മത്തായി; ജോയിന്റ് കൺവീനർമാരായ പാസ്റ്റർ ജോസ് കെ. ഏബ്രഹാം, പാസ്റ്റർ ജെയിംസ് അലക്സാണ്ടർ, ജെയിംസ് ജോർജ്ജ് വേങ്ങൂർ, ഡി. അലക്സാണ്ടർ, പി. വി. കുട്ടപ്പൻ, മോനി കരിക്കം; പ്രെയർ കൺവീനേഴ്സ് പാസ്റ്റർ എഫ്. രാജൻ, പാസ്റ്റർ രാജൻകുട്ടി ഏബ്രഹാം, പാസ്റ്റർ അലക്സ് വർഗീസ്, പാസ്റ്റർ ജിജി ജോർജ്ജ്; പബ്ലിസിറ്റി കൺവീനേഴ്സ് പാസ്റ്റർ ബിജു എം., പാസ്റ്റർ ജോസ് പണിക്കർ (സംഗീതം); ഫിനാൻസ് പാസ്റ്റർ പി.എം. തോമസ്, മോനി കരിക്കം; വോളന്റിയേഴ്സ് പാസ്റ്റർ കെ. ഷാജി, പാസ്റ്റർ ബി. ആൽബർട്ട്, പാസ്റ്റർ സാന്റി മാത്യു; പ്രോഗ്രം പെയർ ബോർഡ് എക്സിക്യൂട്ടീവ് & പാസ്റ്റർ വർഗീസ് മത്തായി, പാസ്റ്റർ തോമസ് മാത്യു, ജെയിംസ് ജോർജ്ജ് വേങ്ങൂർ എന്നിവർ പ്രവർത്തിച്ചു.

## നിയമിതരായി



പാസ്റ്റർ ബിനു ചെറിയാൻ



പാസ്റ്റർ റോബിൻ സി. റോയി

ഇന്ത്യാ ദൈവസഭ കേരളാ സ്റ്റേറ്റ് വൈ. പി. ഇ പബ്ലിസിറ്റി കൺവീനറായി പാസ്റ്റർ ബിനു ചെറിയാനെയും ഇന്ത്യാ ദൈവസഭ കേരളാ സ്റ്റേറ്റ് വൈ. പി. ഇ പ്രോഗ്രാം കോർഡിനേറ്ററായി പാസ്റ്റർ റോബിൻ സി. റോയിയെയും തെരഞ്ഞെടുത്തു.

## കിറ്റ് വിതരണം

**എറണാകുളം:** ഐ.പി.സി. സെന്റർ ചാരിറ്റി ബോർഡിന്റെ നേതൃത്വത്തിൽ തീരദേശങ്ങളിൽ വസിക്കുന്ന സാമ്പത്തിക ഞെരുക്കം അനുഭവിക്കുന്ന 152 കുടുംബങ്ങൾക്ക് 1200/- രൂപയുടെ ഭക്ഷ്യധാന്യ കിറ്റ് വിതരണം നടത്തി. സെന്റെർ ശുശ്രൂഷകൻ പാസ്റ്റർ കെ.സി.ശമുവേൽ ഉദ്ഘാടനം ചെയ്തു. ചാരിറ്റി ബോർഡ് കൺവീനർ റ്റി.സി. കുര്യൻ അദ്ധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് പാസ്റ്റർ ജോൺ റ്റി.മാത്യു, സെക്രട്ടറി പാസ്റ്റർ കെ.എസ്. സണ്ണി, ട്രഷറർ സാബു ഡേവിഡ് തുടങ്ങിയവർ നേതൃത്വം നൽകി.

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.